# ക്രൈസ്തവ കാഹളം

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'



ഫെബ്രുവരി 21-ം 22-ം തീയതികളിൽ കൂദാശചെയ്യുന്ന

**സെൻറ് മേരീസ് ഭദ്രാസനദൈവാലയം**

Vol. XXIV. 1965 February No. 2.

വരിസംഖ്യ മുൻകൂർ 2ക. 50 സ.
വിദേശങ്ങളിൽ 3ക. 50 സ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | പേജ് |
|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | 31 |
| 2. | ആർച്ചുബിഷപ്പ് തിരുമനസ്സിലെ കല്പന | 33 |
| 3. | ആധുനികലോകം സുന്നഹദോസിൻെറ കാഴ്ചപ്പാടിൽ (ഒ. അയ്യനേത്ത്) | 35 |
| 4. | ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് (റവ. ഫാ. തോമസ് ഇഞ്ചയ്ക്കലോടി) | 40 |
| 5. | ചോദ്യോത്തരപംക്തി (J. G.) | 42 |
| 6. | നാക്കേദാർ—ദേവാനന്ദ് S. V. D. | 45 |
| 7. | വേദപുസ്തകം (വ. ദി. ശ്രീ. ചേപ്പാട്ട പീലിപ്പോസ് റമ്പാൻ) | 47 |
| 8. | അപ്പസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും (മോൺ. തോമസ് വടക്കേരി എൽ. ഡി) | 52 |
| 9. | 1964-ലെ മിഷ്യൻസൺഡേ പിരിവ് (തിരുവനന്തപുരം അതിരൂപത) | 53 |
| 10. | കത്തോലിക്കാസഭ ഇൻഡ്യയിൽ | 57 |
| 11. | "അവർ വഞ്ചകർ" (ചെറുകഥ) കെ. ജോൺ ഓമല്ലൂർ | 58 |
| 12. | ധ്യാനചിന്തകൾ (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ) | 62 |
| 13. | കർദ്ദിനാൾ സ്ലിപ്പെയുടെ മോചനം 'J. G.) | 64 |
| 14. | റീത്തുകളും ക്രൈസ്തവൈക്യവും (ഫാ. ജേക്കബ് ഒ. ഐ. സി) | 66 |
| 15. | വാർത്തകൾ (കവർ) | 67 |



## പരസ്യം

തിരുവനന്തപുരം സെൻറ് മേരീസ് ഭദ്രാസന ദൈവാലയത്തിൻെറ കൂദാശയും കത്തോലിക്ക പ്രസിദ്ധീകരണ (ഫെബ്രുവരി) മാസവും പ്രമാണിച്ച് (1) ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് (ഒന്നാം ഭാഗം) (2) വിശ്വാസദീപം എന്നീ പുസ്തകങ്ങൾ ഫെബ്രുവരി 28 വരെ പകുതി വിലയ്ക്കു കൊടുക്കുന്നതാകുന്നു.

ക്രൈസ്തവകാഹളത്തിലെയും സത്യദീപത്തിലെയും പരസ്യം അനുസരിച്ചു ജനുവരി 31 വരെ "ക്രിസ്തുനാഥൻ" (അച്ചടിയിൽ) എന്ന പുസ്തകത്തിനു മുൻകൂർ വിലയായി 3 രൂപാവീതം അയച്ചുതന്നവർക്കു മാർച്ച 31-നു മുമ്പു പുസ്തകം അയച്ചുകൊടുക്കുന്നതായിരിക്കും. സൗജന്യ വിലയ്ക്കു ഇനി ഓർഡറുകൾ സ്വീകരിക്കുന്നതല്ല.

പുസ്തകത്തിൻെറ വില 5 00

എല്ലാവർക്കും നന്ദി.

മാനേജർ
സെൻറ് മേരീസ് പ്രസ്
പട്ടം തിരുവനന്തപുരം.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor.

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

പുസ്തകം 24. | ഫെബ്രുവരി 1965. | ലക്കം 2.

## പത്രാധിപക്കുറിപ്പുകൾ

### ഐക്യത്തിന്റെ വിളിയും പ്രതിബന്ധങ്ങളും

സന്മനസ്സുള്ള ഏവരെയും സന്തോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ് വിവിധ ക്രിസ്തീയ സഭകളിൽ വളർന്നുവരുന്ന ഐക്യത്തിനുള്ള അഭിനിവേശം. ഈ അഭിനിവേശത്തിന്റെ ഒരു ശക്തീകരണമായിരുന്നു മാർപ്പാപ്പാതിരുമേനിയുടെ ഇന്ത്യാസന്ദർശനം എന്നു പറയാം. കഴിഞ്ഞമാസത്തിൽ ആഡിസ് അബാബയിൽ നടത്തപ്പെട്ട "ചെറിയ" പൗരസ്ത്യസഭകളുടെ ഉന്നതതല സമ്മേളനവും ഐക്യത്തിന്റെ പാതയിലെ മറ്റൊരു കാൽവയ്പായിരുന്നു. കൽക്കദോൻ സൂന്നഹദോസ് സ്വീകരിക്കാതെ മാറിനിന്ന എത്യോപ്യൻ, കോപ്റ്റിക്, അർമ്മീനിയൻ, സിറിയൻ ഓർത്തഡോക്സ്, എന്നീ സഭകളുടെ പ്രതിനിധികളാണ് ആ സമ്മേളനത്തിൽ പങ്കുകൊണ്ടതു്. കൽക്കദോൻ വിശ്വാസികളായ "വലിയ" ഓർത്തഡോക്സ് സഭകളോടുള്ള ഐക്യം വളർത്തുന്നതിനും കത്തോലിക്കാസഭയോടു് സംഭാഷണം നടത്തുന്നതിനും ആഡിസ് അബാബാ സമ്മേളനം തീരുമാനിച്ചതായി റിപ്പോർട്ടുകൾ കണ്ടു. കേരളത്തിലും ഐക്യത്തിന്റെ കാറ്റു് ആഞ്ഞടിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. പ്രധാനമായും കുരിശുമല ആശ്രമത്തിന്റെ സൽപ്രേരണയിലാരംഭിച്ച ഐക്യസമ്മേളനങ്ങളും ചർച്ചകളും ഇന്നു കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലേയ്ക്കു വ്യാപിക്കുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തീയ ഐക്യത്തിനായുള്ള അഷ്ടദിനപ്രാർത്ഥനയിൽ വിവിധ സഭകളുടെ സഹകരണം വികസിച്ചുവരികയും ചെയ്യുന്നു. ഈ ചലനങ്ങളെല്ലാം തികച്ചും സ്വാഗതാർഹങ്ങളത്രെ.

എന്നാൽ, ഐക്യത്തിന്റെ പാത ഇനിയും വളരെയധികം നിരപ്പാക്കേണ്ടിയിരിക്കുന്നു എന്നും, വലിയ സംഭവങ്ങളും ചെറിയ മനസ്സുകളും തമ്മിൽ പൊരുത്തക്കേടുണ്ടാകുമെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പലതും അങ്ങിങ്ങായി കാണാനുണ്ടു്. അടുത്തയിട ഒരു സഭാമാസിക ഐക്യത്തിനുള്ള ഒരു കുറുക്കുവഴി നിർദ്ദേശിക്കുകയുണ്ടായി. "വി അന്ത്രയോസിന്റെ തലയോട്ടി ഗ്രീസിലേക്കു തിരിച്ചുകൊടുത്തതുപോലെ ഞങ്ങളുടെ ജനങ്ങളെ തിരിച്ചു തരണം" എന്നായിരുന്നു അവരുടെ നിർദ്ദേശം! സഭാതലവനു് കൊടുക്കുകയും വാങ്ങുകയും ചെയ്യാവുന്ന ജംഗമസാധനങ്ങളാണോ ദൈവത്തിന്റെ ജനം? ഇന്ത്യയിലും മദ്ധ്യപൂർവ്വദേശത്തുമുള്ള എല്ലാ ക്രിസ്ത്യാനികളും കേരളത്തിലുള്ള തങ്ങളുടെ സഭാതലവന്റെ കീഴിൽ വരേണ്ടതാണെന്നും മേൽപ്പറഞ്ഞ സഭാമാസികയ്ക്കു് അഭിപ്രായമുണ്ടു്. (തങ്ങളുടെ അവകാശം ഇന്ത്യയിലും മദ്ധ്യപൂർവ്വ

ദേശത്തുമായി ഒത്തുതീനിത്തിയതു് ഒരു വെറിയ കരുണയാണെന്നു പറയാം!) എന്തും ആഗ്രഹിക്കാൻ ആക്കും സ്വാതന്ത്ര്യമുണ്ടു്. എന്നാൽ, ക്രിസ്തീയ സഭാചരിത്രത്തോടും പാരമ്പര്യത്തോടും ഒരു ബന്ധവുമില്ലാത്ത ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നതുവഴിയായി ക്രിസ്തീയ ഐക്യത്തെ വളർത്തുവാൻ സാധിക്കുമോ എന്നു സംശയമാണു്.

വത്തിക്കാൻ സൂന്നഹദോസ് മുഖാന്തിരമായി കത്തോലിക്കാസഭയിൽ നവചൈതന്യത്തിന്റെ അലകൾ അടിച്ചുതുടങ്ങിയിരിക്കുന്നതു സ്വാഗതാർഹമാണു് എന്നും മററും സന്തോഷപൂർവ്വം പ്രസംഗിക്കുന്ന പല അകത്തോലിക്കാ നേതാക്കന്മാരും അവരുടെ സഭകളിൽ ആവശ്യമായിരിക്കുന്ന വ്യതിയാനങ്ങളെപ്പററി അധികമൊന്നും ഉറക്കെ ചിന്തിക്കാറില്ലെന്നു തോന്നുന്നു. അതുപോരാ, എല്ലാവരും ആത്മശോധനയ്ക്കു തയ്യാറായേ മതിയാവൂ. ഉദാഹരണമായി, പുരാതന സഭയിൽ പാത്രിയർക്കീസന്മാർക്കുണ്ടായിരുന്ന അധികാരാവകാശങ്ങൾ മാർപ്പാപ്പായുടെ സ്ഥാനവലിപ്പംമൂലം ഇല്ലായ്മ ചെയ്തിട്ടുണ്ടോ എന്നു കത്തോലിക്കാസഭ സ്വയം പരിശോധന നടത്തുമ്പോൾ, പ്രധാന തലവനായ റോമാ പാത്രിയർക്കീസിന്റെ സ്ഥാനത്തെ തങ്ങൾ അവഗണിച്ചുവോ എന്നു് ഓർത്തഡോക്സ് സഭകളും സ്വയം പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ മാർത്തോമാ സഭപോലുള്ള ഇതര സഭകൾ അവർ ഉപേക്ഷിച്ചുകളഞ്ഞ ചില വിശ്വാസാചാരങ്ങൾ വീണ്ടും പഠിക്കുന്നതിനു സന്നദ്ധരായേ പററൂ. അബ്രഹാം മല്പാനോ മററു നേതാക്കന്മാരോ നൽകിയിട്ടുള്ള അടിസ്ഥാനങ്ങൾക്കു് അപ്രമാദിത്വമുണ്ടെന്നോ അവ ഒരിക്കലും മാററാൻ പാടില്ലെന്നോ ഭാവിക്കുന്നതു് ക്രിസ്തീയ ഐക്യത്തിന്റെ ഗതിക്കു് വേഗത കൂട്ടുകയില്ല. വിശ്വാസ വ്യതിയാനങ്ങൾ നിസ്സാരമായി കരുതുന്നതു ശരിയല്ല, അവയെപ്പററി ശരിയായി പഠിക്കുന്നതിനുള്ള സന്നദ്ധതയാണാവശ്യം. കേരളത്തിലെ ഐക്യപ്രവർത്തനങ്ങളുടെ ഒരു പ്രധാന പരിപാടിയായി വിശ്വാസപഠനം വളർന്നുവരുമെന്നു പ്രത്യാശിക്കുന്നു.

## ആസന്നമായ പൊതുതിരഞ്ഞെടുപ്പു്.

കേരളത്തിലെ ഈശ്വരവിശ്വാസികളും ജനാധിപത്യ വിശ്വാസികളുമായ ജനങ്ങൾ പിന്താങ്ങുന്ന രാഷ്ട്രീയ പാർട്ടികൾ പ്രകടമായ അനൈക്യത്തോടെയാണു് അടുത്ത തിരഞ്ഞെടുപ്പിനെ നേരിടുന്നതു് എന്നുള്ളതു ഖേദകരംതന്നെ, ആരുടെ കുററം കൊണ്ടാണു് ഇതു സംഭവിച്ചതെന്നു് വിശകലനം ചെയ്യുന്നതുകൊണ്ടു് ഇപ്പോൾ വലിയ പ്രയോജനമുണ്ടാകാനിടയില്ല. ജനാധിപത്യകക്ഷികളുടെ വോട്ടുകൾ ശിഥിലമാകുന്നതുമൂലം രാജ്യത്തിന്റെയും മതത്തിന്റെയും വിരോധികൾ തിരഞ്ഞെടുക്കപ്പെടാവുന്ന പരിതസ്ഥിതി കേരളത്തിലെ പല നിയോജകമണ്ഡലങ്ങളിലുമുണ്ടു്. പാർട്ടി നേതാക്കന്മാർ രാഷ്ട്രീയ വിവേകം കാണിക്കാതെ വരുത്തിവച്ച ഈ സ്ഥിതി വിശേഷത്തെ വോട്ടറന്മാരായ സാമാന്യജനങ്ങൾ വിവേകപൂർവ്വം നേരിടും എന്നു പ്രത്യാശിക്കുകയല്ലാതെ മാർഗ്ഗമില്ല. ഓരോ നിയോജകമണ്ഡലത്തിലും വിജയസാദ്ധ്യത താരതമ്യേന കൂടുതലുണ്ടെന്നു വ്യക്തമായി കാണുന്ന ജനാധിപത്യകക്ഷികളിൽപെട്ട സ്ഥാനാർത്ഥിയെ പിന്താങ്ങേണ്ടതു് ഇന്നത്തെ ചരിത്രപരമായ ആവശ്യമാണെന്നു തോന്നുന്നു. പൊള്ളയായ അവകാശവാദങ്ങൾ വിഴുങ്ങാതെ, ബുദ്ധിപൂർവ്വം ആലോചിച്ചുവേണം സ്ഥാനാർത്ഥികളുടെ വിജയസാദ്ധ്യതകൾ മുൻകൂട്ടി നിർണ്ണയിക്കുവാൻ. ഇപ്പോൾ ഭിന്നിച്ചു നില്ക്കുന്ന ജനാധിപത്യകക്ഷികൾക്കു മൊത്തത്തിൽ ഭൂരിപക്ഷം ലഭിച്ചാൽ അവരുടെ രാഷ്ട്രീയ ഐക്യത്തിനുള്ള സാദ്ധ്യതകൾ വീണ്ടും തെളിയാതിരിക്കുകയില്ല.

സജീവ രാഷ്ട്രീയത്തിൽനിന്നു് അല്പം അകന്നുനില്ക്കുന്നവർക്കാണു് സമചിത്തതയോടെ രാഷ്ട്രീയ അഭിപ്രായം പറയാൻ പലപ്പോഴും സാധിക്കുന്നതു്, കേരളത്തിലെ ബിഷപ്പന്മാരുടെ, ഐക്യത്തിനുള്ള ആഹ്വാനം സമചിത്തതയുടെയും ദീർഘദൃഷ്ടിയുടെയും ഫലമായിരുന്നു. നിർഭാഗ്യവശാൽ കോൺഗ്രസ്

(ശേഷം 70-ാം പേജിൽ)

# ആർച്ചുബിഷപ്പ് തിരുമനസ്സിലെ കല്പന

നമ്മുടെ അതിഭദ്രാസനം സ്ഥാപിച്ചിട്ടു മുപ്പതിലധികം വർഷമായെങ്കിലും ഇതുവരെയും സ്ഥിരമായ ഒരു ഭദ്രാസനദൈവാലയം നമുക്കുണ്ടായില്ലെന്നുള്ളത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. "താല്ക്കാലിക കൂടാരം" പോലെ ഒരു ക്രമീകരണമായിരുന്നു ഇത്രയും കാലം ഉണ്ടായിരുന്നത്. ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് 1950-ൽ സ്ഥിരമായ ഒരു ഭദ്രാസനദൈവാലയത്തിനു ആരംഭമിട്ടു. പ്രാരംഭപണികൾ പൂർത്തിയാക്കി ആ അടിസ്ഥാനത്തിൽ പണിതുണ്ടാക്കിയ താല്ക്കാലിക കെട്ടിടത്തിൽ തിരുമനസ്സുകൊണ്ട് തന്നെ ദിവ്യബലിയർപ്പിക്കുകയും നമ്മെ വൈദികാദ്ധ്യക്ഷസ്ഥാനത്തേക്കു അഭിഷേകിക്കുകയും ചെയ്യുകയുണ്ടായി. ഏതാനും മാസങ്ങൾക്കുശേഷം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ നീതിമാന്മാരുടെ ഉയിർപ്പു പ്രതീക്ഷിച്ചു അദ്ദേഹം ആരംഭിച്ച ഈ പുതിയ ഭദ്രാസനദൈവാലയത്തിന്റെ അന്തർഭാഗത്തു വിശ്രമിക്കുന്നു. ദൈവം തിരുമനസ്സിലെ ആത്മാവിനു നിത്യശാന്തി നൽകട്ടെ.

ഭദ്രാസനദൈവാലയം പൂർത്തിയാക്കുന്ന വേലയിൽ നാം കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി വ്യാപൃതനായിരുന്നു. ഭദ്രാസനദൈവാലയത്തിന്റെ പണി ഇത്രയും കാലം ദീർഘിക്കുന്നതിനുള്ള സാഹചര്യങ്ങൾ നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. ദൈവാനുഗ്രഹത്താൽ പണി ഇപ്പോൾ പൂർത്തിയായി എന്നറിയിക്കുവാൻ നമുക്കു സന്തോഷമുണ്ട്. നമ്മുടെ അതിഭദ്രാസനത്തെ സംബന്ധിച്ചിടത്തോളം ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ സർവ്വപ്രധാനമായ ഒരു സംഭവമാണ്. ഈയവസരത്തിൽ, ഇപ്രകാരം ഒരു ദൈവാലയത്തിന്റെ ആവശ്യത്തെപ്പററിയും പ്രയോജനത്തെപ്പററിയും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുന്നതിനു നാം ആഗ്രഹിക്കുന്നു.

മനുഷ്യജീവിതത്തിന്റെ സർവ്വപ്രധാനമായ അന്ത്യം ദൈവാരാധനയാണ്. ഓരോ മനുഷ്യനും തനിച്ചു ദൈവത്തെ ആരാധിക്കുന്നതു കൂടാതെ മനുഷ്യർ സമൂഹമായും ദൈവത്തിനു ആരാധന അർപ്പിക്കേണ്ടതാണ്. "നീയോ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ പ്രവേശിച്ചു വാതിലടച്ചു രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക" (മത്തായി 6. 6) എന്നരുൾചെയ്ത മ്ശിഹാതന്നെ വാഗ്ദാനം ചെയ്യുകയാണ്: "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്തു അവരുടെ മദ്ധ്യേ ഞാനുണ്ട്" (മത്തായി 8 20). ക്രൈസ്തവസഭയുടെ ആദിമവർഷങ്ങളിൽ പരസ്യാരാധന ഭവനങ്ങളിൽ വച്ചാണ് നടത്തിയിരുന്നത്. ക്രിസ്തീയസഭയ്ക്കു സ്വാതന്ത്ര്യം ലഭിച്ചതോടുകൂടിയാണ് ദൈവാലയങ്ങൾ പണിയുവാൻ ആരംഭിച്ചത്. ആരാധനയ്ക്കു ഒരുമിച്ചുകൂടുന്ന സ്ഥലമായിട്ടു മാത്രമല്ല ദൈവാലയങ്ങൾ കരുതേണ്ടത്. അവയുടെ പണിതന്നെ ദൈവാരാധനയുടെ ഒരു ഭാഗമായി എന്നും കരുതപ്പെടുന്നുണ്ട്. തന്മൂലമാണ് ഉദാരമായ സംഭാവനകൾ കൊണ്ടും ക്ലേശപൂർണ്ണമായ പ്രയത്നം കൊണ്ടും ദൈവാലയങ്ങൾ ഭംഗിപിടിപ്പിക്കുന്നതിനും അലങ്കരിക്കുന്നതിനും എക്കാലത്തും വിശ്വാസികൾ താല്പര്യപ്പെട്ടിട്ടുള്ളത്. യറുശലേം ദൈവാലയം പണിയുന്നതിനു ദൈവം തന്നെ നല്കിയ നിർദ്ദേശങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. ക്രൈസ്തവലോകത്തുള്ള പല ദൈവാലയങ്ങളും കലാശില്പത്തിന്റെ ഏററം ശ്രേഷ്ഠമായ മാതൃകകളാണ്. ജസ്റ്റീനിയൻ ചക്രവർത്തി കുസ്തന്തീനോസ് പോലീസിൽ പണിയിച്ച ഹാഗിയ സോഫിയ (വിശുദ്ധ വിജ്ഞാനം) മനുഷ്യൻ നിർമ്മിച്ചിട്ടുള്ളതിൽ ഏററം മനോജ്ഞമായ ഒരു കലാശില്പമായിരുന്നു. ഫ്രാൻസിലെ നോട്ടർഡാം, റോമിലെ സെൻറ് പീറേറഴ്സ് ഇവ മനുഷ്യകരങ്ങൾ നിർമ്മിച്ചിട്ടുള്ള ഏററം മനോഹരങ്ങളായ ശില്പവേലകളിൽ ഉൾപ്പെടുന്നു.

ക്രൈസ്തവ ദൈവാലയത്തിന്റെ വേറൊരു വൈശിഷ്ട്യം അതു "ദൈവത്തിന്റെ ജന"മായ

ജീവനുള്ള ദൈവാലയത്തിന്റെ അതായത്, സഭയുടെ, അടയാളമാണെന്നുള്ളതത്രേ. ദൈവപരിപാലന സഭയെ സർവ്വപ്രധാനമായി ദൈവത്തിന്റെ ജനമായിട്ടാണ് ഇന്ന് മനസ്സിലാക്കിത്തരുന്നത്. ഈ ചിന്ത ദൈവാലയത്തെയും അതിൽ നടക്കുന്ന ദൈവാരാധനയേയും എപ്രകാരം സ്പർശിക്കുന്നുവെന്നുള്ളതിനെപ്പറ്റി കുറച്ചൊന്നു പ്രതിപാദിക്കുവാൻ നാം ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. പുതിയ ഉടമ്പടി മൂലം ഒരു ജനത്തെ തനിക്കായി രൂപീകരിക്കുന്നതിന് പ്രാരംഭമായി ദൈവം ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തു. എന്നാൽ ദൈവത്തിന്റെ വിളി ഇസ്രായേൽക്കാർക്കു മാത്രമുള്ളതായിരുന്നില്ല "നീ മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യമായി പുരോഹിതനായിരിക്കും". (സങ്കീ. 109/4) എന്നുള്ള പ്രവചനം ക്രിസ്തു യഹൂദജനത്തിന്റെ മാത്രമല്ല സർവ്വ മനുഷ്യരുടെയും രക്ഷകനും എല്ലാ മനുഷ്യർക്കും വേണ്ടി പൗരോഹിത്യം അനുഷ്ഠിക്കുന്നവനുമാകുന്നുവെന്ന് നമുക്കു കാണിച്ചുതരുന്നു. മനുഷ്യരെ തമ്മിൽ വേർപെടുത്തുന്ന ഭിത്തികളെയെല്ലാം തകർത്തു കൊണ്ടു ക്രിസ്തു എല്ലാവരെയും ഒന്നിപ്പിക്കുകയും നമ്മുടെ സമാധാനമായിത്തീരുകയും ചെയ്തു. (എഫേ. 2/14.) സകല വ്യത്യാസങ്ങളെയും അവഗണിച്ചു ആദിമക്രിസ്ത്യാനികൾ പരിപൂർണ്ണ ഐക്യത്തിലും സ്നേഹത്തിലും ജീവിച്ചുവന്നു. അവരുടെ ജീവിതത്തെ ഈ വാക്കുകളിൽ സംക്ഷേപിക്കുവാൻ കഴിയും: "അവർ ശ്ലീഹന്മാരുടെ ഉപദേശത്തിലും പ്രാർത്ഥനയിലും അപ്പം മുറിക്കുന്നതിലുള്ള കൂട്ടായ്മയിലും സ്ഥിരപ്പെട്ടിരുന്നു" (നടപടി. 2/42.) സാമൂഹ്യജീവിതത്തിന് ക്രൈസ്തവസഭയിൽ ആരംഭം മുതൽ സർവ്വപ്രധാനമായ ഒരു സ്ഥാനമാണുണ്ടായിരുന്നതെന്ന് ഇതിൽനിന്നു ഗ്രഹിക്കാം. അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് തന്റെ എഴുത്തുകളിൽ പലപ്രാവശ്യം ഇതു ആവർത്തിച്ചു പറയുന്നുണ്ട്. സ്മിർണായിലുള്ള ക്രിസ്ത്യാനികൾക്ക് അദ്ദേഹം ഇപ്രകാരം എഴുതുന്നു: "യേശുക്രിസ്തു തന്റെ പിതാവിന്റെ നടത്തിപ്പിനു വഴങ്ങിയതുപോലെ നിങ്ങൾ മെത്രാന്റെ നടത്തിപ്പിനു വഴങ്ങണം......യാതൊരുവനും സഭയെ സംബന്ധിക്കുന്ന ഒന്നിലും മെത്രാനെക്കൂടാതെ യാതൊന്നും ചെയ്യരുത്. മെത്രാനോ മെത്രാൻ നിയമിച്ചിരിക്കുന്ന ആരെങ്കിലുമോ നടത്തുന്ന വി. കുർബാനാഘോഷം മാത്രം വാസ്തവമായി നിങ്ങൾ കരുതണം. യേശുക്രിസ്തു എവിടെയുണ്ടോ അവിടെ കത്തോലിക്കാസഭയായിരിക്കുന്നു. അതുപോലെ മെത്രാൻ എവിടെയോ അവിടെ ജനവും ആയിരിക്കട്ടെ. മെത്രാൻ അധികാരപ്പെടുത്താതെ യാതൊരുവനും സ്നാനപ്പെടുത്തുന്നതിനോ സ്നേഹഭോജനം നടത്തുന്നതിനോ അനുവാദമില്ല. മെത്രാൻ എന്തംഗീകരിക്കുന്നുവോ അതു ദൈവത്തിനു പ്രീതികരമാകുന്നു".

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരമുള്ള ക്രിസ്തീയ കൂട്ടായ്മയെപററി സവിസ്തരമായി പ്രതിപാദിക്കുന്നുണ്ട്. സൂനഹദോസിന്റെ ഉപദേശപ്രകാരം യേശുക്രിസ്തു സഭയെ വിശ്വാസത്തിന്റെയും ശരണത്തിന്റെയും ഒരു സമൂഹമായി ദൃശ്യമായ അടയാളങ്ങളോടുകൂടി സ്ഥാപിച്ചിരിക്കുന്നു. ദൈവത്തിന്റെ ഈ പുതിയ ജനം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ ഭാഗഭാക്കുകളാണ്. "നിങ്ങൾ രാജകീയ ആചാര്യത്വം നിർവ്വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട ഗണവുമാകുന്നു. (1. വി. പത്രോ 2-9) സാധാരണ വിശ്വാസികളും വൈദികരും വിവിധ രീതിയിലെങ്കിലും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരായിരിക്കുന്നതുകൊണ്ട് എല്ലാവരും വി. കുർബാനയുടെ അർപ്പണത്തിൽ പങ്കുവഹിക്കുന്നവരാണ്. മററു കൂദാശകളുടെ അനുഷ്ഠാനത്തിലും പ്രാർത്ഥനയിലും ഒരു വിശുദ്ധ ജീവിതത്തിന്റെ സാക്ഷിത്വത്തിലും സ്വയത്യാഗത്തിലും സ്നേഹപ്രവൃത്തികളിലുംകൂടി ഈ പൗരോഹിത്യം അവർ പ്രായോഗികമാക്കുന്നു. എല്ലാ മനുഷ്യരും ദൈവജനത്തിന്റെ സാർവ്വത്രികമായ ഈ ഐക്യത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ബാഹ്യമായി ഈ സമൂഹത്തെ ബന്ധിക്കുന്ന ശൃംഖലകൾ വിശ്വാസപ്രഖ്യാപനവും കൂദാശകളും സഭയിലെ അധികാരവും പരസ്പരമുള്ള കൂട്ടായ്മയുമാണ്. നാൾതോറും വളരുന്ന

(ശേഷം 60-ാം പേജിൽ)

# ആധുനികലോകം സുന്നഹദോസിന്റെ കാഴ്ചപ്പാടിൽ

(ഒ. അയ്യനേത്ത്)

III

(തുടർച്ച)

പുരോഗതിയെപ്പററിയുള്ള ആധുനികമനുഷ്യന്റെ പ്രതീക്ഷകൾ ഇന്നൊരു മിഥ്യയായിത്തീർന്നിരിക്കുന്നു; പ്രത്യേകിച്ചു രണ്ടു മഹായുദ്ധങ്ങൾ കഴിഞ്ഞപ്പോൾ. ശാസ്ത്രത്തിന്റെ അപ്രമാദിത്വത്തെപ്പററിയും വൈജ്ഞാനിക സർവശക്തിത്വത്തെപ്പററിയുമുള്ള സങ്കല്പങ്ങളെല്ലാം തകർന്നിരിക്കയാണ്. ശാസ്ത്രം വളരുന്നതനുസരിച്ച് മനുഷ്യന്റെ വൈജ്ഞാനികമായ പാപ്പരത്തവും തനിക്കുതാൻ പോരിമയിലുള്ള പോരായ്മകളും കൂടുതൽ കൂടുതൽ ബോധ്യമായിവരികയാണ്. ലോകത്തെ മുഴുവൻ ഭസ്മസാൽക്കരിക്കത്തക്ക മാരകായുധങ്ങളുടെ നിർമ്മാണത്വരയിലാണിന്നു മനുഷ്യൻ. അവൻ ഇന്നു സ്വന്തവാളാൽ സ്വയം വെട്ടിമരിക്കാൻ തുടങ്ങുകയാണ്.

ആരാണ് യുദ്ധം അരുതേ, ആയുധനിർമ്മാണം അരുതേ, അനീതികാട്ടരുതേ, അധർമ്മം പ്രവർത്തിക്കരുതേ എന്നൊക്കെ പറയാൻ? ആരുപറഞ്ഞാലാണ് ആധുനികമനുഷ്യൻ ചെവികൊടുക്കുക? ദൈവത്തിലുള്ള വിശ്വാസം അവനില്ല. മനുഷ്യനിലുള്ള കാര്യം പറകയേവേണ്ട. തന്നിൽത്തന്നെ വല്ലതുമുണ്ടോ, അവനെ നിയന്ത്രിക്കാൻ, യുക്തിബോധമോ, അന്തക്കരണമോ മററോ? ഒന്നിലും അവനിന്നു തന്റെ വിശ്വാസം അർപ്പിക്കുന്നില്ല. അവന്റെ സമനില തെററിയിരിക്കയാണ്. ഭ്രാന്തുകാണിക്കുന്നിടത്തോളം എത്തിയിരിക്കുകയാണ്, ഇന്ന് ആധുനികമനുഷ്യൻ.

ഇപ്പറഞ്ഞതു് ആധുനികമനുഷ്യന്റെ ഒരു വശത്തെപ്പററിയാണ്. മറെറാരുവശം ഇതാണ്. മനുഷ്യന്റെ ജീവിതത്തെ പരിവേഷം ചെയ്തു നില്ക്കുന്ന അതിഗംഭീരമായ പ്രശ്നങ്ങൾക്കു—മനുഷ്യൻ എവിടെ നിന്നു വന്നു; എവിടേക്കു പോകുന്നു; എങ്ങനെ ജീവിക്കണം, എന്നീ പ്രശ്നങ്ങൾക്കു മതം കൊടുക്കുന്നതുപോലെ സമഗ്രമായ രീതിയിൽ ഒരുത്തരം കൊടുക്കാൻ മതത്തിൽ നിന്നും മനുഷ്യനെ വിളിച്ചിറക്കിക്കൊണ്ടുപോയ യുക്തിവാദത്തിനും അതിന്റെ ജാരസന്താനങ്ങളായ സന്ദേഹവാദത്തിനും (Skepticism) അജ്ഞേയവാദത്തിനും (Agnosticism) കെല്പില്ലാതെ വന്നു. ഫലമോ? മനുഷ്യൻ അവിടെയും നില്ക്കാതെ വന്നു. അവനിങ്ങനെ പ്രശ്നങ്ങൾക്കു തീർത്തുത്തരം തരാൻ കഴിയാത്ത ഒരു പ്രസ്ഥാനത്തിലും നില്ക്കുക പ്രയാസമായി തോന്നി. ഇതവന്റെ മൗലിക സ്വഭാവമാണ്. അവനു സുനിശ്ചിതമായ വിധം പ്രത്യയ ശാസ്ത്രപരമായി ഒരു ജീവിതതത്വസംഹിത വേണം. അവയെ വിശ്വാസം എന്നു തന്നെ പറഞ്ഞോളു. ആ വിശ്വാസത്തിൽ മുറുകെപ്പിടിച്ച് അവനു ജീവിക്കണം. ആ പ്രത്യയശാസ്ത്രത്തിന്റെ അത്താണിയിൽ തന്റെ ജീവിതപ്രശ്നങ്ങളുടെ ചുമടിറക്കിവച്ച് അവനു സ്വസ്ഥമായിരുന്നു നിശ്വസിക്കണം; ഹൃദയത്തിന്റെ അസ്വസ്ഥതകൾ മാററി, ഞരമ്പിന്റെ പിരിമുറുക്കങ്ങളയച്ച് അവനു സുഖസുഷുപ്തികൊള്ളണം. മതം ഇത്തരം ഒരു സ്വാസ്ഥ്യം അവനു കൊടുത്തേനെ. പക്ഷേ, അവനതിനെ അന്യഥാ തെററിദ്ധരിച്ചിരിക്കയാണല്ലോ. പിന്നെ അവനു സ്വീകാര്യമായി തോന്നിയതു കമ്മ്യൂണിസമാണ്. തെററുതന്നെ ആയിക്കൊള്ളട്ടെ, സുനിശ്ചിതത്വം എന്ന ഏകഗുണം കൊണ്ട് കമ്മ്യൂണിസം സ്ഥായിയായി ചിലരെ ആകർഷിച്ചു നിറുത്തുന്നു. അതൊരു പ്രത്യയശാസ്ത്രമാണ്. ജീവിതവീക്ഷണമാണ്, വിശ്വാസമാണ്, മതമാണ്. ജീവിതത്തെപ്പററി ഡോഗ്മാററിക്കായി മാത്രമേ അതിനു പറയാനുള്ളു. എല്ലാം അറിയുക, ഒട്ടും വിശ്വസിക്കാതിരിക്കുക എന്ന യുക്തിവാദസിദ്ധാന്തമല്ല; പിന്നയോ, കുറച്ചറിയുക, അധികം വിശ്വസിക്കുക എന്ന വിശ്വാ

സത്തിന്റെ സിദ്ധാന്തമാണ് മനുഷ്യനെ എക്കാലത്തും ആകർഷിക്കുന്നത്. മനുഷ്യജീവിതത്തിന്റെ നീക്കവും പോക്കും സ്വസ്ഥതയും ശാന്തിയും എല്ലാം പല പല വിശ്വാസങ്ങളുടെ ഒരു കെട്ടിലാണു സ്ഥിതി ചെയ്യുന്നത്. ഭാവിയിലെ വരാൻപോകുന്ന കാര്യങ്ങളെപ്പററി എല്ലാം മുൻകൂറു മനസ്സിലാക്കാനുള്ള ആ കഴിവ്, മുഴുവൻ അറിഞ്ഞിരിക്കുക എന്ന ഭീഷണവും ദൗരന്തികവുമായ ആ ആവശ്യം മനുഷ്യനു വേണ്ടെന്നുവയ്ക്കുന്നതും ഇല്ലാതിരിക്കുന്നതും ഒരു രക്ഷയാണ്. പരഹൃദയജ്ഞാനം ഇല്ലാതിരിക്കുന്നതും ഒരു അനുഗ്രഹമാണ്. അല്ലെങ്കിൽ മനുഷ്യനു ഭ്രാന്തു പിടിക്കും, ലോകം ഒരു ഭ്രാന്താലയമായിത്തീരും. ലോകം ഒരു ഭ്രാന്താലയമല്ലാതിരിക്കുന്നതിന്റെ പ്രധാന കാരണം, മനുഷ്യൻ ചില ചില വിശ്വാസങ്ങളിൽ എല്ലാ കാര്യങ്ങളെപ്പററിയും പൂർണ്ണമായ അറിവില്ലാതെ, ജീവിക്കുന്നതിലാണ്. ഇത്തരത്തിലുള്ള ഒരു വിശ്വാസം അഥവാ ഒരു വിശ്വാസാഭാസം— ഗോക്കി പറഞ്ഞിട്ടുള്ളതുപോലെ ഒരുതരം നിശ്ശബ്ദതയുടെ സുനിശ്ചിതത്വം—കമ്മ്യൂണിസം ആധുനിക മനുഷ്യനു കൊടുക്കുകയുണ്ടായി.

എന്നിട്ടോ, ആധുനികമനുഷ്യന് അവിടെയും രക്ഷയില്ലാതെ വന്നിരിക്കുന്നു. മഹാനായ നെഹറു പറഞ്ഞതുപോലെ കമ്മ്യൂണിസം ഇന്നു പത്തൊൻപതാം നൂററാണ്ടിലെ ഒരു പഴഞ്ചരക്കായിത്തീർന്നിരിക്കുന്നു. അതുണ്ടായ കാലഘട്ടത്തിന്റെ സ്വഭാവത്തിനു പരിണതി വന്നതോടെ അതിന്നു നിരർത്ഥകമായിത്തീർന്നിരിക്കുന്നു. രാഷ്ട്രീയ ശക്തിയായി അതിന്നു പലടത്തും നിലനില്ക്കുന്നെങ്കിലും ഒരു ജീവിതസത്യമായി-വിശ്വാസസത്യമായി-ഇന്നതു് അവശേഷിക്കുന്നില്ല. ഈ നിലയിൽ അതിന്നു മനുഷ്യനെ പിടിച്ചെടുത്തു നയിക്കുന്നില്ല. മനുഷ്യൻ വീണ്ടും സന്ദിഗ്ദ്ധതയുടെ നാല്ക്കവലയിൽകിടന്നു നട്ടം തിരിയുകയാണ്. ആരാണവനു നേർവഴി കാണിച്ചുകൊടുക്കുക?

ജീവിതത്തിൽ എല്ലാമുണ്ടെങ്കിലും ഏതോ ഒന്നിന്റെ കുറവ്—ഒരു ശൂന്യതാബോധം മനുഷ്യനിന്നു അനുഭവപ്പെടുകയാണ്. സമ്പൽസമൃദ്ധവും, ജീവിതത്തിന്റെ സാമ്പത്തികസാമൂഹ്യഭദ്രത നൂറു ശതമാനവും ശരിയായിരിക്കുന്നവയുമായ ചില പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവത്തിനു കൂടുതൽ അർത്ഥപരതയുണ്ട്.

ഭൗതികമായ ആവശ്യങ്ങൾ എല്ലാം നിറവേറുന്നു. തൃപ്തി വരാൻ എല്ലാ ഉപാധികളും വിഭവങ്ങളും ഉണ്ട്. എങ്കിലും മനുഷ്യനിന്നു തൃപ്തിവരുന്നില്ല, സ്വാസ്ഥ്യം അനുഭവപ്പെടുന്നില്ല. സമാധാനവും ശാന്തിയും രുചിക്കുന്നില്ല. അവനിന്നു ഉറക്കം വരുന്നില്ല. ഞരമ്പുകൾ കെട്ടുപിണഞ്ഞു കുരുങ്ങിക്കിടക്കുകയാണ്. ആത്മഹത്യ ചെയ്യാൻ തക്ക ഉന്മാദമുദിക്കുന്നിടത്തോളമുള്ള വികാരോൽബണതയും അസ്വാസ്ഥതയും അവനിന്നു അനുഭവവേദ്യമാകുന്നു. ഒരു വലിയ വിടവ്, നരകത്തിലേക്കു വിണ്ടുപോട്ടിയിരിക്കുന്ന ഒരാഗാധഗർത്തം—അവനിന്നു തന്റെ ആത്മാവിൽ കാണുന്നു. ഒരുതരം നിതാന്ത പരിശൂന്യത (Void) അവനവിടെ കാണുന്നു. ഒരുതരം നിരാശതാബോധം അവനുണ്ടായിപ്പോകുന്നു. ആരാണീ ഗർത്തം, പിശാചുക്കൾ കേറി കേറി വരാത്തവണ്ണം അടപ്പിച്ചടക്കേണ്ടതു്? ആരാണീ പരിശൂന്യത മാററി ജീവൻ സ്പന്ദിക്കുന്ന ഏദനായി മനുഷ്യന്റെ അന്തർമണ്ഡലത്തെ പകർത്തേണ്ടതു്? ആരാണീ നൈരാശ്യബോധം നീക്കി സ്വാസ്ഥതയുടെയും ശാന്തിയുടെയും നീരൊഴുക്കുകൾ അവന്റെ വരണ്ടുപൊരിഞ്ഞുവിരണ്ട ആത്മീയ മരുഭൂമിയിൽ കൂടി ഒഴുക്കേണ്ടതു്?

ഇതൊക്കെയാണ് സുന്നഹദോസിന്റെ മുമ്പിലുള്ള പ്രശ്നങ്ങൾ. ആധുനിക ലോകത്തെ ശരിക്കും സുന്നഹദോസ് പിതാക്കന്മാർ മനസ്സിലാക്കിയിട്ടുണ്ട്. ആധുനിക മനുഷ്യന്റെ സർവ്വ പ്രശ്നങ്ങൾക്കും സമാധാനം ക്രിസ്തു എന്ന രണ്ട് അക്ഷരം ആണ്. അഥവാ, വിശ്വാസം എന്ന ത്രൈയക്ഷരിയാണ്. ക്രിസ്തുവിനേ മനുഷ്യനിൽ ഉണ്മയുടെ ഭാവം ഉണ്ടാക്കാൻ കഴിയൂ. അവിടുത്തെക്കൊണ്ടേ തൃപ്തിയും ശാന്തിയും മനുഷ്യനിൽ നിറച്ചുകൊടുക്കാൻ സാധിക്കൂ. അവിടുന്നു മാത്രമാണു പരിശൂന്യത മാററുന്ന ദിവ്യൻ. ഉല്പത്തിയുടെ ചരിത്രം എടുത്തു നോക്കൂ. ആദിയിൽ എല്ലാം ശൂന്യമായും പാഴായും ഇരുന്നു. അത്യഗാധതയുടെ ഉപരിതലം മുഴുവൻ ഇരുളായും ഇരുന്നിരുന്നു ദൈവത്തിന്റെ ആത്മാവ് വെള്ളങ്ങളുടെ മുകളിൽകൂടി നീങ്ങി. പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. ഉത്തരക്ഷണം പ്രകാശം ഉണ്ടായി. പുറകെ പുറകെ അങ്ങനെ ഓരോന്നും ദൈവത്തി

ന്റെ ആജ്ഞാശക്തിയാല്; ഇച്ഛാവ്യാപാരത്താൽ ഉണ്ടായി. പരിശൂന്യത മാറി. സ്വർഗ്ഗീയമായ സർഗ്ഗചൈതന്യം ഭൂമിയിൽ കൂത്താടി. ഇതുപോലെ ജീവദായകമായ ക്രിസ്തുവിന്റെ ആത്മാവ്, മനുഷ്യാത്മാവിന്റെ പരിശൂന്യതയിൽ പ്രവേശിക്കണം. ക്രിസ്തുവിലുള്ള വിശ്വാസം ഒരു മൃതസഞ്ജീവനിയെപ്പോലെ മനുഷ്യാത്മാവിന്റെ മരവിപ്പിനുമേലെ നീങ്ങണം. വിശ്വാസത്തിന്റെ നാകീയ പ്രകാശം അവന്റെ അത്യഗാധമായ അന്തർമണ്ഡലത്തിലെ അന്ധകാരത്തിൽ വെളിച്ചം മിന്നണം. ശാന്തിദായകമായ ജീവചൈതന്യം അങ്ങനെ മനുഷ്യാത്മാവിൽ പ്രസ്ഫുരിക്കും.

പ്രശ്നത്തിനു സമാധാനം നമ്മൾ കണ്ടുകഴിഞ്ഞു. ഒററമൂലി ഒററമൂലിതന്നെയാണ്. ഒരു പരിവൃത്തിയായി പ്രയോഗിച്ചു നോക്കാൻ ഇതല്ലാതെ വേറെ ഒന്നില്ല. ഈ അറിവ് ഒരു പുത്തരിയാണോ? അല്ല. കാലേകൂട്ടിത്തന്നെ ഇതെല്ലാവർക്കും അറിയാം. പക്ഷേ, ഇതെങ്ങനെ പ്രയോഗിക്കാം എന്നതാണു പ്രശ്നം—ഭീമമായ പ്രശ്നം. സ്നേഹത്തെ മുൻനിറുത്തിത്തന്നെ—അതാണ് ക്ഷിപ്രസാദ്ധ്യവും പ്രയോഗക്ഷമവുമായ ഏക പരിപാടി. സത്യത്തിന്റെ മുമ്പിൽ സ്നേഹത്തെ നിറുത്തുക. ആധുനിക മനുഷ്യൻ ആകൃഷ്ടനാകും. സ്നേഹത്തിനു നേടിയെടുക്കാൻ വയ്യാത്തതായി ഒന്നുമില്ല. ദൈവം സ്നേഹമാണല്ലോ. സ്നേഹത്തിന് ഈ കഴിവില്ലെങ്കിൽ ദൈവത്തിനു കഴിവില്ലെന്നു വരും. അതിൽ കൂടിയ അബദ്ധം വേറെ ഇല്ലല്ലോ. സ്നേഹത്തിന്റെ അത്യത്ഭുതകരമായ കഴിവിനെപ്പററി ലോകം ഇനിയും അറിഞ്ഞിട്ടില്ല; സ്നേഹം മൂർത്തരൂപമെടുത്ത് മനുഷ്യരുടെ ഇടയിൽ കഴിഞ്ഞിട്ടുകൂടിയും. സ്നേഹത്തെ നാം എല്ലാററിനും മുമ്പിൽ, സത്യത്തെക്കാൾ തന്നെയും മുമ്പിൽ നിറുത്തുന്നെങ്കിൽ, സ്നേഹശൂന്യനായ ആധുനികമനുഷ്യൻ പോലും സമാകൃഷ്ടനാകാതെയിരിക്കയില്ല. ദൈവം സത്യമായിട്ടു തന്നെയും സ്നേഹമായിട്ടു ഈ ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോഴാണ് മനുഷ്യർ ആകൃഷ്ടരായി അടുത്തുകൂടിയതു്, കൂടെച്ചെന്നതു്, കൂടെച്ചാകാൻ വരെ തയ്യാറായതു്. എന്നിരിക്കെ നമ്മളും സത്യത്തിനു സാക്ഷി കൊടുപ്പാൻ സ്നേഹത്തെയല്ലേ ആദ്യം പ്രദർശിപ്പിക്കേണ്ടതു്?

സുന്നഹദോസ് പിതാക്കന്മാർ ഈ വസ്തുത ശരിക്കു ഗ്രഹിച്ചിട്ടുണ്ട്. ഉദാഹരണമായി ലോകത്തിലെ ദുരിതങ്ങളും പട്ടിണിയും മാററാനുള്ള സാമൂഹ്യസേവനത്തിന്റെ അലയടി സുന്നഹദോസിൽ ഉച്ചലിതമായിത്തീർന്നിരിക്കയാണ്. സഭയുടെ ഭൂമിയിലെ ദൗത്യം ആദ്ധ്യാത്മികമാണ്, ആദ്ധ്യാത്മികമാണ്, എന്നു ജപിച്ചുകൊണ്ട് ആശ്രമങ്ങളുടെയും പള്ളികളുടെയും മുറികളിൽ കേറിയിരുന്നു ആയുസ്സു നീക്കുന്നതു് ജീവിതബോധത്തിന്റെ അഭാവമാണ്. പൊരുത്തമില്ലാത്തതും സാമാന്യബുദ്ധിക്കനുരോധവുമല്ലാത്ത ആത്മീയം കലർപ്പില്ലാത്തതാണെന്നു പറഞ്ഞുകൂടാ. മനുഷ്യൻ കേവലം ഒരു ആത്മീയജീവി അല്ല, അവനു ശരീരംകൂടി ഉണ്ട്, വായുണ്ട്, വയറുണ്ട്, വിശപ്പുണ്ട്. ശരീരത്തിൽ സന്നിവേശിതമായിരിക്കയാണ് ആത്മാവ്. മനുഷ്യൻ എന്നു പറയുന്നതു് ആത്മശരീരങ്ങളുടെ ഒരു പൊരുത്തമാണ്. മനുഷ്യനിലുള്ള ഈ പൊരുത്തം, ബാലൻസ്, ആത്മീയമന്ത്രം മാത്രം ജപിച്ചുകൊണ്ടിരുന്നു നഷ്ടപ്പെടുത്തിയാൽ, ഒരു പിടി വീരോചിതരായ ആദ്ധ്യാത്മിക പ്രബുദ്ധരെ മാത്രം വച്ചുകൊണ്ടുനോക്കിയാൽ, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപകടകരമായിരിക്കും. മനുഷ്യർ, മനുഷ്യർ എന്നു പറയുന്നതു് ഒരു പിടി സർവസംഗപരിത്യാഗികളായ മുനിമാർ മാത്രമല്ലല്ലോ.

മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നതു്, ദൈവത്തിന്റെ വചനങ്ങൾ കൊണ്ടുകൂടിയുമാണു എന്നു നാം പറയും. പക്ഷേ, ഇതിൽനിന്നു അപ്പം കൂടാതെ മനുഷ്യനു ജീവിക്കാനൊക്കും എന്നു വരുന്നില്ല. മരുഭൂമിയിൽ ചുററും കൂടിയിരുന്ന ജനക്കൂട്ടം അസമയത്താഹാരം കിട്ടാതെ വിഷമിക്കും; വഴിയിൽ അവർ തളർന്നുവീണു നശിച്ചുപോകും എന്നു കണ്ടപ്പോൾ, ''ഈ ജനത്തിന്റെ മേൽ എനിക്കു കരുണ തോന്നുന്നു'' എന്നു പറഞ്ഞുകൊണ്ട് ക്രിസ്തു ഒരത്ഭുതം പ്രവർത്തിച്ച് അപ്പം വർദ്ധിപ്പിച്ചുകൊടുത്ത് അവരെ തീററി തൃപ്തരാക്കി. ഇതുതന്നെയാണല്ലോ മരുഭൂമിയിൽ വച്ച് ഇസ്രയേൽക്കാർക്ക് നാല്പതുകൊല്ലക്കാലം യെഹോവാ വളരെക്കാലേകൂട്ടി പണ്ട് ചെയ്തതു്. വിശപ്പ് മനുഷ്യന്റെ ജന്മോപലബ്ധമായ ഒരു പ്രവണതയാണ്; പ്രകൃത്യാ ഉള്ളതാണ്; എന്നു വച്ചാൽ ദൈവം ഉണ്ടാക്കിയിട്ടതാണ്; അപ്പി

ടുന്നവനു കൊടുത്തതാണു്. ഈ ജന്മവികാരം അതിൽത്തന്നെ അശുദ്ധമല്ല. എങ്കിൽ ആ വികാരത്തിനനുയോജ്യമായ സന്തർപ്പണമുണ്ടാകേണ്ടതു് സ്വാഭാവികവും ഒരു വിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ ഇംഗിതത്തിനനുസൃതവുമാണു്.

വിശക്കുന്നവർക്കും ദരിദ്രർക്കും ഭക്ഷണംകൊടുക്കുക എന്ന പരസ്നേഹതത്ത്വം മനുഷ്യാത്മാവിന്റെ രക്ഷ എന്ന അടിസ്ഥാനസത്യത്തോളം ആഴമുള്ളതാണു്. ഒറ്റപ്പെട്ടവിടെയും ഇവിടെയും നുള്ളിക്കൊടുത്തും ചില്ലിയെറിഞ്ഞുമുള്ള ഒരു പരിഹാരമല്ലാ ആഗോളവ്യാപകമായ ഈ മഹാപ്രശ്നത്തിനു വേണ്ടതു്. ഇതുകൊണ്ടു് ഒന്നും നേടാൻ പോകുന്നില്ല. സാമൂഹ്യനീതി കാണിക്കേണ്ടിടത്തു പരസ്നേഹ (Charity) പരമായ ചില്ലറ ദാനധർമ്മങ്ങൾകൊണ്ടു തൃപ്തിപ്പെട്ടുവരുന്ന കത്തോലിക്കരായ ചിലരുടെ മനോഭാവം ക്രൈസ്തവോചിതമല്ല. സംഘടിതമായ രീതിയിൽ വിശ്വവ്യാപകമായ ഒരടിസ്ഥാനത്തിൽ വിശപ്പിനെ ഒരു സാമൂഹ്യപ്രശ്നമായെടുത്തായിരിക്കണം സമാധാനം കാണേണ്ടതു്.

ഈ യാഥാർത്ഥ്യത്തിന്റെ നേരെ സുന്നഹദോസ്സ് കണ്ണടയ്ക്കുകയല്ല, കണ്ണു തുറന്നു നോക്കുകയാണു ചെയ്തിരിക്കുന്നതു്. വിശപ്പും ദാരിദ്ര്യവും ലോകത്തിൽനിന്നും ഉച്ചാടനം ചെയ്യാനുള്ള പരസ്നേഹപരമായ ആഹ്വാനവും ഉൽബോധനവുമാണു സുന്നഹദോസ്സ് നടത്തിയിരിക്കുന്ന ഒരു പ്രധാന കാര്യം. സമ്പത്തും വിഭവസമൃദ്ധിയും ലോകത്തിൽ ചില ഭാഗത്തു് കുന്നുകൂടി കിടക്കുമ്പോൾ മറ്റു ചില ഭാഗങ്ങളിൽ ആളുകൾ വിശന്നുപൊരിഞ്ഞു ചാകുന്നതു കണ്ടുകൊണ്ടിരിക്കുന്നതു് അധർമ്മവും അന്യായവും സ്നേഹശൂന്യവുമാണെന്നു സുന്നഹദോസ്സ് പ്രഖ്യാപിക്കുകയും അതു വഴിയായി ലോകമനസ്സാക്ഷിയെ തട്ടിയുണർത്തുകയും ചെയ്തിരിക്കുന്നു. അവികസിതവും അർദ്ധവികസിതവുമായ ഭാഗങ്ങളിലേക്കുള്ള സമ്പത്തിന്റെ വികേന്ദ്രീകരണത്തിനു സുന്നഹദോസ്സ് കളമൊരുക്കിക്കൊണ്ടിരിക്കയാണിന്നു്.

ശരീരത്തിന്റെ വിശപ്പിനെ സംബന്ധിച്ചുമാത്രമല്ല, സുന്നഹദോസ്സ് പിതാക്കന്മാർ ദത്താവധാനരായിരിക്കുന്നതു്. മനസ്സിന്റെ വിശപ്പ്—ബൗദ്ധികവികാസനത്തെ ഉന്നംവച്ചുകൊണ്ടുള്ള മനുഷ്യന്റെ സാംസ്കാരികമായ അന്തർദ്ദാഹത്തെ ശമിപ്പിക്കുന്നതിനും സുന്നഹദോസ്സ് പിതാക്കന്മാർ ശ്രദ്ധാലുക്കളായിരിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികജ്ഞാനത്തിന്റെയും നാളിതുവരെ സംഭൃതമായിരിക്കുന്ന സാംസ്കാരിക സിദ്ധിവിശേഷങ്ങളുടെയും ആയ എല്ലാ നേട്ടങ്ങളേയും ക്രൈസ്തവാദർശപുരോഗതിക്കഭിയുക്തമാംവണ്ണമുപയോഗിക്കണമെന്നും സുന്നഹദോസിനു നിർബന്ധമുണ്ടു്. അതിന്നത്തെ മനുഷ്യന്റെ മാനസികമായ ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുതന്നെയുള്ള ഒരു പരിപാടിയാണു്.

കലാപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ മനുഷ്യസ്വഭാവാനുസൃതമാണു്. ഏതാദൃശമായ വ്യാപാരങ്ങൾ പരിമിതമായ രീതിയിൽ ദൈവത്തെ അനുകരിച്ചാണു് അവൻ ചെയ്യുന്നതു്. ദൈവം തന്നെ എത്ര കലാപരമായ സംവിധാനഭംഗിയോടെയാണു് ഈ ലോകം സൃഷ്ടിച്ചിരിക്കുന്നതെന്നു കാണുക. ആകാശമാകുന്ന നീലക്കമ്പളത്തിൽ അനവദ്യകാന്തി തിരളുന്ന താരരത്നങ്ങളെ കലാഭംഗിയോടെ നിരത്തിവച്ചിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും കലാഭംഗിയോടെ ദൈവം സൃഷ്ടിച്ചിരിക്കുന്നു. അവയെ എല്ലാം ക്രമാനുസൃതമായി അവിടുന്നു നിയന്ത്രിക്കുന്നു. വെറുതെയല്ല സങ്കീർത്തകൻ പറഞ്ഞിരിക്കുന്നതു്: "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു; ആകാശത്തട്ടവന്റെ കൈവേലയെ കാണിക്കുന്നു". മാത്രമോ, വെള്ളിമേഘങ്ങളിൽ കലാസൗകുമാര്യമുണ്ടു്. വിവിധവർണ്ണോജ്ജ്വലമായ മാരിവില്ലിൽ കലയുടെ കൈവിരുതുണ്ടു്. കാട്ടുനീർച്ചോലകളിലും, പാറമേൽ തട്ടിത്തട്ടി പളുങ്കിൻ മണി ചിന്നിച്ചിതറി ആരവമോടും പിന്നെ അലസലാലസയായും ഗമിക്കുന്ന നിമ്നഗകളിലും കലയുടെ ഗതിവിശേഷങ്ങൾ കാണാം. മാനത്തോട്ടുരുമ്മുന്ന മഹാശൈലങ്ങളിലും അത്യുന്നതങ്ങളായ മഹീരുഹങ്ങളിലും കലയുടെ ഉദാത്ത ഗാംഭീര്യം ദൃഷ്ടവ്യമാണു്. താഴ്‌വാരങ്ങളിലെ ശാലീനസുന്ദരങ്ങളായ ശാദ്വല ഭൂമികളിൽ കല നൃത്തം ചവിട്ടുന്നുണ്ടു്. ബുദ്ധിവിലാസവും ഇച്ഛാശക്തിയുമുള്ള ദൈവത്തിന്റെ സൃഷ്ടിവിശേഷമാണിതു്. ഉണ്ടാകട്ടെ എന്നു പറഞ്ഞപ്പോൾ ശില്പസംവിധാനസുഭഗമായ ഈ വിശ്വഗോളം കലാപരമായ കമനീയതയുമണിഞ്ഞു കാണായിവന്നു. ഇതൊരു സൃഷ്ടാ

ത്മകവ്യാപാരമാണ്. പരിമിതവിഭവനെങ്കിലും ദൈവത്തിന്റെ ച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനും സർഗ്ഗാത്മകസ്വഭാവവും ഭാവനാസിദ്ധിയും ഉള്ളവനാകകൊണ്ട് കലാപരമായ അവന്റെ നിർമ്മാണപ്രക്രിയകളിൽ ദൈവത്തെ അനുകരിക്കുകമാത്രമേ ചെയ്യുന്നുള്ളു. സൃഷ്ടിക്കുക അവന്റെ സ്വഭാവത്തിന്റെ ഒരു നൈസർഗ്ഗികപ്രവണതയാണ്. അവനും പരിമിതശക്തനെങ്കിലും "ഉണ്ടാകട്ടെ" എന്നു പറയുന്നു. കലാപ്രപഞ്ചം അങ്ങനെ ഉണ്ടാകുന്നു. സൃഷ്ടിക്കുള്ള ഈ ആവേശാഭിലാഷങ്ങൾ ഉദ്ദാമമാണ്. അതെന്തിനുപിന്നെ ആദ്ധ്യാത്മികജീവിതത്തിന്റെ ഗതിയിൽ നമ്മൾ ചവുട്ടിയരച്ചുകളയുന്നു, നാമ്പിട്ട ദലകുസുമഫലപരിനമ്രമാകാനനുവദിക്കാതെ?

ഇത്രയും പറഞ്ഞതിൽനിന്നു കലയ്ക്കു മനുഷ്യജീവിതത്തിൽ ഒരു കമ്പസാരക്കാരന്റെയോ കൂദാശയുടെയോ അപരിത്യാജ്യസ്ഥാനമുണ്ടെന്നോ അഥവാ, അതു സ്വയമായി പരിത്രാണക്ഷമതയുള്ളതെന്നോ ഇവിടെ വിവക്ഷയില്ല. മനുഷ്യജീവിതത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കു നല്ല കലയുടെ പ്രോത്സാഹനം അത്യന്താപേക്ഷിതമാണെന്നേ അർത്ഥമാക്കേണ്ടതുള്ളു. വിധിനിഷേധങ്ങളുടെ മതിൽ കെട്ടിനകത്ത് മനുഷ്യരെ ഇട്ടിരുന്നാൽ പോരാ. സിനിമാ, നാടകം തുടങ്ങിയ കലാമേഖലകളിൽ ഇന്നതിന്നതെല്ലാം നിഷിദ്ധമാണ് എന്ന നിഷേധാത്മകമാത്രമായ വിധിതീർപ്പുകൾ നടത്തുന്നതിൽ അർത്ഥമില്ല. മനുഷ്യന്റെ മാനസികമായ വളർച്ചയ്ക്കുപകരിക്കത്തക്കവിധം അവന്റെ സാംസ്കാരികമായ അന്തർദ്ദാഹത്തിനുപശമനം ഉണ്ടാകത്തക്കവിധം നമ്മൾ ഭാവാത്മകമായ കലാവിഭവങ്ങൾ അവനു വിളമ്പിക്കൊടുക്കണം. അത്തരം സംഭാവനകൾ നല്കാൻ കെല്പുള്ള പ്രത്യുല്പന്നമതികളായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കണം. ശാസ്ത്രവും സാങ്കേതിക ജ്ഞാനവുമുപയോഗിച്ച് നാം ഈ പ്രക്രിയ ചലനാത്മകമാംവണ്ണം വിപുലമാക്കണം. അല്ലെങ്കിൽ മനുഷ്യൻ അപകടപൂർണ്ണമായ മററു മേച്ചിൽ സ്ഥലങ്ങൾ തേടിപ്പോകുന്നതിനിടയാകും. സുന്നഹദോസു പിതാക്കന്മാർ ഇക്കാര്യങ്ങളെപ്പററി തികച്ചും ബോധവാന്മാരായിരിക്കുന്നത് ശുഭോദർക്കമത്രേ. ആശയവിനിമയത്തിനുള്ള ശാസ്ത്രത്തിന്റെയും സാങ്കേതിക ജ്ഞാനത്തിന്റെയും ഉപാധികളും സിദ്ധികളും ക്രൈസ്തവാന്തരീക്ഷസൃഷ്ടിക്കുപകരിക്കത്തക്കവണ്ണം സ്വീകരിക്കേണ്ടതത്യാവശ്യമാണെന്ന് അവർക്കഭിപ്രായമുണ്ട്. ശാസ്ത്രം എത്ര വളർന്നാലും വിശ്വാസത്തിനെതിരാകയില്ലെന്ന് അവർക്കറിയാം. രണ്ടും ഒരു ദൈവത്തിൽ നിന്നാണല്ലോ വരുന്നത്. അങ്ങനെയെങ്കിൽ ശാസ്ത്രത്തിന്റെ വികാസത്തിൽ മതവിശ്വാസികളാരും അസ്വസ്ഥരാകേണ്ട കാര്യമില്ലല്ലോ.

ചുരുക്കത്തിൽ ആധുനികലോകത്തെ ശരിക്കും മനസ്സിലാക്കിക്കൊണ്ടാണ് വത്തിക്കാൻ സുന്നഹദോസിന്റെ തുടക്കവും നീക്കവും. സുന്നഹദോസിന്റെ കാഴ്ചപ്പാടിലൂടെയുള്ള ആധുനികലോകത്തിന്റെ ഒരു സർവേയാണു ഈ നിബന്ധത്തിൽ നടത്തിയിരിക്കുന്നത്. ഇതൊരു ദിങ്മാത്രമായ വിചാരം മാത്രമേ ആകുന്നുള്ളു. സുന്നഹദോസിന്റെ അർത്ഥവും ആഴവും അതിന്റെ നോട്ടം ചെന്നെത്തുന്ന മണ്ഡലങ്ങളുടെ വൈവിദ്ധ്യവും പരപ്പും ഇതിൽ എത്രയോ വിപുലവും വിശാലവുമല്ല! കൂടുതൽ വിശദീകരണത്തിനിവിടെ സ്ഥലമില്ലെന്നു പറഞ്ഞുവയ്ക്കട്ടെ. സുന്നഹദോസിന്റെ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യാനും അവ പ്രാവർത്തികമായിത്തീർന്നു ദൈവരാജ്യം അതിന്റെ സർവ്വ ചൈതന്യഭാസുരതയോടുംകൂടി ഈ ലോകത്തിൽ വിരാജിക്കുവാനും ഇടവരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഈ ലഘുവിചാരം ഉപസംഹരിച്ചുകൊള്ളുന്നു.

# ആർച്ചുബിഷപ്പ് മാർ ഇവാനിയോസ് പതിനൊന്നാം പീയൂസ് മാർപാപ്പായുമായി

## നടത്തിയ അഭിമുഖ സംഭാഷണം.

(റവ. ഫാദർ. തോമസ് ഇഞ്ചയ്ക്കലോടി)

കത്തോലിക്കാസഭാപുനരൈക്യത്തിനുശേഷം രണ്ടു വർഷങ്ങൾ കഴിഞ്ഞു് (1932-ൽ) മാർ ഇവാനിയോസു് തിരുമനസ്സുകൊണ്ടു് അന്നു് ഭാഗ്യമോടെ കത്തോലിക്കാ സഭാഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന 11-ാം പീയൂസ് മാർപാപ്പായെ സന്ദർശിക്കുന്നതിനും കേരളത്തിലെ പുനരൈക്യത്തെപ്പററിയുള്ള വിശദവിവരങ്ങൾ പ. പിതാവിനെ ഗ്രഹിപ്പിക്കുന്നതിനുമായി യൂറോപ്യൻപര്യടനം നടത്തുകയുണ്ടായി. തദവസരത്തിൽ റോമിലുള്ള നിരവധി സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും മാർപാപ്പാതിരുമേനിയെ പല പ്രാവശ്യം സന്ദർശിച്ചു് സുദീർഘനേരം സംഭാഷണം നടത്തുന്നതിനുമുള്ള ഭാഗ്യം അഭിവന്ദ്യ തിരുമേനിക്കു് ലഭിക്കയുണ്ടായി. പ. പിതാവുമായി ഒരവസരത്തിൽ നടത്തിയ സംഭാഷണം രേഖപ്പെടുത്തി വന്ദ്യതിരുമേനി സ്വഫയലുകളിൽ സൂക്ഷിച്ചിരുന്നതു് ഈ അടുത്തകാലത്തു് വന്ദ്യ തിരുമേനിയുടെ ജീവചരിത്രരചനക്കുവേണ്ടി ഈ ലേഖകൻ നടത്തിയ അന്വേഷണത്തിനിടയിൽ കണ്ടുകിട്ടുകയുണ്ടായി. ആംഗ്ലേയഭാഷയിൽ നടത്തിയ രസകരവും കാര്യസമ്പൂർണ്ണവുമായ പ്രസ്തുത സംഭാഷണത്തിൻെറ പരിഭാഷ ചുവടേ ചേർത്തുകൊള്ളുന്നു.)

പരി. പിതാവു്: താങ്കളുടെ റോമ്മാസന്ദർശനം സന്തോഷപ്രദമായിരുന്നോ?

മാർ ഇവാനിയോസു്: പരി. പിതാവേ, എൻെറ ജീവിതത്തിലെ ഏററം ആനന്ദസന്ദായകമായ ദിവസങ്ങൾ ഇവിടെ കഴിച്ചതാണെന്നു് നിസ്സംശയം പറയാം. ഇവയെല്ലാം ഒരു സുന്ദരസ്വപ്നംപോലെയാണു് എനിക്കനുഭവപ്പെട്ടിരിക്കുന്നതു്, അത്രമാത്രം ആനന്ദകരമായിരുന്നു, ഇവിടത്തെ ജീവിതം.

പരി. പിതാവു്: അതെ, നല്ല സ്വപ്നങ്ങൾ ചിലപ്പോഴെല്ലാം യാഥാർത്ഥ്യങ്ങളായി പരിണമിക്കാറുണ്ടല്ലോ.

മാർ ഇവാനിയോസു്: ഉവ്വ്, പരി. പിതാവേ, എൻെറ ജീവിതസ്വപ്നങ്ങൾ എനിക്കു് അനുഭവസിദ്ധമായിത്തീർന്നിരിക്കുന്നു. യേശുമിശിഹായുടെ സ്നേഹം റോമിൽ പ്രവൃത്തിരൂപത്തിൽ ഞാൻ കാണുകയും ക്രൂശിതനായ യേശുവിൻെറ സചേതന ചിത്രം ഇവിടെ ദർശിക്കയും ചെയ്തിരിക്കുന്നു.

പരി. പിതാവ്: അല്ല; ഭാവിയിലേക്കും താങ്കൾക്കു് ചില സ്വപ്നങ്ങൾ ഉള്ളതായി തോന്നുന്നല്ലോ?

മാർ ഇവാ: പരി. പിതാവേ, ഇൻഡ്യയെ മുഴവനും യേശുമിശിഹയുടെയും അവിടത്തെ വികാരിയുടെയുടെയും തൃച്ചേവടിയിലേക്കു് ആനയിക്കണമെന്നതു മാത്രമാണു് എൻെറ സ്വപ്നവും അഭിലാഷവും.

പരി. പിതാവ്: അതേ, ഇൻഡ്യയുടെയഥാർത്ഥരാജാവായ ക്രിസ്തുവിൻെറ തൃപ്പാദങ്ങളിലേക്കുതന്നെ.

മാർ ഇവാ: വേണ്ടത്ര സഹായവും പ്രോത്സാഹനവും ലഭിക്കുന്നപക്ഷം കേരളത്തിലെ പുനരൈക്യപ്രസ്ഥാനം വളരെ വിപുലമായ ഒരു സംഘടനയായി വളർന്നുയരുമെന്നതാണു് എൻെറ ബോധ്യം. പ. പിതാവെ, ഇൻഡ്യ ക്രിസ്തീയമായിത്തീരുമെങ്കിൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ മററു യാതൊരു രാജ്യത്തിനും പിന്നണിയിൽ അതു് നില്ക്കുകയില്ല. ഞങ്ങളുടെ മാതൃരാജ്യം പരിശുദ്ധന്മാരുടെ ശോഭനമായ ഒരു വിളനിലമായിതീരുമെന്നാണു് എൻെറ ദൃഢമായ വിശ്വാസം.

മതങ്ങളോടു് ഇൻഡ്യാക്കാർക്കു് അതിയായ ബഹുമാനമുണ്ടു്. അതിനാൽ അവിടെ സന്യാസ സമൂഹങ്ങൾ സ്ഥാപിക്കുന്ന പക്ഷം ദൈവവിളികൾ ധാരാളമുണ്ടാകും.

പ. പിതാവ്: അതേ, ഇൻഡ്യാക്കാർ വളരെ മതതീക്ഷ്ണതയുള്ളവരാണു്. ആർ

ഷഭാരതത്തിൻെറ മഹത്തായ ഒരു പുരാതന സംസ്കാരം അവക്ക് സ്വന്തമായിട്ടുണ്ട്.

മാർ ഇവാ: ഉവ്വ്, പരി. പിതാവെ, അവിട്ടന്നു അവരേയും അവരുടെ സംസ്കാരത്തെയും ജ്ഞാനസ്നാനപ്പെട്ടത്തണം; അവിട്ടന്നു്, ഞങ്ങളെ തത്വശാസ്ത്രവും വേദശാസ്ത്രവും പഠിപ്പിക്കുന്നതിനു് പണ്ഡിതന്മാരെ അയച്ചുതന്നു സഹായിക്കണമെ. പ്രാചീന റോമാസംസ്കാരവും തക്ക്ശാസ്ത്രവും നാഗരികതയും സംസ്കരിച്ചിട്ടത്തതുപോലെ ഞങ്ങളുടെ സംസ്കാരത്തിനു നല്ലൊരു രൂപം അവിട്ടന്നു് ഉണ്ടാക്കിത്തരുവാറാകണം.

പ. പിതാവ്: പൗരസ്ത്യരാജ്യങ്ങളോട്ട് നമുക്ക് വളരെ പ്രതിപത്തിയും താല്പര്യവുമാണുള്ളതു്. അവിടെ, പ്രത്യേകിച്ച് ചൈനയിലും താങ്കളുടെ രാജ്യമായ ഇൻഡ്യയിലും പുതിയ പുതിയ സന്യാസസമൂഹങ്ങൾ സ്ഥാപിക്കുന്നതായി കേൾക്കുമ്പോൾ നമുക്ക് വളരെയധികം സന്തോഷമാണുണ്ടാകുന്നതു്.

മാർ ഇവാ: ഞങ്ങളുടെ പ്രസ്ഥാനം പുരോഗമിക്കുന്നതിനു് എല്ലാത്തരത്തിലുമുള്ള സഹായങ്ങൾ ആവശ്യമാണു്. ബോൾഷേവിസത്തേയും നിരീശ്വരത്വത്തേയും ഇൻഡ്യയിൽ ഭയപ്പെടേണ്ടാ എന്നാണു് എനിക്കതോന്നുന്നതു്. ഭാരതീയ ജനത ആദ്ധ്യാത്മികമായി അത്രമാത്രം പ്രബുദ്ധമാണു്. എന്നാൽ ഞങ്ങളുടെ പുരാതനമായ ആചാരക്രമങ്ങൾ ഞങ്ങളെക്കൊണ്ട് ഉപേക്ഷിപ്പിക്കുക എന്നതു് അത്ര സുഗമമായ ഒരു കാര്യമല്ല.

പരി. പിതാവ്: ബോൾഷേവിസത്തിൻെറ അപകടത്തെപ്പററി ഒരു വാക്ക് പറയേണ്ടിയിരിക്കുന്നു. എല്ലാവരും നല്ലതുപോലെ സൂക്ഷിക്കേണ്ടതാണു്. അമിതമായ വിശ്വാസം പാടില്ല. റഷ്യൻജനതയെ നമുക്ക് നന്നേ അടുത്തു് പരിചയമുണ്ട്. അവർ എത്രമാത്രം മതചൈതന്യമുള്ളവരാണെന്നു് നാം തന്നെ നേരിട്ടറിഞ്ഞിട്ടുള്ളതാണു്. അവരുടെ ഭക്തിയും പ്രാർത്ഥനാശീലവും നമ്മെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. അവർ അനേകമണിക്കൂറുകൾ തുടർച്ചയായി പ്രാർത്ഥിക്കുന്നതു് നാം തന്നെ നേരിട്ടുകണ്ടിട്ടുള്ളതാണു്. പ്രാത്ഥനയിലുള്ള അവരുടെ സ്ഥിരത പലപ്പോഴും വാസ്തവത്തിൽ നമ്മെ അത്ഭുതപ്പെട്ടത്തിയിട്ടുണ്ട്. ഇപ്രകാരമെല്ലാം ആയിരുന്നെങ്കിലും അവസാനം എന്താണു് സംഭവിച്ചതു്? അവരിൽ നിന്നുതന്നെയല്ലേ നിരീശ്വരപരമായ പരിപാടികളോടും ദൈവത്തിനെതിരായുള്ള സമരപ്രഖ്യാപനത്തോടും കൂടിയ ബോൾഷേവിസം പുറത്തു വന്നതു്. ഇൻഡ്യയിലും നിങ്ങൾ മുൻകരുതലുള്ളവരായിരിക്കണം. എത്രമതബോധമുള്ള ജനതയെ ആയാലും വഞ്ചിക്കുന്നതിനു് കള്ളപ്രവാചകന്മാക്ക സാധിക്കും. നാം മൂന്നു കൊല്ലം റഷ്യയിൻ താമസിച്ചു. കാക്കസസ് മുതൽ ബാൾട്ടിക്കുവരെയുള്ള സ്ഥലങ്ങൾ നമുക്ക് നല്ല പരിചയമുണ്ട്. നാം സൂചിപ്പിച്ചതുപോലെ സ്ളാവുജനങ്ങളുടെ പ്രാത്ഥനാസ്വഭാവത്തിൽ നാം അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. എന്നിട്ടും ബോൾഷേവിസത്തെയാണ് റഷ്യ നമുക്ക നല്കിയതു്.

മാർ. ഇവാ: പരി. പിതാവേ, ഭാരതം കത്തോലിക്കാമതത്തെ ആശ്ലേഷിക്കുവാൻ തക്കവിധം സജ്ജമായിരിക്കുകയാണെന്നാണു് എൻെറ ബോധം. ഞങ്ങളുടെ പ്രസ്ഥാനം എല്ലാത്തരത്തിലുമുള്ള ജനങ്ങളുടെ ഇടയിലും പരന്നു കഴിഞ്ഞിരിക്കുന്നു. ഏതാനും ബ്രാഹ്മണരെയും മാനസാന്തരപ്പെട്ടത്തുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. നമുക്ക് ഉയന്ന ജാതിയിൽ നിന്നും കുറെപ്പേരെ കിട്ടുമെങ്കിൽ—അതിനു് പ. പിതാവേ, അവിട്ടന്നു് ഞങ്ങളുടെ തത്വശാസ്ത്രത്തേയും മതാനുഷ്ഠാനവിധികളേയും സംസ്കരിക്കുമാറാകണമെ!—അവർക്ക് മതപരിവത്തനവേലയിൽ ഞങ്ങളെ സഹായിക്കുവാൻ കഴിയും. സുറിയാനിക്കാരായ ഞങ്ങളെ ഉൽകൃഷ്ടവംശജരായിട്ടാണു് മററുള്ളവർ പരിഗണിക്കുന്നതു്. ഞങ്ങൾ തനി ഇൻഡ്യാക്കാരാകയാൽ ഞങ്ങളുടെ പ്രവത്തനങ്ങൾ സംശയദൃഷ്ട്യാവീക്ഷിക്കപ്പെട്ടുന്നില്ല. ഞങ്ങളുടെ പുരോഹിതന്മാർ മാനസാന്തരജോലികളിൽ മുന്നിട്ടു പ്രവത്തിക്കുന്നതിനു് അവരെ പുനസ്സംഘടിപ്പിക്കേണ്ടതും വേദശാസ്ത്രനിപുണന്മാരാക്കിത്തീർക്കേണ്ടതും അനിവാര്യമായ ഒരാവശ്യമാണു്.

പ. പിതാവേ, പല സംഗതികളും എനിക്ക് അറിയിട്ടത്തോട്ട് അപേക്ഷിക്കുവാനുണ്ട്. വിശ്രമവേളകളിൽ വായിച്ചുഗ്രഹിക്കുവാനായി അവയെല്ലാം ഞാൻ എഴുതി സമർപ്പിച്ചുകൊള്ളാം.

പ. പിതാവ്: അതേ, വിശദമായി എഴുതി ഏല്പിക്കുന്നതാണു് എല്ലാം കൊണ്ടും നല്ലതു്. ശ്രദ്ധാപൂർവ്വം അവയെല്ലാം വായിച്ചു്, താങ്കളെ സഹായിക്കുന്നതിനു് നമ്മാൽ കഴിവുള്ളതെല്ലാം ചെയ്യുതരാം.

# ചോദ്യോത്തരപംക്തി

## J. G.

**ചോദ്യം**

1) വി. പൗലോസ് തെസ്സലോനിക്യർക്കെഴുതിയ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായം മൂന്നാം വാക്യത്തിൽ "കർത്താവിൻെറ നാളി"നു മുമ്പുള്ള വിശ്വാസത്യാഗത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. ഈ വിശ്വാസത്യാഗം സംഭവിച്ചുകഴിഞ്ഞുവോ? അതു സംഭവിച്ചുകഴിഞ്ഞെന്നു എൻെറ ഒരു പ്രോട്ടസ്റ്റൻറു സ്നേഹിതൻ പ്രസ്താവിക്കുന്നു. ശരിയാണോ?

**ഉത്തരം**

നിങ്ങളുടെ പ്രോട്ടസ്റ്റൻറു സ്നേഹിതൻെറ അഭിപ്രായം ശരിയല്ല. വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്ന ആ 'വിശ്വാസത്യാഗം' ലോകാവസാനത്തിനു കുറെ മുമ്പു മാത്രം സംഭവിക്കുന്നതാണ്. അതോടുകൂടി മററുള്ള അടയാളങ്ങളും കാണപ്പെടും. ഉദാഹരണമായി അന്തിക്രിസ്തുവിൻെറ ആഗമനം. വി. ശ്ലീഹാ തന്നെ അതു പ്രസ്താവിക്കുന്നുമുണ്ട്.

അതിനു മുൻപ് 'രാജ്യത്തിൻെറ സുവിശേഷം' ലോകമെങ്ങും പ്രസംഗിക്കപ്പെടും. (മത്താ: 24; 14) കേവലമുള്ള സുവിശേഷഘോഷണമല്ലാ, സുവിശേഷത്തിൻെറ സ്വീകരണം കൂടി ഈ വാക്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഇപ്പോൾ മിക്ക വേദപുസ്തകപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്. അതായതു്, എല്ലാ ജനപദങ്ങളും പൂർണ്ണമായിട്ടല്ലെങ്കിലും അവയിലെ ഭൂരിഭാഗവും ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളാവുക. ആ

---

നമ്മുടെ മാർ തെയോഫിലോസിനു സൗഖ്യംതന്നെയോ?

മാർ ഇവാ: അതെ, അദ്ദേഹം തൻെറ ജോലികൾ തുടർന്നുകൊണ്ടിരിക്കയാണ്. ഉടനെ തന്നെ ഇരുവരുമൊന്നിച്ച് ഇൻഡ്യ വിടുക പ്രയാസമായിരുന്നു.

പ. പിതാവ്: അദ്ദേഹത്തിനും അദ്ദേഹത്തിൻെറ സംരംഭങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും ഹാർദ്ദമായ ആശിസ്സുകൾ നാം നല്കുന്നതായി പറയണം. അദ്ദേഹത്തിലും അദ്ദേഹത്തിൻെറ സംരംഭങ്ങളിലും വ്യക്തിപരമായി നമുക്ക് അതീവതാല്പര്യമുണ്ടെന്നു് അദ്ദേഹത്തെ അറിയിക്കണം.

താങ്കൾക്കും സുഖംതന്നെയോ? റോമിലെ കാലാവസ്ഥ താങ്കൾക്ക് അനുകൂലമായിരുന്നുവോ?

മാർ ഇവാ: അതെ, പ. പിതാവേ! പരിപൂർണ്ണ സുഖം തന്നെയായിരുന്നു.

പ. പിതാവ്: താങ്കളുടെ മാതൃരാജ്യമായ ഇൻഡ്യയ്ക്കും നമ്മുടെ ദിവ്യനാഥനും മഹത്തായ സംഗതികൾ ചെയ്യുന്നതിനായിട്ട് താങ്കളുടെ ആരോഗ്യം പ്രത്യേകം സൂക്ഷിക്കണം.

മാർ ഇവാ: പ. പിതാവേ! നമ്മുടെ ദിവ്യരക്ഷകനേയും അവിടുത്തെ വികാരിയേയും സേവിക്കണമെന്നുള്ള ഒരു ഒററ ആഗ്രഹം മാത്രമേ എൻെറ ജീവിതത്തിൽ അവശേഷിച്ചിട്ടുള്ളു. [അനന്തരം തിരുമേനി മുട്ടു കുത്തി പ. പിതാവ് സ്നേഹപുരസ്സരം പൈതൃകമായ ആശീർവാദം നല്കി.]

പ. പിതാവ്: കൊള്ളാം, മകനെ, നാം തമ്മിൽ പിരിയുന്നതിനു മുൻപ്............'

മാർ ഇവാ: അല്ല, പ. പിതാവേ, ഞാൻ അങ്ങയെ വീണ്ടും സന്ദർശിക്കണമെന്നാഗ്രഹിക്കുന്നു, ആയതിനു് അനുവാദം പ്രതീക്ഷിക്കട്ടെയോ?

പ. പിതാവ്: കൊള്ളാം താങ്കൾക്ക് എപ്പോഴും സ്വാഗതം. താങ്കളെ സ്വീകരിക്കുന്നതിനു് എനിക്ക് അതീവ സന്തോഷമേയുള്ളു. പ്രിയ മകനേ, വി. പൗലോസിൻെറ വാക്കുകളിൽ നാം തൽക്കാലം യാത്ര പറയുന്നു. "എനിക്കുവേണ്ടി പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം; നാം രക്ഷിക്കപ്പെടുന്നതിനു് അന്യോന്യം ദൈവത്തോടു അപേക്ഷിക്കാം".

ലക്ഷ്യം വളരെ വിദൂരമാണെന്നു പറയേണ്ടിയിരിക്കുന്നു.

കൂടാതെ യഹൂദന്മാരിൽ ഭൂരിപക്ഷമെങ്കിലും ക്രിസ്തുമതം സ്വീകരിക്കേണ്ടിയിരിക്കുന്നു. (റോമ. 11, 25—27) അതും അടുത്തെങ്ങും സംഭവിക്കുമെന്നു പറയുക സാധ്യമല്ല.

## ചോദ്യം

2) വി. പൗലോസ് കോറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം പതിനഞ്ചാം അധ്യായം 29-ാം വാക്യത്തിൽ മരിച്ചവർക്കുവേണ്ടി മാമോദീസാ സ്വീകരിക്കുന്നവരെക്കുറിച്ചു പറയുന്നു. അതിൻെറ അർത്ഥം എന്താണ്?.

## ഉത്തരം

ഈ വാക്യത്തെക്കുറിച്ചു വേദപുസ്തകപണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. മരിച്ചുപോയവർക്കുവേണ്ടി ആദിമക്രിസ്ത്യാനികൾ അനുഷ്ഠിച്ചുപോന്ന പ്രാർത്ഥനകളും ഇതര സൽപ്രവൃത്തികളും ആണ് വി. ശ്ലീഹാ ഉദ്ദേശിച്ചതെന്നു ഒരു കൂട്ടർ അഭിപ്രായപ്പെടുന്നുണ്ട്. വേറൊരു കൂട്ടർ മറെറാരഭിപ്രായമാണു നൽകുന്നത്. കോറിന്തിലുണ്ടായിരുന്ന ചില ആളുകൾ മാമോദീസാ സ്വീകരിച്ചു ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ചിരുന്നു, എന്നാൽ, അതു സംഭവിക്കുന്നതിനു മുൻപ് അവർ മരിച്ചുപോയി. അങ്ങനെ മരിച്ചുപോയവരുടെ സ്നേഹിതന്മാരായിരുന്ന ചില ക്രിസ്ത്യാനികൾ ആ മരിച്ചുപോയവരെയും തങ്ങൾ സഭാംഗങ്ങളായി പരിഗണിക്കുന്നു എന്നു കാണിക്കുന്നതിനു അവർക്കുവേണ്ടി ഏതോ രീതിയിലുള്ള സൂചനാത്മകമായ മാമോദീസാ സ്വീകരിച്ചിരുന്നുവെന്നാണു ഈ അഭിപ്രായം. തെററിദ്ധാരണയുളവാക്കുന്ന ഈ നടപടി അധികം നീണ്ടുനിന്നില്ലെന്നും അവർ പറയുന്നു.

ഏതായാലും ഒരു കാര്യം തീർച്ച. മരിച്ചവർക്കുവേണ്ടിയുള്ള മാമോദീസാ എന്ന പദപ്രയോഗം അക്ഷരാർത്ഥത്തിൽ സ്വീകരിച്ചാൽ മരിച്ചവർക്കു അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

## ചോദ്യം

3) "നീ ശൈത്യമുള്ളവനല്ല, ഉഷ്ണമുള്ളവനുമല്ല. നീ ശൈത്യമുള്ളവനോ ഉഷ്ണമുള്ളവനോ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ നീ ഉഷ്ണമുള്ളവനാകാതെയും ശൈത്യമുള്ളവനാകാതെയും ശീതോഷ്ണമുള്ളവനായിരിക്കയാൽ ഞാൻ എൻെറ വായിൽ നിന്നു നിന്നെ വമിച്ചുകളയുവാൻ പോകുന്നു". നമ്മുടെ കർത്താവിൻെറ ഈ വാക്കുകളുടെ അർത്ഥമെന്താണ്?

## ഉത്തരം

വെളിപാട് മൂന്നാം അധ്യായം 15-ഉം 16-ഉം വാക്യങ്ങളാണിവ. ഏഷ്യാ മൈനറിലുള്ള ഏഴു പള്ളികൾക്കു എഴുതുവാൻ ക്രിസ്തുനാഥൻ യോഹന്നാൻ ശ്ലീഹായോടു കല്പിക്കുന്നു. അതനുസരിച്ചു ലാവോദീക്കിയായിലുള്ള സഭയുടെ ദൂതനു അപ്പസ്തോലൻ എഴുതിയവയിൽ ഉള്ള ഭാഗമാണിത്. ഈ വാക്കുകളുടെ വാച്യാർത്ഥം ലാവോദീക്കിയാക്കാർക്കുള്ള മുന്നറിയിപ്പാണ്. ആ നഗരവാസികളുടെ തൻപോരിമയും സമ്പത്തിലുള്ള അവരുടെ അമിതവിശ്വാസവും അലംഭാവവും മൂലം അവർ ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ ഉപേക്ഷിക്കപ്പെടും. ലൗകികകാര്യങ്ങളിൽ മാത്രം ദത്താവധാനരായ അവർ ദൈവത്തോടുള്ള ചുമതലയിൽ ശീതോഷ്ണരായിത്തീർന്നു.

ഇതു് അല്പം കൂടി വിശദമാക്കാം. അക്കാലത്തു് ലാവോദീക്കിയാ ലൗകിക പ്രതാപത്തിലും സമ്പത്തിലും കേൾവികേട്ട ഒരു നഗരമായിരുന്നു. വാണിജ്യമണ്ഡലത്തിൽ ആ നഗരം മുൻപന്തിയിലായിരുന്നു. സ്വർണ്ണം, സുഗന്ധവസ്തുക്കൾ, കമ്പിളി മുതലായവയുടെ ഒരു പ്രമുഖ വാണിജ്യകേന്ദ്രമായിരുന്നു ലാവോദീക്കിയ. അടിമക്കച്ചവടം അവിടെ കൊഴുത്തുവളർന്നിരുന്നു. ഹിയറാപ്പോളിസിലെ (Hierapolis) ചൂടുള്ള നീരുറവകൾക്കടുത്തായിരുന്നു ആ നഗരം. ചില സന്ദർഭങ്ങളിൽ ആ നീരുറവകളിലെ വെള്ളം മന്ദോഷ്ണതയുള്ളതാകുമായിരുന്നു. അപ്പോൾ അസുഖകരമായ ഒരു ഗന്ധം അവയ്ക്കുണ്ടായിരുന്നു. ചെല്ലുന്നവർക്കനുഭവപ്പെടും. അവരിൽ ചിലർക്കു ഓക്കാനവും തോന്നിയിരുന്നു. ഇങ്ങനെ അസുഖകരമായ ഗന്ധം ഉളവാക്കിയിരുന്ന ശീതോഷ്ണതയുള്ള ആ ജലത്തോടാണ് ക്രിസ്തുനാഥൻ ലാവോദീക്കിയാക്കാരെ ഉപമിച്ചതു്. അവരുടെ മന്ദോഷ്ണത അവിടത്തേക്കു അസുഖകരമായിരുന്നു.

ശ്ലീഹാ ഉദ്ദേശിച്ച ഈ വാച്യാർത്ഥത്തിനു പുറമേ ഈ വാക്യങ്ങൾക്കു സാന്ദർഭികമായുപയോഗിക്കാവുന്ന മറെറാരർത്ഥം കൂടി നമുക്കു കാണുവാൻ കഴിയും. ദൈവസ്നേഹത്തിൽ

സംഭവകഥ.

# നാക്കേദാർ

—ദേവാനന്ദ് S. V. D.

"എനിക്കു മാമ്മോദീസാ തരുക, പിന്നെ എന്തുവേണമെങ്കിലും ഞാൻ ചെയ്തുകൊള്ളാം. എനിക്കൊരു കത്തോലിക്കനായി മരിക്കണം." ദുഃഖശനിയാഴ്ച രാവിലെ ഒരാൾ വന്നു എന്നോടു പറഞ്ഞു. പെസഹാ വ്യാഴാഴ്ച രാത്രിയിൽ ആരാധനസമയത്തു് അയാൾ പള്ളിയിൽ വന്നു ഞാൻ കണ്ടതാണ്. ഒരു മുസ്ലീമിന്റെ വേഷമാണ് ധരിച്ചിരുന്നതു്.

"പേരെന്താണ്"? ഞാൻ ചോദിച്ചു.

"യാക്കോബു്"

ഇതൊരു ക്രിസ്ത്യൻ പേരാണല്ലോ. മാമ്മോദീസാ സ്വീകരിച്ചതല്ലേ?"

"അതെ"

"പിന്നെ എന്തിനാണ് ഇനിയും മാമ്മോദീസാ സ്വീകരിക്കുന്നതു്?"

"അതൊ, അച്ചാ, അതിനു കാരണമുണ്ടു്. അതിന്റെ പിന്നിൽ വർഷങ്ങൾ പഴക്കമുള്ള വേദന നിറഞ്ഞ ഒരു കഥയുണ്ടു്" യാക്കോബു പറഞ്ഞു.

"എന്താണതു്?" എന്റെ ജിജ്ഞാസ വർദ്ധിച്ചു.

"അതു സങ്കടകരവും ലജ്ജാവഹവുമാണ്. എങ്കിലും അച്ചനോടതു പറയാം. എന്റെ ഹൃദയഭാരം കുറയ്ക്കുവാൻ."

"ഒൻപതു വർഷങ്ങളായി ഞാൻ ഒരു മുസൽമാനായിട്ടു്" യാക്കോബു കഥ പറഞ്ഞുതുടങ്ങി. അവന്റെ മുഖത്തു ലജ്ജയും ഹൃദയത്തിൽ ദുഃഖവും തിങ്ങിനിന്നിരുന്നു.

"അതെങ്ങനെ സംഭവിച്ചു?" ഞാൻ ഇടയ്ക്കു കയറി ചോദിച്ചു. "അതങ്ങനെ സംഭവിച്ചു ച്ചാ, എന്റെ അഹങ്കാരം മൂലം. എനിക്ക് മാമ്മോദീസാ തരുക. എനിക്കിനിയും ഒരു കത്തോലിക്കനാകണം. പിന്നെ എന്തുവേണമെങ്കിലും ഞാൻ ചെയ്തുകൊള്ളാം" യാക്കോബു നിലത്തു മുട്ടുകുത്തി എന്റെ കാൽക്കൽ പ്രണാമം ചെയ്യുന്നതിനുപോലും മടിച്ചില്ല.

"എന്റെ മുമ്പിൽ മുട്ടു മടക്കേണ്ട. ദൈവത്തോടു മാപ്പിരക്കുക. എല്ലാം സാദ്ധ്യമാകും." ഞാൻ യാക്കോബിനെ സമാധാനിപ്പിച്ചു.

"അച്ചോ, ഞാൻ ഇനി എന്തു ചെയ്യണം? എന്നെ സഹായിക്കുക. എന്റെ കഥ മുഴുവൻ പറഞ്ഞില്ലല്ലോ". യാക്കോബു തുടർന്നു. "ഞാൻ ഒരു നല്ല കത്തോലിക്ക കുടുംബത്തിൽ ജനിച്ചവനാണ്. എന്റെ മാതാപിതാക്കളും സഹോദരീസഹോദരന്മാരും ഇന്നും ഉത്തമ

---

മന്ദോഷ്ണതയുള്ള ഒരാത്മാവിനു ഈ വാക്കുകൾ യോജിക്കും. ഒരു ആധ്യാത്മികരോഗമെന്ന നിലയിൽ മന്ദോഷ്ണത നാശകാരണമായ ഒന്നാണ്. മനഃപൂർവ്വമായ തെറ്റുകളും തഴക്കമായ തെററുകളും അതിന്റെ ലക്ഷണങ്ങളാണ്. ദൈവത്തോടു ഒരുവനുള്ള ബന്ധത്തിൽ ഒരുവനുള്ള അനാസ്ഥയും സൂക്ഷ്മരാഹിത്യവും അതിന്റെ ലക്ഷണങ്ങളത്രെ.

വ്യക്തികൾക്കു മാത്രമല്ലാ, സമൂഹങ്ങൾക്കും സമുദായങ്ങൾക്കും മന്ദോഷ്ണത പിടിപെടും. ലാവോദീക്കിയാക്കാരെക്കുറിച്ച ക്രിസ്തുനാഥൻ അരുളിച്ചെയ്ത വാക്കുകൾ കേരളത്തിലെ കത്തോലിക്കാസമുദായത്തിനു യോജിക്കുമോ എന്നു നാം പരിചിന്തനം ചെയ്യുക. പണ്ടു കാലത്തു് ക്രൈസ്തവകേന്ദ്രങ്ങളായിരുന്ന പല നഗരങ്ങളും ഇന്നു നശിച്ചുപോയിരിക്കുന്നു. കേരളത്തിലെ കത്തോലിക്കാസമുദായത്തിനു ഇങ്ങനെയൊരു ദുർഗ്ഗതി വരാതിരിക്കട്ടെ. ആധ്യാത്മികതയിൽ അടിയുറച്ച, ദൈവത്തോടുള്ള കടമ മുഴുവൻ നിറവേററുന്ന, ഒന്നാണോ കേരളത്തിൽ ഇന്നുള്ള കത്തോലിക്കാ സമുദായം എന്നു നാം ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. വ്യക്തികളെന്നുള്ള നിലയിലും സമുദായമെന്നുള്ള നിലയിലും നാം ദൈവത്തോടും മററുള്ളവരോടുമുള്ള നമ്മുടെ കടമകളിലും ആ കടമകൾ നമുക്കു നൽകുന്ന ഭാരിച്ച ഉത്തരവാദിത്വങ്ങളിലും അനാസ്ഥയും അലംഭാവവും ഉള്ളവരാകാതിരിക്കട്ടെ.

—o—

കത്തോലിക്കരാണ്. ഞാൻ മാത്രം......... യാക്കോബിന്റെ കണ്ണുകൾ നിറഞ്ഞു. "ഞാൻ അവരെ കണ്ടിട്ട കൊല്ലങ്ങൾ ഇരുപത്തഞ്ചിലധികമായി. എനിക്കവരെ ഒന്നു കാണണം" ഗദ്ഗദത്തോടെയാണ് അവൻ അതു പറഞ്ഞുതീർന്നത്.

"അതിനെന്താ, പോയി അവരെക്കാണരുതോ?" എന്റെ ചോദ്യം കേട്ട് ഹൃദയവേദനയോടെ യാക്കോബു തുടർന്നു.

"ഒരു മുസ്ലീമായിട്ട ഞാൻ എങ്ങനെ എന്റെ പ്രിയപ്പെട്ട മാതാപിതാക്കളെ കാണുവാൻ പോകും. ഞാനൊരു മുസൽമാനായെന്ന് അവർക്കറിഞ്ഞുകൂടാ. അതറിഞ്ഞാൽ മനമുരുകി മരിച്ചുകളയും. എനിക്കതു കാണുവാൻ വയ്യ. ഇനിയും ഒരു കത്തോലിക്കനായ ശേഷമേ അവരെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. അതുകൊണ്ട് എനിക്കു മാമ്മോദീസാ തരുക"

"എത്ര നാളായി മാതാപിതാക്കളെ പിരിഞ്ഞിട്ട്?"

"അതൊരു നീണ്ട കഥയാണു ഫാദർ. എങ്കിലും പറയാം. എനിക്കു പത്തു പതിന്നാലു വയസ്സുള്ളപ്പോൾ ഞാൻ വീട്ടിൽ നിന്നും ഒളിച്ചോടിപ്പോയി. അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു നടന്നു. ഒടുവിൽ പട്ടാളത്തിൽ ചേർന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ഞാൻ പട്ടാളത്തിലായിരുന്നു. ബോസിനെപ്പോലും കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. യുദ്ധമവസാനിച്ചപ്പോൾ എന്നെയും മററുള്ളവരെപ്പോലെ സൈന്യത്തിൽ നിന്നും പിരിച്ചുയച്ചു. ഞാൻ വീണ്ടും വഴിയാധാരമായി. ജോലി അന്വേഷിച്ച് ഇവിടെവന്നു. എനിക്കൊരു ജോലി കിട്ടി. നാക്കേദാരുടെ ജോലി. രാത്രിയിൽ പെരുവഴിയുടെ നാല്ക്കവലയിൽ ഉറക്കമിളച്ചിരിക്കണം. വരുന്ന ലോറിയും മററു വാഹനങ്ങളും തടഞ്ഞുനിറുത്തി 'ചെക്ക' ചെയ്യണം. ഇതാണു് നാക്കേദാരുടെ ജോലി."

"ഇപ്പോൾ എവിടെയാണ് താമസം?" ഞാൻ ചോദിച്ചു.

"എനിക്കു താമസിക്കുന്നതിനു പ്രത്യേക സ്ഥലമൊന്നുമില്ല ഒരു തെണ്ടിപ്പട്ടിയുടെ മാതിരിയാണ് എന്റെ ഇപ്പോഴത്തെ ജീവിതം. മിക്കപ്പോഴും തട്ടാവിന്റെ തിണ്ണയിൽ കിടന്നുറങ്ങും. ജോലിക്കു സമയമാകുമ്പോൾ നാൽക്കവലയിലേക്കു പോകും."

"ഇതിനുമുമ്പ് എവിടെയാണ് താമസിച്ചിരുന്നത്?"

"ഈ പള്ളിയുടെ ആ കാണുന്ന മുറിയിലാണ് ഞാൻ താമസിച്ചിരുന്നതു്." മുറി ചൂണ്ടിക്കാണിച്ചുകൊണ്ട് യാക്കോബു പറഞ്ഞു.

"പിന്നെ ഇവിടെനിന്നും പോകാൻ കാരണമെന്താണ്?" ഞാൻ തിരക്കി.

"ഓ അതു പറയുവാൻ എനിക്കു ലജ്ജ തോന്നുന്നു. എന്നാലും പറയാം. ഞാൻ പള്ളിയുടെ വരാന്തയിൽ താമസിച്ചിരുന്നിട്ടും പള്ളിയിൽ പോകുകയോ കൂദാശകൾ സ്വീകരിക്കയോ ചെയ്തിരുന്നില്ല. അന്നത്തെ വികാരിയച്ചൻ എന്നെ ഉപദേശിച്ചു, ശാസിച്ചു, ഭീഷണിപ്പെടുത്തി. ഒന്നും ഞാൻ വകവച്ചില്ല. എന്റെ മുസ്ലീംകൂട്ടുകാരുമായി ഞാൻ അദ്ദേഹത്തെ പുച്ഛിച്ചു. 'ആണ്ടിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കണം' എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. എനിക്കിപ്പോൾ പാപമൊന്നുമില്ല. പാപം ചെയ്യുമ്പോൾ കുമ്പസാരിക്കാൻ വന്നുകൊള്ളാം എന്നു ഞാൻ തർക്കുത്തരം നല്കി. എന്റെ ദുർന്നടപ്പാലും ചീത്ത കൂട്ടുകാരാലും ക്ഷമ കെട്ട അദ്ദേഹം എന്നോടു ഇവിടെനിന്നും ഇറങ്ങിപ്പോകുവാൻ ആജ്ഞാപിച്ചു. അഹങ്കാരിയായ ഞാൻ എന്റെ കൂട്ടുകാരെ വിശ്വസിച്ചു. ഞാൻ അവരുടെ പിറകെ പോയി. ആത്മാർത്ഥമിത്രങ്ങളാണവരെന്നു ഞാൻ കരുതി. ഒരു മുസൽമാനാകുവാൻ അവർ എന്നെ ഉപദേശിച്ചു. ഹൊ! ഞാൻ വഞ്ചിതനായി! എനിക്കതു ചിന്തിക്കുവാൻ പോലും വയ്യ. അവരെന്നെ മുസൽമാനാക്കി. ഞാൻ...... ഹാ......ധൂർത്തപുത്രനായി മാറി. സന്തോഷിക്കാമെന്നു ഞാൻ കരുതി. പക്ഷേ, പിന്നീടുള്ള എന്റെ ജീവിതം നരകതുല്യമായിരുന്നു. എനിക്കിനിയും ഇങ്ങനെ തുടർന്നുകൊണ്ടുപോകുവാൻ സാദ്ധ്യമല്ല. എനിക്കു മാമ്മോദീസാ തരണം."

"ഇപ്പോൾ കത്തോലിക്കാസഭയിലേക്കു തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നതെന്തുകൊണ്ടാണ്?"

"ഞാൻ ഒരു മുസൽമാനായിരിക്കണമെന്നായിരുന്നു ദൈവനിശ്ചയമെങ്കിൽ ഒരു മുസ്ലീം കുടുംബത്തിൽ ജനിക്കുന്നതിനു ദൈവം എന്നെ അനുവദിക്കുമായിരുന്നു. ഒരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു വളരുവാൻ ഭാഗ്യം തന്നദൈവം ഞാൻ ഒരു കത്തോലി

ക്കനായിരിക്കുവാനാണ് ആഗ്രഹിക്കുന്നതു്. അതുകൊണ്ടു് എനിക്കു് ഇനിയും ഒരു കത്തോലിക്കനാകണം.''

''അതിനു വിഷമമൊന്നുമില്ല'' യാക്കോബിൻെറ യുക്തികേട്ടു ചിരിച്ചുകൊണ്ടു ഞാൻ പറഞ്ഞു. ചെയ്തുപോയ അപരാധത്തിനു പരസ്യമായി പ്രായശ്ചിത്തം ചെയ്തു തിരിച്ചു വന്നാൽ മതി. വേദോപദേശം വല്ലതുമറിയാമോ?''

''ഒന്നും അറിഞ്ഞുകൂടാ.''

''എത്ര ദൈവവമുണ്ടെന്നറിയാമോ?'' ഒന്നു പരീക്ഷിക്കുവാൻവേണ്ടി ഞാൻ ഞാൻ ചോദിച്ചു.

''അറിയാം. ദൈവം ഒന്നേയുള്ളു. 'ഖുദാ' എന്നു വിളിക്കുന്ന 'പരമേശ്വരൻ'.

''ദൈവത്തിൽ എത്ര ആളുകളുണ്ടു്''? ഞാൻ ചോദ്യം തുടർന്നു.

''പിതാവു്, പുത്രൻ, മാതാവു്'' ഇതു കേട്ടപ്പോൾ എനിക്കു് ചിരിക്കണമെന്നു തോന്നി. ചിരി അടക്കിക്കൊണ്ടു ഞാൻ പറഞ്ഞു. ''പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നീ മൂന്നാളുകളാണു് ദൈവത്തിലുള്ളതു്''

''അതേ അച്ചോ, ഞാനെല്ലാം മറന്നുപോയി. എന്നെ മാമ്മോദീസാ മുക്കുക. ഞാനെല്ലാം പഠിച്ചോളാം'' ഒരു കൊച്ചു കുഞ്ഞിനെപ്പോലെ യാക്കോബ്യ് പറഞ്ഞു. മതകാര്യങ്ങളെപ്പററി യാതൊരറിവുമില്ലെന്നു മാത്രമല്ല തെററുകൾ മനസ്സിലാക്കിയപ്പോൾ തൻെറ പിതാവിൻെറ വീട്ടിലേയ്ക്കു വീണ്ടും മാമ്മോദീസാ കൂടാതെ തിരിച്ചു ചെല്ലുവാൻ തനിക്കു സാധിക്കുമെന്നുപോലും അറിവില്ലാത്ത ആ ധൂർത്ത പുത്രൻെറമേൽ എനിക്കലിവു തോന്നി.

''അടുത്ത തിങ്കളാഴ്ച വരുക. ഞാൻ വേദോപദേശം പഠിപ്പിക്കാം. മതകാര്യങ്ങളൊന്നും അറിവില്ലാതെ മാമ്മോദീസാ സ്വീകരിക്കുവാൻ സാദ്ധ്യമല്ലല്ലോ.'' ഞാൻ ശാന്തമായി പറഞ്ഞു.

''അങ്ങനെയാകട്ടെ അച്ചോ'' സ്തുതി ചൊല്ലിയശേഷം യാക്കോബ്യ പതുക്കെ നടന്നകന്നു. ആ നാക്കേദാരുടെ കണ്ണുകൾ കലുഷിതങ്ങളായിരുന്നു. ഹൃദയം ശാന്തവും!

## സുഹൃത്തേ, സദയം ശ്രദ്ധിക്കുക.

'ക്രൈസ്തവകാഹള'ത്തിൻെറ വരിസംഖ്യ കുടിശിക വരുത്തിയിട്ടുള്ളവരിൽ ഒരാളാണോ താങ്കളും? അനേകർ വരിസംഖ്യ യഥാസമയം നൽകിയില്ലെങ്കിൽ മാസികയുടെ ചുമതലക്കാർക്കുളവാകുന്ന വിഷമങ്ങളെക്കുറിച്ചു താങ്കൾ ചിന്തിച്ചിട്ടുണ്ടോ? പത്തും നാല്പതും മാസിക ഒന്നിച്ചെടുത്തിട്ടു വരിസംഖ്യ തരാത്ത വിരുതന്മാരും ഉണ്ടു്. രണ്ടരരൂപാ തുച്ഛമായ ഒരു സംഖ്യ മാത്രമാണ്. പക്ഷേ, അനേകമനേകം രണ്ടരരൂപാ കൂടുമ്പോൾ അതു വലിയൊരു സംഖ്യ തന്നെയാണെന്നു പറയേണ്ടതില്ലല്ലോ.

താങ്കളുടെ കുടിശികയും 65-ലെ വരിസംഖ്യയും ഉടനെതന്നെ അയച്ചുതന്നു സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

കൂടാതെ, ആധ്യാത്മികമായി ഈടുററ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ മാസികയുടെ പ്രചരണത്തിനും താങ്കളുടെ സൗഹാർദ്ദപൂർണ്ണമായ സഹായം പ്രതീക്ഷിക്കുന്നു.

പണം അയയ്ക്കുമ്പോൾ രജിസ്റ്റർ നമ്പർ എഴുതുവാൻ മറക്കുകയില്ലല്ലോ.

നന്ദി.

മാനേജർ,
ക്രൈസ്തവകാഹളം,
ആർച്ചുബിഷപ്പ്സ് ഹൗസ്
തിരുവനന്തപുരം 4.

# വേദപുസ്തകം—Bible

(വ. ദി. ശ്രീ. ചേപ്പാട്ടു പീലിപ്പോസ്സ്റമ്പാൻ)

വേദപുസ്തകമെന്നതു് ദൈവനിവേശിതങ്ങളെന്നു് തിരുസഭ സമ്മതിച്ചിട്ടുള്ള പഴയനിയമം പുതിയനിയമം എന്ന രണ്ടിനം പുസ്തകങ്ങളുടെ ഒരു സമുച്ചയമാണു്. പഴയനിയമത്തിൽ 45 പുസ്തകങ്ങളും പുതിയ നിയമത്തിൽ 27-പുസ്തകങ്ങളുമാണുള്ളതു്. പഴയനിയമഗ്രന്ഥങ്ങൾ ക്രിസ്തുവിനു മുമ്പു് 1250 വർഷങ്ങൾക്കിടയിൽ രൂപം കൊണ്ടതും പുതിയനിയമഗ്രന്ഥങ്ങൾ ക്രിസ്തീയ വർഷത്തിന്റെ ഒന്നാം നൂററാണ്ടിൽ എഴുതീട്ടുള്ളവയുമാണു്. അവ ഒരോന്നിനെയും പററി പഠിക്കുവാൻ തുടങ്ങുന്നതിനു മുമ്പായി വേദപുസ്തകം ഇപ്പോഴത്തെ നിലയിൽ ഒരു ഒററപുസ്തകമായി നമുക്കു് ലഭിച്ചതെങ്ങനെയെന്നു നാം അറിഞ്ഞിരിക്കേണ്ടതാണു്.

## എഴുത്തില്ലാത്തകാലം

ക്രിസ്തുവിനു ഏകദേശം 2300 വർഷങ്ങൾക്കു് മുമ്പാണു് അബ്രഹാം ജീവിച്ചിരുന്നതു്. അന്നു കടലാസും എഴുത്തുമൊന്നും ഇല്ലായിരുന്നു. എല്ലാവരും അവരവരുടെ ഗോത്രപേരുകളും വംശാവലിയും, മററു അവിസ്മരണീയ സംഭവങ്ങളുമെല്ലാം കീർത്തനങ്ങളായും നൃത്തസംഗീത കഥകളായും തങ്ങളുടെ പിൻതലമുറക്കാരെ പഠിപ്പിച്ചുവന്നിരുന്നു. മാന്യന്മാരെന്നും ദൈവീകരെന്നും സമ്മതിയാർജ്ജിച്ചിട്ടുള്ളവരായിരുന്നു അവയുടെ നിർമ്മാതാക്കൾ. അതിനാലെല്ലാവരുമതിനെ ഭക്ത്യാദരപുരസരം പരിരക്ഷിച്ചും വന്നിരുന്നു. അതുകൂടാതെ ചില ചിത്രങ്ങൾ വരച്ചും ഓരോ സംഭവങ്ങളുടെ സ്മരണ നില നിറുത്തിവന്നിരുന്നു.

## ശിലാലിഖിതകാലം.

ഇങ്ങനെ തലമുറകൾ പലതു കഴിഞ്ഞപ്പോൾ എഴുതുന്നതിനുള്ള വഴികൾ കണ്ടുപിടിച്ചു. ചിത്രങ്ങളിൽ നിന്നാണു് ലിപികൾ രൂപീകരിക്കപ്പെട്ടതു്. അങ്ങനെ സംഗതികൾ രേഖപ്പെടുത്താമെന്നു്വന്നപ്പോൾ അവർ തങ്ങളുടെ പിതാക്കന്മാരുടെ പേരുകളും വംശാവലികളുമെല്ലാം കൽതൂണുകളിലും കല്പലകകളിലും കലങ്ങളുടെ പുറത്തും മററുമായി ഒരുതരം നാരായം കൊണ്ടു കൊത്തിരേഖപ്പെടുത്തി സൂക്ഷിക്കുവാൻ തുടങ്ങി. അബ്രഹാമിന്റെ മക്കളെ എബ്രായക്കാരെന്നും അവരുടെ ഭാഷക്കു് എബ്രായഭാഷയെന്നും ആയിരുന്നു പേരു്. ആ എബ്രായ ഭാഷയിലാണു് അവർ എഴുതിതുടങ്ങിയതു്. അതു എല്ലാവരും ഹൃദിസ്ഥമാക്കിയും വന്നിരുന്നു.

ക്രിസ്തുവിനു് ഏകദേശം 1400 വർഷങ്ങൾക്കു് മുമ്പാണു് മോശ ജീവിച്ചിരുന്നതു്. അദ്ദേഹത്തിന്റെ കാലത്തു് സീനായിമലയിൽവച്ചു് ദൈവം പത്തു കല്പനകൾ രണ്ടു് കല്പലകകളിൽ എഴുതികൊടുത്തതായി നാം വായിക്കുന്നു. അതിൽനിന്നും മോശയുടെ കാലം കല്ലിലുള്ള എഴുത്തുകാലമായിരുന്നു എന്നു് ഗ്രഹിക്കാം. പോരെങ്കിൽ മോശ പഠിപ്പിച്ചിട്ടുള്ള പ്രമാണങ്ങളെല്ലാം കല്ലുകളിൽ രേഖപ്പെടുത്തിവെക്കണമെന്നും (ആവ. 27: 1-3) മററും മോശയുടെ ആവർത്തനപുസ്തകത്തിൽ എഴുതിട്ടുമുണ്ടു്. നീ ആരാണെന്നു അന്നു ഒരുവനോടു ചോദിച്ചാൽ ഞാൻ ഇന്ന ഗോത്രത്തിൽപ്പെട്ട ഇന്നാരുടെ മകൻ ഇന്നാരാണെന്നായിരിക്കും സാധാരണന്മാർ പോലും പറയുന്നതു്. അതിനു വേദപുസ്തകത്തിൽ ധാരാളം തെളിവുകളുമുണ്ടു്. (ലൂക്കൊ. 2. 36. യോശു. 7. 18 മത്താ. 1. 1—18 ഒന്നു നാളാ. 1. 1 മുതലും നോക്കുക)

## പപ്പീറസിലെ എഴുത്തുകാലം

അങ്ങനെ തലമുറകൾ പലതു കഴിഞ്ഞപ്പോൾ വേറൊരു വിദ്യ കണ്ടുപിടിച്ചു. ഈജിപ്റ്റിലെ നീലനദീതീരത്തുള്ള ചതുപ്പുസ്ഥലങ്ങളിൽ വളരുന്ന പപ്പിറസ്സ് എന്നൊരുതരം വണ്ണം കൂടിയ ഞാങ്ങണയുടെ തൊലിക്കകത്തുള്ള ഉള്ളരി എഴുതാൻ കൊള്ളുന്നതാണെന്നു കണ്ടുപിടിച്ചു. പലരും ഈ പപ്പിറസ്സ് വെട്ടിയെടുത്തു് നീളത്തിൽ ഒട്ടിച്ചുചേർത്തു് അവയിൽ എഴുതി തുടങ്ങി. അതിന്റെ രണ്ടററത്തും രണ്ടു തണ്ടുകൾ വച്ചു പിടിപ്പിച്ചു് അവയിൽ ചുററി ചുരുളുകളാക്കി സൂക്ഷിച്ചുവന്നു. കല്ലുകളിലും മററും എഴുതിയിരുന്നവയെല്ലാം അവർ ഈ പപ്പിറ

സിൽ പകർത്തി എഴുതി സൂക്ഷിച്ചു തുടങ്ങി. പേപ്പർ എന്ന വാക്ക് ഈ പപ്പിറസ് എന്ന വാക്കിൽനിന്നുണ്ടായതാണ്.

## തുകൽചുരുളുകളിലുള്ള എഴുത്തുകാലം

അങ്ങിനെ പിന്നെയും തലമുറകൾ പലതു കഴിഞ്ഞു. ജനസംഖ്യയും വളരെയായി. പപ്പിറസു പൊടിഞ്ഞുപോകുന്നതാണെന്നു കണ്ടു. അപ്പോൾ അവർ ഊറയ്ക്കിട്ട ആട്ടിൻതുകൽ നീളത്തിൽ വെട്ടിയെടുത്തു അവരുടെ പൂർവ്വചരിത്രങ്ങളെല്ലാം കൽതൂണുകളിൽ നിന്നും പപ്പിറസിൽ നിന്നും മററും അവയിൽ പകർത്തി എഴുതി പുസ്തകചുരുളുകളാക്കി സൂക്ഷിച്ചുതുടങ്ങി. അതിനു കേടു വന്നാൽ വേറെ പുതിയ തുകൽ ചുരുളുകളിൽ അതു പകർത്തിയെഴുതും. ആ പുസ്തകചുരുളുകൾ അവരുടെ ആത്മാഭിമാനത്തിൻെറയും ആദ്ധ്യാത്മികജീവിതത്തിൻെറയും ഉറവിടമായി പരിലസിച്ചിരുന്നു. അവ പള്ളിയിലും പ്രാർത്ഥനാലയങ്ങളിലും മററുമായി സൂക്ഷിച്ചുംവന്നിരുന്നു. ഇങ്ങനെ തുകലിൽ എഴുതപ്പെട്ട ന്യായപ്രമാണത്തിന് എബ്രായഭാഷയിൽ ''തോറാ'' എന്നും സുറിയാനിഭാഷയിൽ ''ഓറൈത്ത'' എന്നും അറബിയിൽ ''തൌറാത്ത്'' എന്നും പേരു പറഞ്ഞുവരുന്നു.

ക്രിസ്തുവിനു ഏകദേശം 600 വർഷങ്ങൾക്ക് മുമ്പു യഹൂദിയാ രാജ്യം ഭരിച്ചിരുന്ന യോശിയാരാജാവിൻെറ കാലത്തു് പ്രധാനാചാര്യനായ ഹിസ്കിയാ ഒരു ന്യായപ്രമാണ പുസ്തകചുരുൾ ദൈവാലയത്തിൽ നിന്നും കണ്ടെടുത്തു. അപ്പോൾ യോശിയാരാജാവ് ജനങ്ങളെ വിളിച്ചുവരുത്തി അതു വായിച്ചു കേൾപ്പിക്കയും എല്ലാവരും അതനുസരിച്ചു നടക്കണമെന്നും വിഗ്രഹങ്ങളെല്ലാം നീക്കിക്കളയണമെന്നും കല്പിച്ചു. (2 രാജാ. 23. 2-4) ഇതിൽനിന്നു് ജനത്തിന് അവരുടെ ധർമ്മാനുശാസനത്തോടു എത്രമാത്രം ആദരവും ബഹുമാനവും ഉണ്ടായിരുന്നു എന്നനുമിക്കാവുന്നതാണ്.

ക്രിസ്തുവിനു ഏകദേശം 530 വർഷങ്ങൾക്ക് മുമ്പു പർഷ്യായിലെ ബാബേൽ രാജാവായ നെബുക്കദ്നേസർ യറുശലേം പിടിച്ചടക്കുകയും യഹൂദന്മാരെ അടിമകളാക്കി ബാബേലിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. അങ്ങനെ ബാബേലിൽ താമസിക്കുന്ന കാലത്തു അവരുടെ വംശാവലികളും ന്യായപ്രമാണങ്ങളും മററുമടങ്ങിയ തുകൽ ചുരുളുകൾ പകർത്തിയെഴുതുന്നതിനു പലക്കും വേണ്ട സൌകര്യം ലഭിച്ചിരുന്നു. അവർ അവ പകർത്തി എഴുതുകയും ചെയ്തു.

നെബുക്കദനേസറിൻെറ രാജാധികാരം പിടിച്ചെടുത്ത സയറസ് (കോറേശ്) രാജാവ് ഏകദേശം ബി. സി. 460-ൽ യഹൂദന്മാർ തിരിച്ചുപോരുവാനനുവദിക്കയും അവരുടെ ദേവാലയം കേടുപോക്കുവാൻ സമ്മതിക്കയും ചെയ്തു. തദനുസരണം ഏകദേശം 450-ൽ എസ്രായും 444-ൽ നഹേമിയായും അനേകം യഹൂദന്മാരെയും കൂട്ടിക്കൊണ്ടു യറുശലേമിലേക്കു വന്നു. അപ്പോൾ എസ്രായുടെ കയ്യിൽ തുകലിലെഴുതിയ ഒരു ന്യായപ്രമാണചുരുൾ ഉണ്ടായിരുന്നു. അതു ജനത്തെ വായിച്ചു കേൾപ്പിച്ചപ്പോൾ ജനങ്ങളെല്ലാവരും വണക്കത്തോടുകൂടെ എഴുനേററു നില്ക്കുകയും ന്യായപ്രമാണപ്രകാരം ജീവിച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്യുകയും ചെയ്തു (നഹേ: 8. 5-6) ഇതിൽനിന്നു ന്യായപ്രമാണത്തെ ഒരു ദൈവനിവേശിത ഗ്രന്ഥമായി അന്നത്തെ ആളുകൾ കരുതിവന്നിരുന്നു എന്നു ഗ്രഹിക്കാം. ഈ പുസ്തകത്തിലെ എഴുത്തിനു ഒരു വിശേഷതയുണ്ട്. ഓരോ സംഭവങ്ങളിലും ദൈവം എങ്ങനെയെല്ലാം ഇടപെട്ടുയെന്നും അവയെ ദൈവം എങ്ങനെ നിയന്ത്രിച്ചു എന്നും ഉള്ള വിവരണത്തോടുകൂടിയാണു അവയൊക്കെയും എഴുതിയിരിക്കുന്നതു. അതിനാൽ അവയിൽനിന്നു് ദൈവത്തെക്കുറിച്ചുള്ള വിശദമായ അറിവുകൾ നമുക്ക് ലഭിക്കുന്നതാണ്.

## പ്രവാചകന്മാരുടെ കാലം

ക്രിസ്തുവിനു് ഏകദേശം 1017 വർഷങ്ങൾക്കു മുമ്പായിരുന്നു ദാവീദ് രാജാവിൻെറ കാലം. അതിനു മുമ്പു മുതലെ പ്രവാചകന്മാരുണ്ടായിരുന്നു, ക്രിസ്തുവിനു് 450 വർഷങ്ങൾക്കു് മുമ്പുവരെയും അവരുണ്ടായിട്ടുണ്ട്. അവരിൽ അധികം പേരും ദൈവീകമായ അറിവും നിയന്ത്രണശേഷിയും ഉള്ളവരും അവ പ്രായോഗികമാക്കാൻ എന്തു ത്യാഗവും സഹിപ്പാൻ സന്നദ്ധരുമായിരുന്നു. വേദപുസ്തകത്തിലുള്ള ഒടുവിലത്തെ പ്രവാചകനായ മലാഖി ജീവിച്ചിരുന്നതു ഏകദേശം ബി. സി. 450-ലാണ്. ദീർഘദർശിയായ ഏശായായുടെ കാലം ബി. സി. 700 നു മുമ്പായിരുന്നു. അന്നു മുതലുള്ള ദീർഘദർശനങ്ങൾ മിക്കതും രേഖപ്പെടുത്തപ്പെട്ടിട്ടു

ണ്ടു്. അവ ആ ദീർഘദർശിമാർ തന്നെയോ അവരുടെ ശിഷ്യന്മാരിൽ വല്ലവരുമോ എഴുതിയതായിരിക്കണം. ഈ പ്രവചനഗ്രന്ഥങ്ങളെല്ലാം ബി. സി. 200-നു മുമ്പുതന്നെ യഹൂദസഭയാൽ അംഗീകരിക്കപ്പെട്ടു. അവരുടെ ന്യായപ്രമാണത്തോടും ഇതര ചരിത്രഗ്രന്ഥങ്ങളോടും അവ ചേർക്കപ്പെടുകയും ചെയ്തു.

ഈ പുസ്തകച്ചുരുളുകളുടെ എഴുത്തിനു ചില പ്രത്യേകതകൾ ഉണ്ടു്. അവയും കൂടെ നാം ഗ്രഹിച്ചിരിക്കണം. 1) വാക്കുകൾ തമ്മിൽ തിരിച്ചറിയത്തക്കവണ്ണം സ്വല്പം അകലമിട്ടെഴുതണമെന്നതു അന്നു് അറിയാൻ പാടില്ലാഞ്ഞതിനാൽ പഴയ പുസ്തകച്ചുരുളുകളിൽ അകലമിടാതെ വാക്കുകൾ ചേർത്തു ചേർത്തു് ആണു് എഴുതിയിരിക്കുന്നതു്. 2) വാചകങ്ങൾ തിരിച്ചറിയുന്നതിനു് ഒരു കുത്തിട്ടശേഷം വേണം അടുത്ത വാചകമെഴുതുവാൻ എന്നുള്ള പ്രമാണവും അന്നില്ലായിരുന്നതിനാൽ കുത്തിടാതെയും വാചകങ്ങൾ വേർതിരിക്കാതെയുമാണു് എഴുതിയിരിക്കുന്നതു്. 3) അതുപോലെതന്നെ ഖണ്ഡികകളും തിരിച്ചെഴുതീട്ടില്ല. 4) ഒരാളുടെ എഴുത്തു് കഴിഞ്ഞു് വേറൊന്നു പകർത്തുമ്പോഴും അതിനു് പേരോ അടയാളമോ ഒന്നും കൊടുത്തിരുന്നില്ല. 5) പഴയനിയമം പല രേഖകളുടെ ഒരു സമുച്ചയമാണു്. അവയുടെ പേരോ എഴുത്തുകാരന്റെ പേരോ എഴുതിയ വർഷമോ ഒന്നും രേഖപ്പെടുത്തീട്ടില്ല. 6) പലയിടത്തുനിന്നുള്ള രേഖകൾ പകർത്തിയെഴുതിയതാകയാൽ പലയിടത്തും ആവർത്തിപ്പുകൾ വന്നുപോയിട്ടുണ്ടു്. അതിനൊരു മാററവും വരുത്തീട്ടില്ല. എന്തെന്നാൽ വിലയേറിയ രേഖകൾക്കു് വ്യത്യാസം ചെയ്തെഴുതിയാൽ അതിന്റെ മതിപ്പു കുറഞ്ഞുപോകുമെന്നു് അവർ ശങ്കിച്ചിരുന്നു.

## ഗ്രീക്കുസെപ്ററിജിന്തു വിവർത്തനം

ക്രിസ്തുവിനു് വളരെ മുമ്പു മുതലെ യഹൂദന്മാർ ഈജിപ്തിൽ കുടിയേറിപ്പാർത്തുതുടങ്ങിയിരുന്നു. ഗ്രീസുകാരനായ അലക്സാണ്ടർ ചക്രവർത്തി ബി. സി. 332-ൽ ഈജിപ്ററു് പിടിച്ചടക്കുകയും അതിന്റെ തലസ്ഥാനത്തിനു് തന്റെ സ്വന്തം പേരിൽ അലക്സാന്ത്രിയ പട്ടണമെന്ന പേരു കൊടുക്കുകയും അവിടെ ഗ്രീക്കുഭാഷ നടപ്പാക്കുകയും ചെയ്തിരുന്നു. അതിനാൽ കാലാന്തരത്തിൽ അവിടെയുള്ള യഹൂദന്മാരുമെല്ലാം ഗ്രീക്കുഭാഷക്കാരായിത്തീർന്നു. എബ്രായഭാഷയറിയാവുന്നവർ ഈജിപ്തിൽ കുറഞ്ഞുതുടങ്ങി. അപ്പോൾ എബ്രായഭാഷയിൽ ഉള്ള പഴയനിയമഗ്രന്ഥം അവർക്കെല്ലാവർക്കും പരിചയമുള്ള ഗ്രീക്കുഭാഷയിലേക്കു് വിവർത്തനം ചെയ്യേണ്ടതാവശ്യമെന്നു വന്നു.

അതിലേക്കു് ബി. സി. 280-നും 150-നും ഇടയ്ക്കു് അവർ 72 പണ്ഡിതന്മാരെ നിയമിച്ചു. അവർ ഒരു ദ്വീപിൽ പോയിരുന്നു് 72 ദിവസം കൊണ്ടു പഴയനിയമം മുഴുവനും ഗ്രീക്കുഭാഷയിലേക്കു് വിവർത്തനം ചെയ്തു എന്നാണു് പറയപ്പെടുന്നതു്. പഴയനിയമഗ്രന്ഥം പേരുകളൊന്നും ഇല്ലാതെയിരിക്കുന്നതു പലതുകൊണ്ടും അസൌകര്യമാണെന്നവർക്കു് തോന്നി. അതിനാൽ അതിന്റെ ആദ്യഭാഗം ഉല്പത്തി, പുറപ്പാടു, ലേവ്യ, സംഖ്യ, ആവർത്തനം എന്നിങ്ങനെ അഞ്ചു പുസ്തകങ്ങളായി തിരിച്ചു. അവയ്ക്കു് മോശയുടെ ഒന്നാം പുസ്തകം, രണ്ടാം പുസ്തകം, മൂന്നാം പുസ്തകം എന്നിങ്ങനെയുള്ള പേരുകൾ കൊടുത്തു. പിന്നത്തെ ഭാഗം യോശുവായുടെ കാലത്തെ ചരിത്രമാകയാൽ അതിനു യോശുവായുടെ പുസ്തകമെന്നു് പേർ കൊടുത്തു. പിന്നീടുള്ളതു ന്യായാധിപതിമാരുടെ കാലത്തെ ചരിത്രമാകയാൽ അതിനു് ന്യായാധിപതിമാരുടെ പുസ്തകമെന്നു പേരു കൊടുത്തു. അങ്ങിനെ ഇന്നു നാം പഴയ നിയമത്തിൽ കാണുന്ന പ്രകാരം ഓരോ പേരുകൾ കൊടുത്തു പഴയനിയമത്തെ പല പുസ്തകങ്ങളായി തിരിച്ചു.

ഈ ഗ്രീക്കു് വിവർത്തനത്തിനു് 72 പേരുടെ വിവർത്തനമെന്ന അർത്ഥത്തിൽ സെപ്ററിജിന്തു് ബൈബിൾ എന്നു പേർ പറഞ്ഞുവരുന്നു. മെസൊപൊട്ടേമിയായിലെ യഹൂദന്മാർ അവരുടെ ന്യായപ്രമാണഗ്രന്ഥത്തോടു ചേർക്കാതെ വേറെ ആറു ഗ്രന്ഥങ്ങൾ കൂടെ ചുരുളുകളാക്കി സൂക്ഷിച്ചുവന്നിരുന്നു. ചില പ്രത്യേക പെരുന്നാളുകളിൽ അതു പള്ളിയിൽ വായിക്കുന്ന പതിവുമുണ്ടായിരുന്നു. ഈ ഗ്രീക്കു തർജ്ജിമക്കാർ ആ ആറു പുസ്തകങ്ങളെയും കൂടെ വിവർത്തനം ചെയ്തു ആ ഗ്രീക്കു ബൈബിളിൽ യഥാസ്ഥാനങ്ങളിൽ ചേർത്തുവച്ചു. അതിനാലാണു് കത്തോലിക്കരുടെ പഴയനിയമത്തിൽ നാല്പത്തിയഞ്ചു പുസ്തകങ്ങൾ കാണുന്നതു്. മെസൊപൊട്ടേമിയായിലെ യഹൂദന്മാർ ആ ആറു പുസ്തകങ്ങളെ വേറെ ഗ്രന്ഥങ്ങളായി സൂക്ഷിച്ചുവന്നിരുന്നതിനാൽ പ്രോട്ടസ്റ്റന്റുകാർ 1545 എ. ഡിയിൽ ആ ആറു പുസ്തകങ്ങളേയും വേദപുസ്തകത്തിൽനിന്നു നീക്കിക്കളഞ്ഞു. അതിനാല്ലാ

ണു് പ്രോട്ടസ്റ്റൻറു് കാരുടെ ബൈബിളിൽ ആറു പുസ്തകങ്ങൾ കുറഞ്ഞുപോയതു്.

കാലങ്ങൾ വളരെ കഴിഞ്ഞു ക്രിസ്തീയ വഷമായി. അച്ചടിയന്ത്രം കണ്ടുപിടിച്ചു. വേദപുസ്തകത്തിൻെറ അച്ചടിയും ആരംഭിച്ചു. വേദപുസ്തകത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾക്കു് മോശയുടെ പുസ്തകമെന്നു പേരുപറഞ്ഞുവന്നതിനാൽ അതെല്ലാം മോശതന്നെ എഴുതിയതാണെന്നു ധരിച്ചു. അപ്പോൾ ആവൎത്തനപുസ്തകത്തിൽ മോശയുടെ മരണവാൎത്ത വന്നതെങ്ങനെയെന്നു് പലക്കും സംശയമായി. യോശുവായുടെ മരണവാൎത്ത യോശുവായുടെ പുസ്തകത്തിലുണ്ടു്. ശമുവേലിൻെറ മരണവാൎത്ത ശമുവേലിൻെറ പുസ്തകത്തിലുമുണ്ടു്. അതിനാൽ ഈ പുസ്തകങ്ങളെല്ലാം കൃത്രിമസംപൂൎണ്ണങ്ങളാണെന്നും ദൈവനിവേശിതങ്ങളല്ലെന്നും മററും പറയുവാൻതുടങ്ങി.

മോശയുടെ മരണവാൎത്ത എഴുതിയതു യോശുവായാണു്. അദ്ദേഹത്തിൻെറ എഴുത്തിൻെറ ആദ്യഭാഗമായിന്നു അതു്. അതു മോശയുടെ പുസ്തകത്തിലിരിക്കട്ടെ എന്നു് ഗ്രീക്കു തൎജ്ജിമക്കാർ കരുതി. യോശുവായുടെ മരണവാൎത്തയെഴുതിയതു് ന്യായാധിപൻമാരുടെ ഗ്രന്ഥമെഴുതിയ ആളെന്നഭിപ്രായപ്പെടുന്ന ശമുവേലായിരിക്കണം. അതു യോശുവായുടെ ഗ്രന്ഥത്തിലിരിക്കട്ടെ എന്നു് ആ ഗ്രീക്കു് വിവൎത്തകർ നിശ്ചയിച്ചു. ശമുവേലിൻെറ മരണവാൎത്ത എഴുതിയതു് രാജാക്കന്മാരുടെ ചരിത്രമെഴുതിയ അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൽപ്പെട്ടവരാരോ ആയിരിക്കണം. അതു ശമുവേലിൻെറ പുസ്തകത്തോടു ചേൎന്നിരിക്കട്ടെ എന്നു് ആ ഗ്രീക്കു വിവൎത്തകർ കരുതി. അങ്ങിനെ ആ ഭാഗം ശമുവേലിൻെറ ഗ്രന്ഥത്തിൽ ചേൎത്തു. അങ്ങിനെയാണു് അവർ പഴയനിയമത്തെ പല ഗ്രന്ഥങ്ങളാക്കി തിരിച്ചതു്. അതു മനസ്സിലാക്കിയാൽ വേദപുസ്തകത്തെപ്പററിയുള്ള അനാവശ്യതക്കങ്ങളെല്ലാം ഇല്ലാതാവും.

## സുറിയാനിവിവൎത്തനം

യഹൂദന്മാർ പർഷ്യായിലെ അടിമവാസത്തിൽ നിന്നും ഏകദേശം ബി സി. 450 മുതൽ പല സംഘങ്ങളായി തിരിച്ചുവന്നു യഹൂദിയായിലും യറുശലേമിലും മററും താമസമാക്കിയിരുന്നു. അങ്ങിനെ കുറെകാലം കഴിഞ്ഞപ്പോൾ അവരുടെ എബ്രായഭാഷയും ദേശീയഭാഷയോടു ചേൎന്നു വ്യത്യാസപ്പെട്ടു തുടങ്ങി. അതിനു അരാമെയ്ക്കു് സുറിയാനി ഭാഷ എന്നു പറഞ്ഞുവന്നു. എബ്രായഭാഷയുടെ ഒരു ഗ്രാമ്യരീതി എന്നു ആ സുറിയാനി ഭാഷയെപ്പററി പറയാവുന്നതാണു്. അങ്ങിനെ ഭാഷയ്ക്കു് വ്യത്യാസം വന്നപ്പോൾ അവർ പഴയനിയമത്തെ ആ സുറിയാനിഭാഷയിലേക്കു് വിവൎത്തനം ചെയ്തു. അങ്ങനെ പഴയനിയമം സുറിയാനിയിലുമായി. പുതിയനിയമത്തിലെ വി. മത്തായിയുടെ സുവിശേഷവും എബ്രായലേഖനവും ഈ സുറിയാനിഭാഷയിലാണു് എഴുതപ്പെട്ടതു്. ബാക്കി ഭാഗങ്ങൾ ഗ്രീക്കിലാണു് എഴുതപ്പെട്ടിരുന്നതു്. അതിനാൽ അവയും കൂടെ സുറിയാനിയിലേക്കു് വിവൎത്തനം ചെയ്തു. എ. ഡി. 200-ാമാണ്ടു് ആയപ്പോഴേക്കു് വേദപുസ്തകം മുഴുവനും സുറിയാനിഭാഷയിലും ഗ്രീക്കു് ഭാഷയിലും ലഭ്യമായി തുടങ്ങി. നമ്മുടെ കൎത്താവു് സംസാരിച്ചുവന്നതും ഈ ആരാമെയ്ക്കു് സുറിയാനിയിലായിരുന്നു. ക്രിസ്തുവിൻെറ രേഖപ്പെടുത്തപ്പെട്ട അനേകം വാക്കുകളിൽ നിന്നും വാചകങ്ങളിൽനിന്നും അതു ഗ്രഹിക്കാവുന്നതാണു്. വി. ജെറോം (എ. ഡി. 340—520) ആണു് വേദപുസ്തകം മുഴുവനും ലത്തീൻ ഭാഷയിലേക്കു് വിവൎത്തനം ചെയ്തതു് എന്നുള്ളതും സ്മൎത്തവ്യമാണു്.

എഡി 397-ൽ കാൎത്തേജിൽ കൂടിയ സുന്നഹദോസാണു് ഇപ്പോൾ ഉള്ള പഴയനിയമഗ്രന്ഥങ്ങളും പുതിയനിയമഗ്രന്ഥങ്ങളും ശരിയായുള്ളതും സ്വീകൎയ്യവുമാണെന്നു പ്രഖ്യാപിച്ചതു് എന്നുള്ളതും സ്മൎത്തവ്യമാണു്.

ഇപ്പോൾ വേദപുസ്തകത്തിൻെറ മൂലഗ്രന്ഥങ്ങളായി പരിലസിക്കുന്നതും എ. ഡി. നാലാം നൂററാണ്ടിലും അതേതുടൎന്നും തുകൽ ചുരുളുകളിൽ എഴുതപ്പെട്ടതും പഴയനിയമവും പുതിയനിയമവും കൂടിയുള്ളതുമായ പല പുസ്തകചുരുളുകളുണ്ടു്. അവ ഓരോ സ്ഥലത്തു് ഓരോ ക്രിസ്തീയ വകുപ്പുകാരുടെ കൈവശത്തിലായി ഇന്നും ഭദ്രമായി സൂക്ഷിച്ചുവരുന്നു. അവയുടെ ഓരോ പേജിൻെറയും ഫോട്ടൊ എടുത്തു് പുസ്തകങ്ങളാക്കി ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള പല വലിയ ഗ്രന്ഥശാലകളിലും കാഴ്ചബംഗ്ലാവുകളിലും മററുമായി സൂക്ഷിച്ചുംവരുന്നു. ഈ മൂലഗ്രന്ഥങ്ങളുമായി ഒത്തുനോക്കിയാണു് പുതിയ ഭാഷകളിലേക്കുള്ള വിവൎത്തനങ്ങൾ ശരിപ്പെടുത്തുന്നതു്. വി. വേദപുസ്തകത്തിൻെറ ഭാഷ

ഇപ്പോഴത്തെ നോവലുകളുടെ ഭാഷയിൽ ആക്കുന്നതായാൽ അവയ്ക്കുള്ള പൂജ്യമായ തന്മയത്തം നഷ്ടപ്പെട്ടുപോകുമെന്നുള്ളതു് ഊഹിച്ചാൽ ആക്കും ഗ്രഹിക്കാവുന്നതാണു്.

അച്ചടിയന്ത്രം കണ്ടുപിടിച്ചതോടുകൂടി വേദപുസ്തകത്തിന്റെ പ്രചരണവും വർദ്ധിച്ചുതുടങ്ങി. അപ്പോൾ പഴയ വേദപുസ്തകചുരുളുകൾ കണ്ടുപിടിക്കുന്നതിനുള്ള ജിജ്ഞാസയും വർദ്ധിച്ചു. അതു കണ്ടുപിടിച്ചിട്ടുള്ളുകൊണ്ടു് ചെല്ലുന്നവക്കു വേണ്ട ധനസഹായവും വിലയേറിയ സമ്മാനങ്ങളും കൊടുക്കാമെന്നു യൂറോപ്പിലെ ധനാഢ്യന്മാരായ പല രാജാക്കന്മാരും പ്രഭുക്കന്മാരും പരസ്യപ്പെടുത്തി. അപ്പോൾ മുതൽ പലരും അന്വേഷണം നടത്തി പല ഗ്രന്ഥങ്ങൾ കണ്ടെടുത്തു.

1) സീനായിമലയിലുള്ള കാത്തറൈൻ സന്യാസാശ്രമത്തിൽ നിന്നും ഒന്നു രണ്ടു പ്രാവശ്യമായി 1859-ൽ കോൺസ്റ്റൻറയിൽ ടിസ്ചൻഡോർഫ് എന്നൊരാൾ പഴയനിയമവും പുതിയനിയമവും അടങ്ങിയതും ക്രിസ്ത്വബ്ദം നാലാം നൂററാണ്ടിൽ തുകലിൽ എഴുതിയതുമായ ഒരു ഗ്രീക്കുവേദപുസ്തകചുരുൾ കണ്ടെടുത്തു. റഷ്യയിലെ സാർ ചക്രവത്തി അതിനു് അമ്പതിനായിരം റൂബിൾസ് വില കൊടുത്തു വാങ്ങി പീട്രൊഗ്രാഡിലെ ഇംപീരിയൽ ലൈബ്രറിയിൽ സൂക്ഷിച്ചുവച്ചു.

2) എ. ഡി. നാലാം നൂററാണ്ടിൽ ഗ്രീക്കിലെഴുതിയതും പഴയനിയമവും പുതിയനിയമവും ഉൾപ്പെട്ടതും തുകലിൽ എഴുതപ്പെട്ടതും ആയ ഒരു വേദപുസ്തകച്ചുരുൾ 1662-ൽ അലക്സാന്ത്രിയായിൽ കണ്ടെത്തപ്പെടുകയും അതു അവിടെനിന്നും കോൺസ്റ്റാൻറിനോപ്പിളിലേക്കു് കൊണ്ടുവരികയും ഒടുവിൽ അതു ഇംഗ്ലണ്ടിലെ ജെയിംസ് രാജാവിനു് സമ്മാനിക്കുകയും അതു 1627-ൽ ചാറൽസ് പ്രഥമൻ ചക്രവത്തി ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ പ്രദർശനത്തിനു് ഏൾക്കുകയും അതു ആക്കും ചെന്നു പരിശോധിക്കത്തക്കവണ്ണം അവിടെ ഇന്നും ഭദ്രമായി സൂക്ഷിച്ചുവരികയും ചെയ്യുന്നു.

3) നാലാം നൂററാണ്ടിൽ എഴുതപ്പെട്ടതും വേദപുസ്തകം മുഴുവനും അടങ്ങിയിരിക്കുന്നതും ആയ ഒരു തുകൽ ചുരുൾ വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചു വരുന്നു.

4) ഏകദേശം എട്ടാം നൂററാണ്ടിൽ തുകലിൽ എഴുതപ്പെട്ട ഒരു ലത്തീൻ വൾഗേററ് ബൈബിൾ ഫ്രാൻസിലെ ഫ്ളോറൻസിൽ സൂക്ഷിച്ചുവരുന്നുണ്ടു്. ഇതിൽ 1029 തുകൽ കടലാസുകളുണ്ടു്. അതിൽ വാക്കുകൾ അകററിയാണു് എഴുതിയിരിക്കുന്നതു്. അതുകൊണ്ടാണു് അതു എട്ടാം നൂററാണ്ടിലോ മററോ എഴുതിയതായിരിക്കണമെന്നു പറയുന്നതു്.

5) ഓരോ പുറത്തും രണ്ടു കോളം വീതമിട്ടു ഒരു കോളത്തിൽ ഗ്രീക്കു് ഭാഷയിലും മററേ കോളത്തിൽ ലത്തീൻഭാഷയിലും എഴുതീട്ടുള്ളതും നാലു സുവിശേഷങ്ങൾ മാത്രമടങ്ങിയതുമായ ഒരു പുസ്തകം 1561-ൽ കണ്ടുപിടിച്ചു. അതു ഇപ്പോൾ ഇംഗ്ലണ്ടിൽ കെയിംബ്രിഡ്ജിൽ സൂക്ഷിച്ചുവരുന്നു.

6) പന്ത്രണ്ടാം നൂററാണ്ടിൽ ഗ്രീക്കിൽ എഴുതിയ ഒരു വേദപുസ്തകചുരുൾ ആരോ എടുത്തു് അതിലെ അക്ഷരങ്ങൾ അമത്തി തുടച്ചു് മായിച്ചശേഷം അതിൽ വി. അപ്രേമിന്റെ ജീവചരിത്രമെഴുതി. വിദഗ്ദ്ധന്മാർ അതു കണ്ടെടുത്തു ചില രാസപ്രയോഗങ്ങൾ നടത്തി അതിലെ വേദപുസ്തകവും വി. അപ്രേമിന്റെ ജീവചരിത്രവും രണ്ടും വായിക്കത്തക്കവിധത്തിലാക്കി കോൺസ്റ്റാൻറിനോപ്പിളിൽ നിന്നും അതു പാരീസിൽ കൊണ്ടുവന്നു് അവിടുത്തെ നാഷണൽ ലൈബ്രറിയിൽ ഇന്നും സൂക്ഷിച്ചുവരുന്നു.

ഇവ കൂടാതെ ആറാം നൂററാണ്ടിനും പത്താം നൂററാണ്ടിനും ഇടയ്ക്കു് എഴുതപ്പെട്ട അനേകം പുസ്കചുരുളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി സൂക്ഷിച്ചുവരുന്നുണ്ടു്. പഴയ ഭാഷയും കയ്യെഴുത്തുഅക്ഷരങ്ങളും അറിവാനും വായിക്കുവാനും പാണ്ഡിത്യമുള്ളവർ ഇവയിലെ വാക്യങ്ങളുമായി ഒത്തു നോക്കിയാണു് വേദപുസ്തകത്തിന്റെ തർജ്ജിമകളും മററും ശരിയാണോ എന്നു് പരിശോധിക്കുന്നതു്. ഇവകൾ വിവിധ ക്രിസ്തീയ വകുപ്പുകാരുടെ കൈവശത്തിൽ ചെന്നു ചേരാനിടയായതും ഒരു ദൈവാനുഗ്രഹമാണു്.

ഈ തുകൽ ചുരുളുകളിലെങ്ങും അദ്ധ്യായം തിരിച്ചെഴുതീട്ടില്ല. അദ്ധ്യായങ്ങൾ തിരിച്ചതു് എ. ഡി. 1525-ലാണു്. അദ്ധ്യായങ്ങളെ വാക്യങ്ങളാക്കി അക്കമിട്ടുതിരിച്ചതു് എ ഡി 1551-ലാണു്. ആ വാക്യനമ്പരുകൾ വാചകങ്ങളുടെ ഇടയ്ക്കിടയ്ക്കായിട്ടാണു് ആദ്യമിട്ടതു്. പിന്നീടു അതു മാററി ഓരോ വാക്യങ്ങളുടെയും ആരംഭത്തിൽ ആക്കി വാക്യങ്ങൾ തിരിച്ചെഴുതി തുടങ്ങിയതു് എ. ഡി 1585-ലാണു്.

# അപ്പസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ് വടശ്ശേരി എൽ. ഡി.)

അപ്പൊസ്തോലന്മാരുടെ ശിഷ്യന്മാരോ, അഥവാ അപ്പൊസ്തോലികകാലത്തു് ജീവിച്ച് അവരുടെ ഉപദേശങ്ങൾ സ്വീകരിച്ചിരുന്നവരോ ആയ ക്രിസ്തീയ ഗ്രന്ഥകാരന്മാരെയാണു് അപ്പൊസ്തോലികപിതാക്കന്മാർ എന്നു വിളിച്ചുവരുന്നതു്. 1) ദിദാക്കേ അഥവാ പന്ത്രണ്ടു അപ്പൊസ്തോലന്മാരുടെ ഉപദേശം എന്ന ഗ്രന്ഥത്തിന്റെ കർത്താവു്, 2) റോമായിലെ വി. ക്ലീമ്മീസ്, 3) ബർണ്ണബാസിന്റെ ലേഖനത്തിന്റെ കർത്താവു്, 4) അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ്, 5) സ്മിർണായിലെ വി. പോളിക്കാർപ്പ്, 6) ഹിരാപ്പൊലീസിലെ പപ്പിയാസ്, 7) "ഇടയൻ" എന്ന ഗ്രന്ഥത്തിന്റെ നിർമ്മാതാവായ ഹെർമസ്, 8) ദിയോഗ്നേത്തസിനുള്ള ലേഖനത്തിന്റെ കർത്താവു് എന്നിവരത്രേ അപ്പൊസ്തോലിക പിതാക്കന്മാർ. ഇവരിൽ ആദ്യത്തെ ആറു പേരെ മാത്രമേ അപ്പൊസ്തോലിക പിതാക്കന്മാരായി പണ്ഡിതന്മാർ ആദ്യം പരിഗണിച്ചിരുന്നുള്ളു. ഒടുവിലത്തെ രണ്ടുപേരെയും പിന്നീടു് ഈ ഗണത്തിൽ ഉൾപ്പെടുത്തുക പതിവായിത്തീർന്നു.

ഈ പിതാക്കന്മാർ അപ്പൊസ്തോലന്മാരുടെ അടുത്ത പിൻഗാമികളായാൽ ഇവർ എഴുതിയിട്ടുള്ള കൃതികളുടെ പ്രകൃതിയും, അവയിൽ പ്രതിപാദിക്കപ്പെടുന്ന സംഗതികളും അപ്പൊസ്തോലിക കാലത്തെ വിശ്വാസാചാരങ്ങളും സഭാനടപടികളും അനുസ്മരിപ്പിക്കുന്നു. പുതിയ നിയമഗ്രന്ഥങ്ങൾ കഴിഞ്ഞാൽ പിന്നെ ഏററവും പുരാതനമായ ക്രൈസ്തവകൃതികളാണു്, ഇവ. ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിന്റെ അവസാനത്തിലും രണ്ടാം ശതകത്തിന്റെ ആരംഭത്തിലുമായി ഇവ എഴുതപ്പെട്ടു. പുതിയ നിയമഗ്രന്ഥങ്ങളുടെയും, മതപീഡനകാലത്തു ക്വാദ്രാത്തസ്, അരിസ്റ്റിദസ്, രക്തസാക്ഷിയായ വി. ജസ്റ്റിൻ ആദിയായവർ ക്രിസ്തീയ വിശ്വാസത്തെ സാധൂകരിച്ചെഴുതിയ ഗ്രന്ഥങ്ങളുടെയും ഇടയ്ക്കുള്ള കാലഘട്ടത്തിലാണു ഈ കൃതികൾ നിർമ്മിക്കപ്പെട്ടതു്. പുതിയ നിയമത്തിലെ ലേഖനങ്ങളുടെ രീതിയിൽ ഇവ എഴുതപ്പെട്ടിരിക്കുന്നു. ഗ്രീക്കു ഭാഷയിലാണു ഇവയെല്ലാം. ഇപ്പോൾ ഇവയുടെ തർജ്ജിമകൾ പല ഭാഷകളിലുമുണ്ടു്.

ക്രിസ്തുമതതത്വങ്ങൾ മുഖ്യമായി പ്രസംഗങ്ങൾ വഴി അക്കാലത്തു് പ്രചരിപ്പിച്ചിരുന്നു. ഇന്നുള്ളതുപോലെ കടലാസോ, അച്ചടിയന്ത്രമോ അന്നുണ്ടായിരുന്നില്ല. വായമൊഴിക്കായിരുന്നു അന്നു പ്രാധാന്യം. തുകൽച്ചുരുളുകളിലോ, ചില മരങ്ങളുടെ പട്ടകളിലോ ആയിരുന്നു അക്കാലത്തു് എഴുതിയിരുന്നതു്. വി. പൌലോസ് 2. തിമോ. 4. 13-ൽ ഇമ്മാതിരി തുകൽ ചുരുളുകളെപ്പററി പറയുന്നുണ്ടു്. ഭയങ്കരമായ മതപീഡനം നടന്നുകൊണ്ടിരുന്ന കാലവുമായിരുന്നു അതു്. എന്തെങ്കിലും എഴുതിയാൽ തന്നെയും സൂക്ഷിക്കുന്നതിനും, കൈയെഴുത്തുപ്രതികൾ അധികം ഉണ്ടാക്കി പ്രചരിപ്പിക്കുന്നതിനുമുള്ള സൌകര്യം അന്നില്ലായിരുന്നു. വേദപുസ്തകം ഉൾപ്പെടെ ക്രിസ്ത്യാനികളുടെ പല ഗ്രന്ഥങ്ങളെയും മതപീഡകർ പലപ്പോഴും അഗ്നിക്കു ഇരയാക്കുക പതിവായിരുന്നു.

അപ്പൊസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രസംഗങ്ങൾ സജീവസ്വരത്തിൽ മുഴങ്ങിക്കൊണ്ടിരുന്ന അക്കാലത്തു് വിശ്വാസസംബന്ധമായ വിഷയങ്ങൾ എഴുതിയിടേണ്ട ആവശ്യമുണ്ടെന്നു അധികംപേർക്കും തോന്നിയിരുന്നില്ല. എഴുതിയവർ തന്നെയും ആകസ്മികമായി ചിലതെല്ലാം എഴുതിയെന്നേയുള്ളു. പൊതുവായി ക്രിസ്ത്യാനികൾക്കെല്ലാം ഉപയോഗയോഗ്യമായ എന്തെങ്കിലും എഴുതുവാൻ അവർ ഉദ്ദേശിച്ചിരുന്നില്ല. ചില വ്യക്തികളെയും, ചില പ്രദേശങ്ങളിലുള്ള വിശ്വാസികളുടെ ഗണത്തെയും ഉദ്ദേശിച്ചാണു് അവർ എഴുതിയതു്. എല്ലാ കാര്യങ്ങളും ക്രമമായും സമ്പൂർണ്ണമായും എഴുതണമെന്നും അവർക്കു ഉദ്ദേശ്യമില്ലായിരുന്നു. ആകയാൽ അവരുടെ ഗ്രന്ഥങ്ങൾ നാം പരി

# 1964_ലെ മിഷ്യൻസൺഡേ പിരിവ്

## തിരുവനന്തപുരം അതിരൂപത

| | | |
|---|---|---|
| പത്തനംതിട്ട കോൺവെൻറ്— | | |
| & ഹോസ്റ്റൽ | 42 | 00 |
| ലിററിൽ ഫ്ളൗവർ— | | |
| ബഥനിഹോസ്റ്റൽ | 301 | 00 |
| ഉളിയായ്ത്തറ | 7 | 62 |
| ബാർട്ടൺഹിൽ | 7 | 00 |
| പുതിയകാവ് | 17 | 00 |
| പെരിങ്ങാലാ | 7 | 00 |
| മരിയാഗിരി Dt. | 54 | 63 |
| വള്ളിക്കോട്ട് | 27 | 00 |
| പൂങ്കാവ് | 10 | 00 |
| പുന്നമൂട്ട് | 100 | 00 |
| പെരുന്നാട്ട് | 46 | 79 |
| വടശ്ശേരിക്കര | 50 | 00 |
| ചിററാർ | 25 | 00 |
| സീതത്തോട്ട് | 13 | 60 |
| കൊച്ചുകുളം | 10 | 00 |

| | | |
|---|---|---|
| തോണിക്കടവ് | 5 | 00 |
| കുളങ്ങരവാലി | 7 | 00 |
| പുതുശ്ശേരിമല | 5 | 00 |
| ഇടമുളയ്ക്കൽ | 32 | 00 |
| അഞ്ചൽ | 58 | 25 |
| ചാരുമ്മൂട്ട് | 33 | 00 |
| നൂറനാട്ട് | 8 | 30 |
| നങ്ങ്യാർകുളങ്ങര സ്കൂൾ— | | |
| & കോൺവെൻറ് | 200 | 00 |
| മുണ്ടേല | 33 | 40 |
| വെള്ളൂർകോണം | 7 | 52 |
| ആര്യനാട്ട് | 18 | 09 |
| പരുത്തിക്കുഴി | 30 | 99 |
| അരശ്ശുപറമ്പ് | 14 | 25 |
| നെടുമങ്ങാട്ട് | 16 | 39 |
| ഒൻപതാംകല്ല് | 35 | 00 |
| കുളപ്പട | 18 | 30 |

ശോധിക്കുമ്പോൾ ഇന്നു സഭയിൽ വിശ്വസിച്ചുവരുന്ന പ്രധാനപ്പെട്ട ചില കാൎയ്യങ്ങളെപ്പററി യാതൊന്നും അവർ പറയാത്തതുകൊണ്ടു അന്നു ആ വക കാൎയ്യങ്ങൾ അവക്കു അജ്ഞാതമായിരുന്നെന്നോ പുരാതന കാലത്തു സഭയിൽ അവ ഇല്ലായിരുന്നെന്നോ അനുമാനിക്കുന്നതു ശരിയായിരിക്കയില്ല. അതുപോലെ അവർ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചു കൂടുതലായി ഒന്നും പറയുവാനില്ലായിരുന്നെന്നും അൎത്ഥമാക്കരുതു്.

അപ്പൊസ്തോലിക പിതാക്കന്മാർ അധികമൊന്നും എഴുതിയിട്ടില്ലെങ്കിലും അവരുടേതായി നമുക്കു ലഭിച്ചിട്ടുള്ള കൃതികൾക്കു വലിയ പ്രാധാന്യം പുരാതന ക്രിസ്ത്യാനികൾ നൽകിയിരുന്നു. വിശ്വാസികൾ ഒരുമിച്ചുകൂടുന്ന ആരാധനസ്ഥലങ്ങളിൽ വേദപുസ്തകംപോലെ ബഹുമാനപൂൎവ്വം പരസ്യമായി അവയിൽ ചിലതു വായിച്ചിരുന്നു. വേദപുസ്തകത്തിന്റെ സിനൈററിക് കൈയെഴുത്തുപ്രതികളിൽ ബൎണ്ണബാസിന്റെയും ഹെർമസ്സിന്റെയും കൃതികൾ കൂട്ടിച്ചേൎത്തിരിക്കുന്നു. ക്ലീമ്മിസിന്റെ രണ്ടു ലേഖനങ്ങൾ അലക്സാണ്ഡ്റിയായിലെ വേദപുസ്തകകൈയെഴുത്തുപ്രതികളിലും ഉൾപ്പെടുത്തിയിട്ടുണ്ടു്. വേദപുസ്തകത്തിന്റെ ഒരു സുറിയാനികൈയെഴുത്തുപ്രതിയിൽ വി. ക്ലീമ്മിസിന്റേതായി ചിലർ കരുതുന്ന കന്യകമാൎക്കുള്ള രണ്ടു ലേഖനങ്ങളും ചേൎത്തിരിക്കുന്നു.

അപ്പൊസ്തോലന്മാരുടെയും അവരുടെ അനന്തരഗാമികളുടെയും കാലത്തു് സഭയിൽ ഉണ്ടായിരുന്ന പല വിശ്വാസാചാരങ്ങൾക്കും നടപടികൾക്കും വളരെ വിലയും പ്രാമാണ്യവുമുള്ള ചില സാക്ഷ്യങ്ങൾ ഈ കൃതികളിൽനിന്നും നമുക്കു ലഭിക്കുന്നു. പുതിയനിയമം കഴിഞ്ഞാൽ പിന്നെ ഏററവും പുരാതനമായ രേഖകളാണു് ഇവ. പുതിയ നിയമഗ്രന്ഥങ്ങളെയും പിൽക്കാലത്തുണ്ടായ സഭാപിതാക്കന്മാരുടെ കൃതികളെയും തമ്മിൽ കൂട്ടിയിണക്കുന്ന സുവൎണ്ണശൃംഖലകളാകുന്നു ഈ ഗ്രന്ഥങ്ങൾ. ഇവയെപ്പററി കൂടുതലായ ചില വിവരങ്ങളും ഇവയിൽനിന്നു ചില സാക്ഷ്യങ്ങളും പിന്നാലെ നമുക്കു കാണാം.

| | | |
|---|---|---|
| കഴകുന്നു് | 3 | 94 |
| ഏനാത്തു് | 25 | 00 |
| കലയപുരം | 30 | 00 |
| മൈലം | 20 | 00 |
| മഞ്ചാടിമുക്ക് | 10 | 00 |
| കിഴക്കേത്തെരുവു് | 75 | 00 |
| ചെങ്ങമനാട്ടു് | 7 | 00 |
| കരിയ്ക്കം | 7 | 50 |
| വടകോട്ടു് | 5 | 00 |
| ചിരട്ടക്കോണം | 7 | 00 |
| മഞ്ഞത്തോപ്പു് | 20 | 00 |
| പുന്തല | 5 | 00 |
| കോക്കോട്ടു് | 7 | 00 |
| വിലങ്ങറ | 5 | 00 |
| കാട്ടൂർ | 30 | 00 |
| നാരങ്ങാനം | 15 | 00 |
| മണ്ണൂർ | 7 | 00 |
| പുത്തൻകാവു് കോൺവെൻറ് & സ്കൂൾ | 280 | 00 |
| പിരപ്പൻകോട്ടു് | 7 | 00 |
| വെററിനാട്ടു് | 5 | 11 |
| കടയിക്കോണം | 13 | 12 |
| വള്ളിയറപ്പൻകാട്ടു് | 10 | 00 |
| കിരാത്തൂർ | 80 | 00 |
| പനച്ചിമൂട്ടു് | 65 | 85 |
| ചെറിയകൊല്ല കടയാൽ | 21 | 36 |
| അരിയോട്ടു് | 14 | 86 |
| തമലം | 13 | 89 |
| കരമന | 10 | 86 |
| കല്ലയം | 1 | 27 |
| ഏത്തൂർ | 13 | 00 |
| ഏഴംകുളം | 10 | 00 |
| കുളത്തുപ്പുഴ | 7 | 00 |
| തുമ്പമൺ മാമ്പിലാലി | 20 | 00 |
| തുമ്പമൺ ഏറം | 10 | 25 |
| മുട്ടത്തുകോണം | 6 | 50 |
| ഓടനാവട്ടം | 10 | 00 |
| ചെങ്കുളം | 5 | 00 |
| കുമ്മല്ലൂർ | 5 | 00 |
| പുലിയൂർ | 100 | 00 |
| ഇലഞ്ഞിമേൽ | 40 | 00 |
| നാലാഞ്ചിറ | 107 | 46 |
| ഉള്ളൂർ | 12 | 54 |
| പൗഡിക്കോണം | 25 | 49 |
| പോങ്ങുംമൂട്ടു് കോൺവെൻറ & സ്കൂൾ | 40 | 50 |
| ഉള്ളന്നൂർ | 18 | 95 |
| ആയൂർ | 17 | 50 |
| മലപ്പേത്തൂർ | 10 | 70 |
| ഒഴുകുപാറ | 11 | 55 |
| വേങ്ങൂർ | 2 | 50 |
| ചെറുവക്കൽ | 6 | 00 |
| ഇളമാട്ടു് | 7 | 50 |
| കാരയ്ക്കാട്ടു് | 24 | 00 |
| കുരമ്പാല | 6 | 50 |
| പുതുശ്ശേരിഭാഗം | 16 | 00 |
| വയലാ | 10 | 00 |
| കൊടങ്ങാവിള | 4 | 00 |
| മരുതത്തൂർ | 6 | 00 |
| തൊഴുക്കൽ | 8 | 00 |
| നെല്ലിക്കാക്കുഴി | 15 | 00 |
| നരിക്കൽ | 63 | 66 |
| ചെമ്പുമല | 20 | 34 |
| കോട്ടവട്ടം | 11 | 50 |
| മഞ്ഞനംകാലാ | 3 | 50 |
| വയലത്തല | 25 | 00 |
| കാരിച്ചാൽ | 10 | 75 |
| കോയിക്കത്തോപ്പു് | 20 | 00 |
| പാലവിള | 40 | 00 |
| അമ്പിലിക്കോണം | 35 | 00 |
| പിൻകുളം, കുഴിഞ്ഞാംവിള | 42 | 00 |
| കുളത്തൂർ | 30 | 00 |
| ഉച്ചക്കട | 22 | 00 |
| മീൻകുളം | 10 | 00 |
| ജയമാതാ ഓർഫനേജ് | 202 | 00 |
| നെല്ലിമൂട്ടു് കോൺവെൻറ് & സ്കൂൾ | 60 | 31 |
| വെണ്ണിയൂർ | 53 | 55 |
| കണ്ണൻകോട്ടു് | 21 | 00 |
| എരുത്താവൂർ | 24 | 00 |
| പാറശ്ശാല | 36 | 75 |
| കുടയാൽ | 14 | 75 |
| ബാലരാമപുരം | 7 | 54 |
| പാമാംകോട്ടു് | 40 | 00 |

| | | |
|---|---|---|
| കരിമാന്തൂർ | 19 | 50 |
| റസ്സൽപുരം | 19 | 39 |
| തെങ്കർകോണം | 13 | 94 |
| വണ്ടന്തൂർ | 29 | 50 |
| ചാല | 15 | 00 |
| പുതുപ്പള്ളി | 12 | 00 |
| പത്തനംതിട്ട | 110 | 00 |
| കീരിക്കുഴി | 12 | 00 |
| അയിരുപ്പാറ | 8 | 00 |
| കീക്കൊഴൂർ | 15 | 00 |
| തോട്ടമൺ | 5 | 00 |
| പോത്തൻകോട്ട് | 4 | 00 |
| മടത്തറ | 14 | 16 |
| ചോഴിയക്കോട്ട് | 15 | 00 |
| നിലമേൽ | 4 | 25 |
| ചുപ്പൻചിറ | 4 | 00 |
| വകയാർ | 37 | 85 |
| ളാക്കൂർ | 15 | 50 |
| കല്ലേലി | 5 | 00 |
| ഊട്ടുപാറ | 7 | 00 |
| ചെമ്പനരുവി | 5 | 00 |
| കൊക്കാത്തോട്ട് | 8 | 00 |
| മണ്ണീറ | 6 | 50 |
| കോന്നി | 7 | 40 |
| ചെല്ലംകോണം | 78 | 77 |
| പുനലൂർ | 24 | 21 |
| ഇടമൺ | 17 | 00 |
| ഉറുകുന്ന് | 15 | 00 |
| ആര്യങ്കാവ് | 7 | 50 |
| നെട്ടമ്പാറ | 5 | 00 |
| വിളക്കുവട്ടം | 5 | 00 |
| വാണാച്ചിറ | 25 | 00 |
| കുറത്തിയാട്ട് | 25 | 00 |
| ചെറിയനാട്ട് | 19 | 50 |
| ചെങ്ങന്നൂർ | 150 | 89 |
| കോട്ടുകുളഞ്ഞി | 25 | 00 |
| കടമ്മനിട്ട | 53 | 32 |
| വലിയ അയന്തി | 13 | 00 |
| തോന്നിയാമല | 13 | 00 |
| മുഖത്തല | 132 | 51 |
| കണ്ടറ | 109 | 07 |
| അമ്പലത്തുംകാലാ | 43 | 61 |

| | | |
|---|---|---|
| നല്ലില | 39 | 35 |
| പള്ളിമൺ | 15 | 81 |
| നീലേശ്വരം | 15 | 53 |
| പ്ലാക്കോട്ട് | 15 | 21 |
| മുളവന | 3 | 91 |
| കാർത്തികപ്പള്ളി | 20 | 06 |
| ഹരിപ്പാട്ട് | 12 | 00 |
| പള്ളിപ്പാട്ട് | 11 | 50 |
| വഴുതാനം | 7 | 50 |
| പുത്തൻകാവ് | 13 | 50 |
| ഇടയാറന്മുള | 10 | 50 |
| കിഴ്‌വന്മഴി | 7 | 50 |
| അട്ടൂർ | 90 | 80 |
| പഴകുളം | 10 | 00 |
| ഏഴംകുളം | 10 | 00 |
| പമ്പുമല | 10 | 00 |
| മെഴുവേലി | 16 | 50 |
| ഇടത്തറ | 10 | 00 |
| ഇളമണ്ണൂർ | 8 | 00 |
| പത്തനാപുരം | 2 | 00 |
| മാർ തേയോഫിലോസ്— | | |
| ട്രെയിനിംഗ് കോളജ് ഹോസ്റ്റൽ | 25 | 00 |
| നാലാഞ്ചിറ കോൺവൻറ് & സ്കൂൾ | 105 | 00 |
| ശൂരനാട്ട് | 35 | 00 |
| പോരുവഴി | 25 | 00 |
| ശൂരനാട്ട് വടക്ക് | 8 | 00 |
| പാവുമ്പാ | 10 | 00 |
| ശാസ്താംകോട്ട | 9 | 00 |
| കടമ്പനാട്ട് | 20 | 00 |
| തുവയ്യൂർ കിഴക്ക് | 5 | 00 |
| തുവയ്യൂർ പടിഞ്ഞാറ് | 14 | 00 |
| അന്തിച്ചിറ | 4 | 00 |
| കരിന്തോട്ടുവ | 3 | 00 |
| തട്ട | 27 | 15 |
| ചന്ദനപ്പള്ളി | 77 | 12 |
| ആനന്ദപ്പള്ളി | 12 | 37 |
| കൊട്ടുമൺ | 55 | 00 |
| കൊട്ടുമൺ സ്ത്രീസമാജം | 10 | 00 |
| കാമ്മല | 60 | 50 |
| അട്ടച്ചാക്കൽ | 13 | 50 |
| കോന്നിത്താഴം | 23 | 00 |
| ചെങ്ങറ | 10 | 00 |
| തണ്ണിത്തോട്ട് | 19 | 00 |

| | | | | | |
|---|---|---|---|---|---|
| തേക്കുതോട്ട് | 10 | 00 | മൈലപ്ര | 50 | 00 |
| മുളന്തറ | 7 | 00 | മേക്കൊഴൂർ | 10 | 00 |
| ആരുവാലിക്കുഴി | 5 | 00 | ഇരുതിരുക്കൽ | 12 | 35 |
| പുത്തൻപീടിക | 75 | 00 | കൂടൽ | 13 | 25 |
| ചീക്കനാൽ | 39 | 00 | മുറിഞ്ഞകല്ല് | 7 | 50 |
| പേരൂർക്കട | 3 | 00 | ചാന്നാങ്കര | 30 | 00 |
| പാമ്പുകാല | 22 | 00 | മേനംകുളം | 14 | 00 |
| പൂവാർ | 6 | 00 | ചൊവ്വര | 5 | 00 |
| വെള്ളലുമ്പ് | 2 | 00 | മുല്ലൂർ | 6 | 00 |
| അഞ്ചാമട | 8 | 00 | കൂടൽ വടക്ക് | 10 | 00 |
| കാവടിത്തല | 11 | 70 | മാർത്താണ്ഡം | 110 | 00 |
| നെല്ലിയോട്ട് | 4 | 33 | ഉണ്ണാമലക്കട | 18 | 25 |
| മൂന്നാംമൂട് | 11 | 00 | കട്ടച്ചിവിള | 27 | 00 |
| ഗുണ്ടമാൻകടവ് | 4 | 00 | ആറൂർ | 28 | 25 |
| ഇരുമ്പ | 3 | 00 | കല്ലട | 5 | 54 |
| മണലയം | 67 | 52 | മാറനാട് | 7 | 50 |
| കുന്നപ്പുഴ | 34 | 00 | പുത്തൂർ | 50 | 00 |
| കാഞ്ഞിരംപാറ | 10 | 00 | പുത്തൂർ സ്കൂൾ | 12 | 00 |
| ശാസ്തമംഗലം | 3 | 00 | കൈതക്കോട്ട് | 25 | 00 |
| കരകുളം | 15 | 00 | വെട്ടിയാർ | 8 | 83 |
| പുതുക്കുളം | 3 | 50 | ചെന്നിത്തല | 10 | 50 |
| പൊന്നമ്പ് | 5 | 00 | എരുമത്തൂർ | 15 | 50 |
| വടക്കുപുറം | 10 | 00 | ചേപ്പാട് | 38 | 25 |
| പുലയനാർകോട്ട | 11 | 00 | രാമപുരം | 30 | 00 |
| പട്ടം | 42 | 08 | വാളകം | 15 | 00 |
| പെരിങ്ങനാട് | 10 | 00 | അമ്പലക്കര | 7 | 00 |
| പാറക്കൂട്ടം | 10 | 00 | അട്ടതല | 5 | 00 |
| കുടശ്ശനാട് | 16 | 50 | വെമ്പായം | 9 | 17 |
| നല്ലാനിക്കുന്ന് | 17 | 00 | പൂങ്കാ | 2 | 00 |
| പ്രക്കാനം | 7 | 50 | മണ്ണാറകുളഞ്ഞി | 20 | 00 |
| പന്തളം തെക്ക് | 12 | 50 | വെൺമണി | 15 | 00 |
| കൈപ്പട്ടൂർ | 7 | 50 | തോട്ടപ്പുറം | 22 | 00 |
| തുമ്പമൺ മുട്ടം | 4 | 00 | പാളയം | 20 | 87 |
| മുളവക്കുളം | 7 | 00 | കഴക്കൂട്ടം | 37 | 57 |
| എലിക്കാട്ടൂർ | 5 | 00 | ചിറക്കുളം | 15 | 00 |
| പിറവന്തൂർ | 6 | 00 | പാപ്പനംകോട്ട് | 1 | 00 |
| പിറവന്തൂർ സ്കൂൾ | 9 | 00 | മുട്ടത്തറ | 1 | 00 |
| കറവൂർ | 6 | 00 | വെള്ളായണി | 1 | 00 |
| ഇലന്തൂർ | 44 | 25 | ഊരക്കോട്ട് | 1 | 00 |
| കരുമ്പേക്കല്ല് | 10 | 80 | കൊട്ടറ | 5 | 00 |
| പുളിന്തിട്ട | 9 | 45 | മാർ ഈവാനിയോസ് കോളെജ് | 1000 | 13 |
| പൊരിയക്കോട്ട് | 4 | 00 | ആകെ | 7791 | 25 |

(തുടരും)

# കത്തോലിക്കാസഭ ഇൻഡ്യയിൽ

**1961—ലെ CatholicDirectory of India-യിൽ കൊടുത്തിട്ടുള്ള സ്ഥിതി വിവരക്കണക്കുകളാണു താഴെ ചേർക്കുന്നതു്.**

| | |
|---|---|
| അതിരൂപതകൾ | 17 |
| രൂപതകൾ | 54 |
| പ്രീഫെക്ചേഴ്സ് അപ്പസ്തോലിക് | 6 |
| ഓറിയൻറൽ ഓർഡിനാരിയേററ് | 1 |
| ഇടവകകൾ | 3701 |
| സെമിനാരികൾ | 57 |
| പ്രൈമറിസ്കൂളുകൾ | 4877 |
| മിഡിൽസ്കൂളുകൾ | 1228 |
| ഹൈസ്കൂളുകൾ | 899 |
| യൂണിവേഴ സിററികോളജുകൾ | 59 |
| ഹോസ്റ്റലുകൾ | 467 |
| അനാഥമന്ദിരങ്ങൾ | 554 |
| വൈദികരുടെ സന്യാസസഭകൾ | 32 |
| സഹോദരന്മാരുടെ സന്യാസസഭകൾ | 12 |

| | |
|---|---|
| കന്യകകളുടെ സന്യാസിനീസഭകൾ | 117 |
| ഇടവകപ്പട്ടക്കാർ | 4781 |
| സന്യാസവൈദികന്മാർ | |
| (1) ഇൻഡ്യാക്കാർ | 1739 |
| (2) വിദേശികൾ | 1211 |
| മൊത്തം | 2950 |
| സന്യാസസഹോദരന്മാർ | |
| (1) ഇൻഡ്യാക്കാർ . | 1665 |
| (2) വിദേശികൾ | 322 |
| മൊത്തം | 1997 |
| കന്യാസ്ത്രീകൾ | |
| (1) ഇൻഡ്യാക്കാർ | 21558 |
| (2) വിദേശിനികൾ | 2115 |
| മൊത്തം | 23673 |
| കത്തോലിക്കർ | 6,515,592 |


**For favours received. Inserted by**


G. GEORGE
Puthenveetil, Manneera.


DANIEL
Sooranadu.


Bro. FRANCIS

ചെറുകഥ

# "അവർ വഞ്ചകർ"

**K. John, Omalloor.**

ജോസഫ് ചേട്ടന്റെവീട് ആ നാട്ടിലെ പ്രധാനപ്പെട്ട ഒരു കത്തോലിക്കാകുടുംബമാണ്. അയാളുടെ ഭാര്യ ശോശാമ്മ ഒരു തികഞ്ഞ ദൈവഭക്തയും. അവരുടെ ഓമനസന്താനങ്ങളാണ് ബാബുവും, ലിസ്സിയും. അദ്ധ്വാനശീലനായ ജോസഫ്ചേട്ടന്റെ വീട്ടിൽ പട്ടിണി എത്തിനോക്കിയിട്ടില്ല. പ്രഭാതസൂര്യൻ പൊൻകതിരുകൾ വീശുമ്പോൾ സകലരേയും ക്രിസ്തുനാഥന്റെ പക്കലേക്ക് ക്ഷണിച്ചുകൊണ്ടുള്ള മണിനാദം ഉയരുകയായി. അപ്പോൾ കുഞ്ഞുങ്ങളേയും കൂട്ടിക്കൊണ്ട് ജോസഫ്ചേട്ടൻ പള്ളിയിൽചെന്ന് സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ദിവ്യരക്ഷകനോട് ആവശ്യങ്ങൾ അറിയിക്കും. ഓമൽസന്താനങ്ങളെ നല്ലനിലയിൽ ആക്കിത്തീർക്കണം—അതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അതിനുവേണ്ടി എന്തുത്യാഗവും സഹിക്കും. മാതൃകാപരമായിരുന്നു അവരുടെ ജീവിതം.

* * * *

കാലചക്രം അതിന്റെ അച്ചുതണ്ടിൽ പലപ്രാവശ്യം തിരിഞ്ഞു. ഇന്ന് ബാബു ബി. എ. വിദ്യാർത്ഥിയും ലിസ്സി പത്താം സ്റ്റാൻഡേർഡ് വിദ്യാർത്ഥിനിയുമാണ്. മകന്റെ നല്ലനില കാണുവാൻ ആകാംക്ഷയോടെ ആ പിതാവു കാത്തിരുന്നു. എന്നാൽ മറിച്ചായിരുന്നു ദൈവനിശ്ചയം. പെട്ടന്നുള്ള സുഖക്കേട് ജോസഫ് ചേട്ടന് പരത്തിലേക്ക് പാസ്പോർട്ടുനല്കി യാത്രയാക്കി. അതോടുകൂടി ആ കുടുംബത്തിൽ കദനത്തിന്റെ കരിനിഴൽ വീശി. ബാബുവിലും ചിലവ്യതിയാനങ്ങൾ കണ്ടുതുടങ്ങി. വഴിപിഴച്ചകൂട്ടുകാർ അവനിൽ കമ്മ്യൂ: വിഷബീജങ്ങൾകുത്തിവച്ചു. ക്രമേണ പ്രാർത്ഥനയും പള്ളിയിൽപോക്കും നിലച്ചു. പഠനത്തിലും ശ്രദ്ധകുറഞ്ഞു. അമ്മയും പെങ്ങളും കണ്ണുനീരോടെ ഉപദേശിച്ചു, അവർ വഞ്ചകരാണെന്ന്. എന്നിട്ടും കമ്മ്യൂണിസ്റ്റു കൂട്ടുകെട്ടു മുറുകിവന്നു. പാർട്ടി മീററിംഗിലെല്ലാം സഖാവു ബാബു മുടങ്ങാതെ പങ്കെടുത്തു.

അവൻ വീട്ടിൽ വരാതായി; കോളജിൽനിന്നും ബഹിഷ്കൃതനായി. പട്ടിണികൊണ്ട് ആ തള്ളയും പെങ്ങളും എരിപൊരികൊള്ളുമ്പോൾ, വീട്ടിലുള്ള അല്പാദായം അവൻ പാർട്ടിക്കുവേണ്ടി ചെലവഴിച്ചു. തള്ള ആസ്ത്മാമൂലം കിടപ്പിലായി. ലിസ്സി നല്ല മാർക്കുവാങ്ങി പത്താംക്ലാസ്സ് ജയിച്ചു. അമ്മയെ ശുശ്രൂഷിച്ചുകൊണ്ട് അവൾ ദിവസങ്ങൾ തള്ളിവിട്ടു. ഒരു വെള്ളിയാഴ്ച അവരുടെ രോഗം വർദ്ധിച്ചു. മകനെ ഒരുനോക്കു കാണുവാൻ ആ മാതാവു കൊതിച്ചപ്പോൾ മകൻ പാർട്ടിയാഫീസിൽ മദ്യപാനവും ചീട്ടുകളിയുമായി കഴിഞ്ഞു. പലരും അവനോടു പറഞ്ഞുനോക്കി. പക്ഷേ അവന്റെ പാർട്ടി, മാതാപിതാക്കളെ നോക്കേണ്ട ആവശ്യമില്ലെന്നു അവനെ പഠിപ്പിച്ചുകഴിഞ്ഞിരുന്നു. അവസാനമായി അവർ 'ബാബു' എന്നു വിളിച്ചുകൊണ്ട് ഈ ലോകത്തോടു യാത്രപറഞ്ഞു. ലിസ്സി ആ മാതൃവക്ഷസ്സിൽ ബോധമററു വീണു. ജോസഫുചേട്ടന്റെ കുഴിമാടത്തിനരികിൽ ഒരു പുതിയ മൺകൂന ഉയർന്നു.

തള്ള മരിച്ചതുമുതൽ ലിസ്സിയെക്കൂടി പാർട്ടിയിൽ ചേർക്കാൻ അവൻ ഒരുമ്പെട്ടു. അവൾ സഹോദരനെ ഉപദേശിച്ചു. "പാർട്ടി ഉപേക്ഷിക്കണം, അവർ വഞ്ചകരാണ്" എന്നൊക്കെ. പക്ഷേ ഇതൊന്നും ബാബു വകവച്ചില്ല. പാർട്ടി സെക്രട്ടറിയെക്കൊണ്ട് അവളെ വിവാഹം കഴിപ്പിക്കാൻ ആലോചിച്ചു. അതും സമ്മതിക്കാത്തപക്ഷം അവളെ കൊല്ലുമെന്ന ഭീഷണിപ്പെടുത്തി. ഒരു രാത്രിയുടെ ഏകാന്തത

യിൽ ആരുടെയും ആശ്രയമില്ലാത്ത ലിസ്സി വീട്ടിൽനിന്നും ഇറങ്ങിപ്പോയി. ദൂരെയുള്ള ഒരു കന്യകമഠത്തിൽ അവൾ അഭയംതേടി. അവർ അവൾക്ക് അഭയംനല്കി. പിന്നെയും പല വേനൽക്കാലങ്ങൾ കടന്നുപോയി. ഇന്ന് ലിസ്സി ഒരു മിഷൻഹോസ്പിററലിലെ നേഴ്സാണ്. നിരന്തരം രോഗികളെ ശുശ്രൂഷിച്ചുകൊണ്ട് അവൾ സന്തോഷത്തിൽ കഴിഞ്ഞു. അപ്പോഴും അവൾ സഹോദരന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

സഹോദരി പോയപ്പോൾ ബാബു വസ്തുവകകൾ വിററ് പാർട്ടിക്കു മുതലുകൂട്ടി. അവനിൽനിന്നും ആദായം കുറഞ്ഞപ്പോൾ അവർ അവനെ വെറുത്തു. അവരുടെ കള്ളത്തരങ്ങൾ അവനു മനസ്സിലായിത്തുടങ്ങി. അതോടുകൂടി അവൻ പാർട്ടിയിൽനിന്നു പുറംതള്ളപ്പെട്ടു. ചിന്തയുടെ മിന്നൽപിണർ അവന്റെ ഹൃദയത്തിൽ തട്ടി. തള്ളയും സഹോദരിയും പറഞ്ഞകാര്യം അവൻ ഓർത്തു "അവർ വഞ്ചകരാണ്." ഒരു രാത്രിയിൽ, അവൻ ചെയ്ത തെററിനെപ്പററി ഓർത്തോർത്തു കരഞ്ഞുനടക്കുമ്പോൾ കുറേ കമ്മ്യൂകൾ അവനെ അടിച്ചു നിലംപതിപ്പിച്ചു ബോധം വീണപ്പോൾ മിഷൻ ഹോസ്പിററലിൽ താൻ കിടക്കുന്നതായി അവൻ ഗ്രഹിച്ചു. അവൻ പാലൂട്ടിവളർത്തിയ പാർട്ടിയിൽനിന്നും അവനു കിട്ടിയ സമ്മാനം ഇതായിരുന്നു. സ്വന്തം അമ്മയേയും സഹോദരിയേയും ദ്രോഹിച്ചതിനെപ്പററി ചിന്തിച്ചു കരഞ്ഞുകരഞ്ഞ് അവന്റെ കിടക്ക ഈറനായി. മാലാഖയെപ്പോലെ ഒരു നേഴ്സ് അവിടെ എത്തി. അതു ലിസ്സിയായിരുന്നു. തന്റെ സഹോദരനെ തിരിച്ചറിയാൻ അവൾക്ക് ഒട്ടും സമയം വേണ്ടിവന്നില്ല. സുമുഖനായിരുന്ന ബാബു ഇന്നു വെറും ഒരസ്ഥിപഞ്ജരമായി മാറിയിരിക്കുന്നു. അവൾ അടുത്തുചെന്നു വിവരങ്ങൾ ചോദിച്ചു. അവന്റെ കഥകൾ പകുതിയായപ്പോഴേക്കും അവൾ അവനെ കെട്ടിപ്പുണർന്നു. സ്വന്തം സഹോദരിയാണെന്നു അവൾ പറഞ്ഞിട്ടും വിശ്വസിക്കാൻ അവനു പ്രയാസമായിരുന്നു.

അവൻ സുഖംപ്രാപിച്ചു. പുറത്തിറങ്ങിയപ്പോൾ അവൻ പഴയ ബാബുവായിമാറി. അവൻ തന്റെ സഹോദരിയോടൊത്തു പറഞ്ഞു "അവർ വഞ്ചകരാണെന്നു". സകലതും ഉപേക്ഷിച്ച് ക്രിസ്തുനാഥന്റെ മുന്തിരിത്തോപ്പിലെ വേലയ്ക്കായി, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി, അനേകം മൈൽ അകലെ പോയി ശേഷിച്ചകാലം ചെലവഴിക്കാൻ അവൻ നിശ്ചയിച്ചു. അതായിരുന്നു ചെയ്തുപോയ തിന്മകൾക്ക് പ്രായശ്ചിത്തം: അതു് അവൻ നിറവേററി. അപ്പോഴും അവന്റെ ഹൃദയം മന്ത്രിച്ചുകൊണ്ടിരുന്നു. "അവൻ വഞ്ചകരാണ്".

---

**For favours received**



**Inserted by**

Rosamma philiph,
Pushpapuram, Pathanamthitta.


**ക്രൈസ്തവകാഹളം**

**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിന് | രൂപാ | 40 |
| $\frac{1}{2}$ " | " | 20 |
| $\frac{1}{4}$ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിന് | " | 5 |

മാനേജർ.

(34-ാം പേജിന്റെ തുടർച്ച)

കർത്താവിന്റെ വിശുദ്ധ ആലയവും പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലവും ആയിത്തീരുന്നതിനും ക്രിസ്തുവിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നതിനും ക്രിസ്ത്യാനികളെ സഹായിക്കുന്നതു പ്രധാനമായി ദിവ്യാരാധന അതിലും പ്രത്യേകിച്ചു വി. കുർബാന എന്ന ബലിയാകുന്നു. "വിശുദ്ധതകളുടെയും സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായി ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന ഇടമായ, യരുശലേമായ വിശുദ്ധ നഗരത്തിലേക്ക തീർത്ഥയാത്ര ചെയ്യുന്നവരായ നാം വിശുദ്ധ കുർബാന വഴിയായി സ്വർഗ്ഗത്തിൽ അർപ്പിക്കപ്പെടുന്ന ആരാധനയിൽ ഒരുവിധത്തിൽ പങ്കാളികളായിത്തീരുന്നു. സ്വർഗ്ഗത്തിലെ സർവ്വസൈന്യങ്ങളോടും ചേർന്നു നാം കർത്താവിന്റെ മഹിമക്കു സംഗീതം ആലപിക്കുന്നു. വിശുദ്ധന്മാരുടെ ഓർമ്മ കഴിച്ചുകൊണ്ടു അവരോടുകൂടി പങ്കും കൂട്ടായ്മയും നാം പ്രതീക്ഷിക്കുന്നു. നമ്മുടെ രക്ഷകനായ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനായി നാം നോക്കിപ്പാർക്കുന്നു. നമ്മുടെ ജീവനായ അവിടുന്നു പ്രത്യക്ഷപ്പെടുമ്പോൾ നാമും അങ്ങേയോടുകൂടി മഹിമയിൽ കാണപ്പെടും എന്ന പ്രത്യാശയിൽ തന്നെ".

ദിവ്യാരാധന കൂടാതെ സഭയിൽ അനേക പ്രവർത്തനങ്ങളുണ്ടു്. എന്നാൽ ഈ പ്രവർത്തനങ്ങളുടെയെല്ലാം പരമകാഷ്ഠ ദിവ്യാരാധന തന്നെയാണു്. സഭയുടെ സകല ശക്തിയും ഈ ഉറവയിൽ നിന്നത്രെ ഉത്ഭവിക്കുന്നതു്. ഇതിൽ നിന്നു ദിവ്യാരാധനയിൽ യോഗ്യതയോടുകൂടിയും, ഫലപ്രദമായും സംബന്ധിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കാമല്ലോ. ദിവ്യാരാധന (Liturgy) വ്യക്തിപരമായ പ്രവൃത്തി അല്ലായെന്നും ഐക്യത്തിന്റെ രഹസ്യമായ സഭയുടെ അതായതു് തങ്ങളുടെ മെത്രാന്മാരുടെ കീഴിൽ ക്രമീകൃതമായി യോജിച്ചുനില്ക്കുന്ന വിശുദ്ധ ജനത്തിന്റെ ആഘോഷമാണെന്നും പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ഒരു ഭദ്രാസനത്തിൽ അല്ലെങ്കിൽ ഒരിടവകയിൽ നടത്തപ്പെടുന്ന ദിവ്യാരാധനയെപ്പററി സൂനഹദോസിന്റെ ഉപദേശം പ്രത്യേകം ശ്രദ്ധേയമാകയാൽ അതു നാം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

"മെത്രാന്മാർ അവരുടെ ജനത്തിന്റെ മഹാപുരോഹിതന്മാരാകുന്നു. അവരിൽനിന്നും അവരെ ആശ്രയിച്ചുമാണു് വിശ്വാസികൾ ക്രിസ്തുവിൽ ജീവൻ പ്രാപിക്കുന്നതു്.

അതിനാൽ വിശ്വാസികൾ എല്ലാവരും രൂപതയിൽ പ്രത്യേകിച്ചു് ഭദ്രാസനദൈവാലയത്തിൽ മെത്രാൻ അദ്ധ്യക്ഷനായും അദ്ദേഹത്തോടു കൂടിയുമുള്ള ആരാധനാജീവിതത്തിനു് (Liturgical life) വലിയ വില കല്പിക്കണം. ഈ മതകർമ്മാനുഷ്ഠാനങ്ങളിൽ, പ്രത്യേകിച്ചു് മെത്രാൻ അദ്ദേഹത്തിന്റെ വൈദികരുടെയും ശുശ്രൂഷകരുടെയും സഹകരണത്തോടുകൂടി പ്രധാന കാർമ്മികത്വം വഹിക്കുന്ന ഒരേ ദിവ്യബലിയിൽ ഏക പ്രാർത്ഥനയിൽ, ഏക ബലിപീഠത്തിൽ, ദൈവത്തിന്റെ വിശുദ്ധജനം പരിപൂർണ്ണവും ക്രിയാത്മകവുമായി പങ്കുകൊള്ളുന്നതിലാണു് തിരുസഭ പ്രധാനമായി പ്രത്യക്ഷപ്പെടുന്നതു് എന്നു് അവർ ധരിക്കണം.

എന്നാൽ മെത്രാനു് എല്ലായ്പ്പോഴും എല്ലായിടത്തും തന്റെ സഭയിൽപ്പെട്ട എല്ലാ ജനത്തിന്റെമേലും ആദ്ധ്യക്ഷം വഹിക്കുന്നതു് അസാദ്ധ്യമാകയാൽ വിശ്വാസികളുടെ ചെറിയ കൂട്ടങ്ങൾ സ്ഥാപിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. ഇവയിൽ, ഒരു ഇടയന്റെ കീഴിൽ അതതു സ്ഥലത്തു് സ്ഥാപിക്കപ്പെടുന്ന ഇടവകയാണു് ഏററവും പ്രധാനപ്പെട്ടതു്. ഇടവക വൈദികൻ മെത്രാന്റെ സ്ഥാനത്തു് എല്ലാം പ്രവർത്തിക്കുന്നു. ഓരോ ഇടവകയും ഒരർത്ഥത്തിൽ ലോകം മുഴുവനിലുമുള്ള ദൃശ്യസഭയുടെ ഒരു ഛായയാണെന്നു പറയാം.

അതിനാൽ ഇടവകയിലെ ആരാധന ജീവിതവും അതിനു മെത്രാനോടുള്ള അടുത്ത ബന്ധവും ആശയപരമായും പ്രായോഗികമായും വിശ്വാസികളുടെയും വൈദികരുടെയും ഇടയിൽ വളർത്തേണ്ടതാണു്. അതുപോലെതന്നെ ഇടവകകളിൽ എല്ലാററിനുമുപരിയായി ഞായറാഴ്ച വി. കുർബ്ബാനയുടെ പൊതുഅർപ്പണം വഴി, എ

ല്ലാവരും ഒരു സമൂഹത്തിലെ അംഗങ്ങളാണെന്നുള്ള ബോധം വളർത്തുന്നതിന് ശ്രമിക്കേണ്ടതാണ്.”

ഇപ്രകാരമുള്ള സമൂഹപരമായ ആരാധനയ്ക്കുതകുന്ന രീതിയിലാണു ക്രിസ്തീയ ദൈവാലയങ്ങൾ പണിയേണ്ടതു്. ഒരു ദൈവാലയത്തിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന പ്രധാന ചിഹ്നം ത്രോണോസ്സ് അഥവാ ബലിപീഠമാണ്. ദൈവാലയത്തിൽ പ്രവേശിക്കുന്ന എല്ലാവരുടേയും ശ്രദ്ധ അതിൽ പതിയത്തക്കവണ്ണമായിരിക്കണം ബലിപീഠം പണിയേണ്ടതു്. ബലിപീഠം ദൈവത്തിന്റെ ജനം അവരുടെ ആത്മീയഭോജനം സ്വീകരിക്കുന്ന മേശകൂടിയാണ്. ഈ കാരണങ്ങൾ കൊണ്ടു കൃത്യമായിപ്പറഞ്ഞാൽ ബലിപീഠത്തിനു മററലങ്കാരങ്ങൾ ആവശ്യമില്ല. കുരിശു, മെഴുകുതിരി മുതലായ സാധനങ്ങൾതന്നെ ത്രോണോസ്സിൽ വയ്ക്കാതെ അതിന്റെ സമീപെ വയ്ക്കുന്നതു സ്തുത്യർഹമായ ഒരു രീതിയാണ്. തിരുമേശകൂടാതെ ദൈവാലയത്തിൽ ദൈവത്തിന്റെ വചനം തന്റെ ജനത്തിനു നല്കുന്നതിനു് വേറൊരു പീഠവുമുണ്ടായിരിക്കണം. കർത്താവിന്റെ തിരുശരീരം നല്കപ്പെടുന്ന സ്ഥലത്തുവച്ചുതന്നെ ദൈവവചനവും പ്രസംഗിക്കപ്പെടുന്നതു ഏറ്റവും അർത്ഥവത്താണ്. ദൈവാലയത്തിൽ നമ്മുടെ ശ്രദ്ധയെ പ്രധാനമായി ആകർഷിക്കുന്ന മറെറാന്നാണു മാമോദീസാതൊട്ടി. ഒരു മനുഷ്യൻ ക്രിസ്തുവിൽ ജനിക്കുന്നതും അങ്ങേ മൗതികശരീരത്തിൽ അംഗമായിത്തീരുന്നതും ജീവന്റെ ഈ ഉറവയിൽ നിന്നാണല്ലോ. മാമോദീസാ മുക്കപ്പെടുന്നയാൾ ക്രിസ്തുവിനോടു കൂടി സംസ്കരിക്കപ്പെടുന്നുവെന്നതിനെ സൂചിപ്പിക്കുന്നതിനായി മാമോദീസാതൊട്ടി ഒരു പടി താഴ്ത്തി സ്ഥാപിക്കുകയെന്നൊരു പതിവുണ്ടു്. പള്ളിയിലെ അലങ്കാരങ്ങൾ വെറും ബാഹ്യമായ ആഡംബരങ്ങൾക്കോ ബാഹ്യദൃഷ്ടിയെ പ്രീതിപ്പെടുത്തുന്നതിനോ അല്ല മറിച്ചു അതിസ്വാഭാവികമായ ലോകത്തിലെ യാഥാർത്ഥ്യങ്ങളിലേയ്ക്കു നമ്മുടെ മനസ്സിനെയും ഹൃദയത്തെയും ഉയർത്തുന്നതിനായിരിക്കണം. കഴിയുന്നിടത്തോളം ഈ കീഴ്വഴക്കങ്ങൾ അനുസരിച്ചു നമ്മുടെ ഭദ്രാസന ദൈവാലയം പണിയുന്നതിനും സജ്ജീകരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ടു്.

ഈ പുതിയ ഭദ്രാസന ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ഫെബ്രുവരി 21, 22 എന്നീ തീയതികളിൽ നടത്തുന്നതാണെന്നറിയിച്ചിട്ടുണ്ടല്ലോ. ഈ ദിവസങ്ങളിലെ ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനു് നിങ്ങളെ എല്ലാവരെയും നാം ഹൃദയപൂർവ്വം ക്ഷണിക്കുന്നു. ദൈവാലയത്തിന്റെ പണിയിൽ ഏതെങ്കിലും വിധത്തിൽ സഹകരിച്ചിട്ടുള്ളവരോടു നാം നന്ദി പറയുകയും ദൈവം അവർക്കു് മോക്ഷത്തിൽ നിത്യഭവനങ്ങൾ നല്കുന്നതിനു് നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാലയപണി സംബന്ധിച്ചു് അവശേഷിച്ചിട്ടുള്ള ഭീമമായ ബാദ്ധ്യതകൾ കൂദാശയ്ക്കു മുമ്പു് തീരത്തക്കവണ്ണം നമ്മുടെ വിശ്വാസികൾ ഉദാരമായി ഇനിയും സഹായിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു.

നമ്മുടെ അതിരൂപതയുടെ പ്രതീകമാണു ഈ ഭദ്രാസനപ്പള്ളി—ദൈവത്തിൽ ഒരു കുടുംബമായി പ്രാർത്ഥിക്കുന്നതിനും ആരാധിക്കുന്നതിനും ദൈവവചനം കേൾക്കുന്നതിനും കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിനുമുള്ള വിശുദ്ധസ്ഥലം. ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ നമ്മുടെ അതിരൂപത മുഴുവൻ ആത്മീകമായ ഒരു നവോത്ഥാനവും പ്രബുദ്ധതയും ആരംഭിയ്ക്കുന്നതിനുള്ള അവസരമായിരിക്കട്ടെ. നമ്മുടെ ഓരോ ഇടവകയിലും ദൈവാരാധന കൂടുതൽ ഭംഗിയായും ഭക്തിപൂർവ്വവും ക്രമീകരിക്കുന്നതിനു് ഈ അവസരത്തിൽ നമുക്കു തയ്യാറെടുക്കാം. ഇങ്ങനെ നമ്മുടെ ഭക്തിയും വിശ്വാസവും വളരുന്നതിനും ദൈവത്തിന്റെ തിരുനാമം നമ്മിലെല്ലാവരിലും മഹത്വപ്പെടുന്നതിനും ഇടയാകട്ടെയെന്നു് നാം ആശംസിക്കുകയും അതിനായി ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭദ്രാസനദൈവാലയത്തിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ മാതാവു് ഇതിനു വേണ്ടതായ അനുഗ്രഹം നമുക്കു പ്രാപിച്ചുതരട്ടെ.

# ധ്യാനചിന്തകൾ

## (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ)

### ഏകാഗ്രത

നിങ്ങൾക്കു ശ്രേയസ്സു ലഭിക്കണമോ? ജീവിതവിജയം വരിക്കണമോ? അതിനുള്ള ഉത്തമമായ മാർഗ്ഗം ഏകാഗ്രത പരിശീലിക്കുകയാണ്. ഏകാഗ്രതയുള്ളവൻ നന്മകൾ തന്നിലേക്ക് ആകർഷിക്കുന്നു. മുഴുവൻ മനസ്സും ഒരു വിഷയത്തിലാക്കുന്നതാണ് ഏകാഗ്രത. മനോരാജ്യം, ഓർമ്മ, നോട്ടം, മുതലായവ എല്ലാം ഏകകാര്യത്തിലാക്കുവാൻ പരിശീലിക്കണം. ചുമരിന്മേലോ മറ്റോ കഷ്ടിച്ചു അര ഇഞ്ചോളം വ്യാസം വരുന്ന ഒരു കറുത്ത അടയാളം ഇട്ടശേഷം സുഖമായ അകലത്തിലിരുന്നു കുറെ നേരം അവിടെ കണ്ണു ചിമ്മാതെ നോക്കി ഏകാഗ്രത പരിശീലിക്കാം. കണ്ണിനു വിഷമം വന്നാൽ നോട്ടം നിറുത്തണം. ദിവസേന ഇങ്ങനെ ഒരു പ്രാവശ്യം മാത്രം പരിശീലിച്ച് കാലക്രമേണ 15 മിനിറ്റുനേരം നോക്കുവാനും ഏകാഗ്രത പാലിക്കുവാനും കഴിയട്ടെ. കറുത്ത പൊട്ടിനു പകരം മേശപ്പുറത്തു സ്ഫടികം കൊണ്ടുള്ള ഒരു പേപ്പർ വെയിറ്റു വച്ച് അതിൽ പ്രകാശം പ്രതിബിംബിക്കുന്ന ഒരു സ്ഥാനത്തു മേൽപ്രകാരം നോക്കിക്കൊണ്ടിരുന്നാലും മതി.

ഒരു വാച്ച് എത്ര അകലത്തിൽ വച്ചാൽ നിങ്ങൾക്കതിന്റെ ശബ്ദം കേൾക്കാമോ അത്രയും അകലത്തിൽ വച്ചിട്ട് ശബ്ദം കേട്ടശേഷം കുറേശ്ശെ അകററി അകററി ശബ്ദം ശ്രവിക്കുവാൻ ശ്രമിക്കുക.

കളിക്കുമ്പോൾ കളിയിൽ, വായിക്കുമ്പോൾ അതിൽ, എഴുതുമ്പോൾ അതിൽ, ശ്രവിക്കുമ്പോൾ അതിൽ, പ്രാർത്ഥിക്കുമ്പോൾ ദൈവത്തിൽ, ഇങ്ങനെ ഓരോ കാര്യം ചെയ്യുമ്പോഴും അതതിൽ ഏകാഗ്രത വരുത്തണം. ഇതരമനോരാജ്യങ്ങളെ അകററിക്കളഞ്ഞേ മതിയാവൂ.

ഏകാഗ്രത കുറയുന്തോറും ശക്തിയും കുറഞ്ഞുപോകുന്നു. നന്മകൾ ആകർഷിക്കപ്പെടുന്നതു് ഏകാഗ്രതയോടെ ശ്രദ്ധിക്കുമ്പോഴാണ്. ഏകാഗ്രതയ്ക്കു വേഗത്തന്നെ കിട്ടാതെവന്നാൽ നിരാശപ്പെടുകയോ പരിശീലനം നിറുത്തുകയോ അരുതു്.

ഏകാഗ്രതയ്ക്കു് പ്രാണായാമം സഹായിക്കും. എവിടെയെങ്കിലും സുഖമായിരുന്നുകൊണ്ട് രണ്ടു മൂക്കിൽ കൂടെ ശ്വാസം അകത്തേക്കു വലിക്കുക. അഞ്ചു സെക്കണ്ടുനേരം അതിനെടുക്കാം. അഞ്ചു സെക്കണ്ടുനേരം ശ്വാസം അകത്തു നിറുത്തുക. അഞ്ചു സെക്കണ്ടുനേരം കൊണ്ടു പുറത്തേക്കു വിടുക. "ഈശോ" എന്നു ഈ സമയത്തു് വിചാരിക്കുകയും ചെയ്യു. കാലത്തും വൈകുന്നേരവും ആറുപ്രാവശ്യം ഇങ്ങനെ ചെയ്തുനോക്കുക. ക്രമം തെററിക്കാതെ ആറു മാസമെങ്കിലും പരിശീലിച്ച് ഗുണം അനുഭവപ്പെടുത്തുക.

ഉയർന്ന നിലയിൽ എത്തുന്നതുവരെ നിത്യവും കായികവും മാനസികവുമായ അഭ്യാസപരമ്പര ആവശ്യമാണ്. അതിനുവേണ്ടി കുറെ നേരം ഉറച്ചിരിക്കത്തക്ക ഇരിപ്പു പരിശീലിക്കണം. ഒരാൾക്കു ഒരു തരം ഇരിപ്പു എളുപ്പമാണെങ്കിൽ വേറൊരാൾക്ക് അതു പ്രയാസമായിരിക്കാം. ഇങ്ങനെ ലഘുവായ പ്രാണായാമവും ആസനവും പരിശീലിച്ചു് സ്ഥിരമാകുമ്പോൾ വളരെ വ്യാപാരങ്ങൾ ശരീരത്തിൽ താനെ നടക്കും. നാഡികളിൽക്കൂടിയുള്ള പ്രാണഗതിയുടെ വഴികളിൽ ചിലതു മാറി പുതിയ വഴി ഉണ്ടാകും. ഉയർന്ന ധ്യാനത്തിന് അതാവശ്യമാകുന്നു. ശരീരത്തിൽ പുതിയ രീതിയിലുള്ള സ്പന്ദനങ്ങൾ ഉണ്ടായിത്തുടങ്ങും. നിവർന്നിരുന്നു ഉടൽ, കഴുത്തു്, തല, എന്നീ മൂന്നു ഭാഗങ്ങളും ഒരേ തൂക്കിൽ നിറുത്തുന്നതാണ് നല്ലതു്. നട്ടെല്ലു വളവില്ലാതെയിരിക്കട്ടെ.

വിജയമെല്ലാം അഭ്യാസത്തിലാശ്രയിച്ചിരിക്കുന്നു. അഭ്യസിക്കുന്നില്ലെങ്കിൽ ഒരടി മുമ്പോട്ടു പോകുകയില്ല. വ്യാഖ്യാനങ്ങളും സിദ്ധാന്തങ്ങളും കേട്ടതുകൊണ്ടു മാത്രം പ്രയോജനം വരികയില്ല.

കഴിവുള്ളവർ ധ്യാനാനുഷ്ഠാനത്തിന്നായി ഒരു പ്രത്യേകമുറി സജ്ജീകരിക്കുന്നതു നല്ലതാണ്. അവിടെ ഉറങ്ങരുത്. അതു പരിപാവനമായിരിക്കട്ടെ. പ്രീതികരങ്ങളായ ചിത്രങ്ങളും പൂക്കളും അതിലുണ്ടായിരിക്കട്ടെ. രാവിലേയും വൈകുന്നേരവും അവിടെ സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കാം. ശണ്ഠയോ കോപമോ ആ മുറിയിലുണ്ടാകരുത്. നിങ്ങൾക്കൊത്ത മനോവൃത്തിയുള്ളവരെ മാത്രമെ അതിൽ കയററാവൂ. ഇങ്ങനെ ആ മുറിയിൽ പരിപാവനതയുടെ ഒരന്തരീക്ഷമുണ്ടാകും. പള്ളിയുടെ ഉദ്ദേശ്യം ഒന്ന് ഇതുതന്നെയാണ്. ഒരു സ്ഥലത്ത് പാവനചിന്തകൾ നിലനിറുത്തിക്കൊണ്ടിരുന്നാൽ അവിടം പ്രകാശിക്കും.

ആരോടും വൈരമില്ലാതെ വേണം ഏകാഗ്രതയിൽ പ്രവേശിക്കുവാൻ. അതിനായി ഇങ്ങനെ ചിന്തിക്കാം. "സർവ്വമനുഷ്യർക്കും സൗഖ്യം ഭവിക്കട്ടെ. എല്ലാ ആത്മാക്കൾക്കും ആനന്ദം ഭവിക്കട്ടെ." ഇങ്ങനെ ചിന്തിച്ചു വിശ്വപ്രേമം തന്നെ മനസ്സിൽ അങ്കുരിക്കണം. നാലു ദിക്കിലേക്കും ഈ പ്രേമപ്രവാഹം ഒഴുക്കുക. എത്ര അധികം ചെയ്യുന്നുവോ അത്രത്തോളം നിങ്ങൾക്കുതന്നെ സുഖമുണ്ടാകും.

മാർപ്പാപ്പാ ബോംബെയിൽ ഉദ്ധരിച്ച ആ പ്രാർത്ഥനയിൽ ഏകാഗ്രത പരിശീലിക്കാം. അയഥാർത്ഥത്തിൽ നിന്ന് യഥാർത്ഥത്തിലേക്കും, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, മൃത്യുവിൽ നിന്ന് ജീവനിലേക്കും എന്നെ നയിക്കണമേ." പ്രകാശവും കൃപയും ശക്തിയും ദൈവത്തിൽ നിന്നും നിങ്ങളിലേക്കു പ്രവഹിക്കുന്നതിനെക്കുറിച്ചു ചിന്തിച്ച് ആസ്വദിക്കുക.

ചിത്തം ഏകാഗ്രമായി എന്ന് എങ്ങനെ അറിയാം? സമയം പോകുന്നതറിയാതെ വന്നാൽ ഏകാഗ്രത വന്നു. നാം രസംതോന്നി ഒരു ഗ്രന്ഥം വായിച്ചുകൊണ്ടിരിക്കുമ്പോൾ സമയം പോകുന്നത് അറിയുന്നില്ല. വായന നിറുത്തുമ്പോഴാണ് അനേക മണിക്കൂറുകൾ കഴിഞ്ഞുപോയി എന്നു നാം അറിയുന്നത്. അതിനാൽ ചിത്തത്തെ ഒരു വസ്തുവിശേഷത്തിൽ ഊന്നിനിറുത്തുന്നതാകുന്നു ഏകാഗ്രത. ശരീരത്തിന്റെ ഉള്ളിലൊ പുറത്തോ വല്ല ആശ്രയവിശേഷത്തിലും മനസ്സിനെ ഉറപ്പിച്ച് അതേ നിലയിൽ നിറുത്തുമ്പോൾ ഏകാഗ്രതയുണ്ടാകുന്നു.

മനസ്സിനെ നാസാഗ്രത്തിൽ ഏകാഗ്രമായി നിറുത്തിയാൽ അല്പദിവസങ്ങൾക്കുള്ളിൽ ചിലർക്കു ദിവ്യഗന്ധങ്ങൾ അനുഭവമാകുന്നുണ്ട്. ജിഹ്വാമൂലത്തിൽ ഏകാഗ്രമായി നിറുത്തിയാൽ ചിലർ ദിവ്യശബ്ദങ്ങൾ കേൾക്കും. ജിഹ്വാഗ്രത്തിലായാൽ ദിവ്യരസങ്ങൾ അനുഭവിച്ചുതുടങ്ങും. ജിഹ്വാമദ്ധ്യത്തിലായാൽ ഏതോ വിശേഷവസ്തുക്കളെ സ്പർശിക്കുന്നതുപോലുള്ള അനുഭവമുണ്ടാകും. താലുവിൽ ഏകാഗ്രത പരിശീലിച്ചാൽ വിശേഷരൂപങ്ങൾ ദർശിച്ചുതുടങ്ങും. സ്ഥിരമായി പ്രയത്നിച്ചാൽ മാത്രം ഫലം കാണും.

മറെറാരു വിധം പറയാം. ഹൃദയപത്മത്തിനുള്ളിൽ ദിവ്യജ്യോതിസ്സു സങ്കല്പിച്ച് അവിടെ ചിത്തത്തെ ഏകാഗ്രമായി നിറുത്തുക.

അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ തിരുഹൃദയത്തെ ഉള്ളിൽ ഭാവന ചെയ്യുക. അത്യന്തവിരക്തമായ ആ ഹൃദയത്തിൽ ഏകാഗ്രത വരുത്തുന്നതുകൊണ്ട് മനസ്സു ശാന്തമായിത്തുടങ്ങും.

മനസ്സിന്നിമ്പമായ ഏതിനേയും ധ്യാനം ചെയ്യുന്നതുകൊണ്ട് ചിത്തം സ്ഥിരമാകും. അത് അസദ്വിഷയങ്ങളെ ഉദ്ദേശിച്ച് ഒരിക്കലും ചെയ്തുകൂടാ. പ്രസ്തുത അഭിമതമായ സദ്വിഷയങ്ങളാണു ഇവിടെ ആവശ്യമായിരിക്കുന്നത്. ചിത്തൈകാഗ്രതയുണ്ടാക്കുന്ന ഏതു ശുഭവിഷയത്തേയും ധ്യാനിക്കാം.

ഇപ്രകാരം ഏകാഗ്രത ശീലിക്കുന്ന ധ്യാനനിരതന്റെ ചിത്തത്തിന് വലിയ സ്വാധീനത സിദ്ധിക്കുന്നു. ഏകാഗ്രതകൊണ്ട് ചിത്തവൃത്തികൾ ശാന്തമാക്കുവാനൊക്കുന്നില്ലെങ്കിൽ പുരോഗമനം പ്രയാസം തന്നെ. അതിമഹത്തായ വസ്തുവിൽ നിഷ്പ്രയാസം മനസ്സുസമാഹിതമാകുവാൻ വശപ്പെടുന്നതുവരെ അഭ്യാസം തുടരണം

ആദ്യം സ്ഥൂലവും, പിന്നീട് സൂക്ഷ്മവും, അതിനുശേഷം സൂക്ഷ്മത്തിൽനിന്നുന്നതമായ വിഷയങ്ങളും (Divinity) ധ്യാനിച്ചുകൊണ്ട് സാവധാനം ആരോഹണം ചെയ്യണം. ഈ ധ്യാനങ്ങളുടെയെല്ലാം ഫലം, സ്ഥൂലവിഷയങ്ങളിലെന്നപോലെ സൂക്ഷ്മവിഷയങ്ങളിലും ചിത്തത്തെ ഏകാഗ്രമാക്കുവാൻ കഴിവുണ്ടാവുകയാകുന്നു.

# കർദ്ദിനാൾ സ്ലിപ്പെയുടെ മോചനം

ബോംബേ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചതിനുശേഷം കേരളം സന്ദർശിച്ച രണ്ടു മെത്രാപ്പോലീത്താമാരെ, വെസ്റ്റ്മിനിസ്റ്റർ ആർച്ചുബിഷപ്പ് ഹീനാനെയും ഉക്രേനിയൻ ആർച്ചുബിഷപ്പ് ജോസഫ് സ്ലിപ്പെയെയും, അടുത്തയിടെ പരിശുദ്ധ പിതാവ് കർദ്ദിനാളന്മാരാക്കുകയുണ്ടായല്ലോ. ആർച്ചുബിഷപ്പ് സ്ലിപ്പെ 17 സുദീർഘ സംവത്സരങ്ങൾ റഷ്യൻ ജയിലുകളിൽ കിടന്നിട്ടുള്ള ദേഹമാണ്. എങ്കിലും അദ്ദേഹം തന്റെ കാരാഗൃഹവാസത്തെക്കുറിച്ച് ഇതേവരെ യാതൊരു പ്രസ്താവനയും പുറപ്പെടുവിച്ചിട്ടില്ല; യാതൊന്നും ആരോടും സംസാരിച്ചിട്ടുമില്ല. പലർക്കും ഇക്കാര്യം അത്ഭുതകരമായി തോന്നിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ തികഞ്ഞ മൗനത്തിനു കാരണമായിട്ടുള്ള കഥ അദ്ദേഹത്തിന്റെ മോചനത്തിനു വേണ്ടി വളരെയധികം പരിശ്രമിച്ചിട്ടുള്ള ഒരു വ്യക്തി ഈയിടെ പുറത്തു വിട്ടിട്ടുണ്ട്. അമേരിക്കയിലെ Saturday Review എന്ന പത്രത്തിന്റെ പത്രാധിപരായ നോർമൻകസിൻസാണ് ആ വ്യക്തി.

1963 ഫെബ്രുവരി 9-ാം തീയതിയാണ് മോൺ. സ്ലിപ്പെയുടെ മോചനവാർത്ത മോസ്കോയിൽ പ്രഖ്യാപിതമായത്. ആ സന്ദർഭത്തിൽ അദ്ദേഹം രഹസ്യമായി റോമിലേക്കു യാത്ര ചെയ്യുകയായിരുന്നു. ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച യോഹന്നാൻ മാർപ്പാപ്പാ ആ വാർത്ത സ്ഥിരീകരിച്ചു. 1962 ഡിസംബർ 7-നും 1963 ഏപ്രിൽ 12-നും കസിൻസ് ഇക്കാര്യത്തെക്കുറിച്ചു ക്രൂഷ്ചേവുമായി ദീർഘനേരം സംസാരിക്കുകയുണ്ടായി.

രണ്ടാമത്തെ സന്ദർഭത്തിൽ, മാർപ്പാപ്പാ എഴുതിയ 'ഭൂമിയിൽ സമാധാനം' എന്ന ചാക്രിക ലേഖനത്തിന്റെ ഒരു റഷ്യൻ പരിഭാഷ അദ്ദേഹം ക്രൂഷ്ചേവിനു നൽകി. ക്രൂഷ്ചേവ് അതിൽ വലിയ താല്പര്യം പ്രകടിപ്പിച്ചു. അതു ശ്രദ്ധാപൂർവ്വം വായിക്കുന്നതാണെന്നു കസിൻസിനു അദ്ദേഹം ഉറപ്പു നൽകി.

ആദ്യത്തെ സന്ദർശനവേളയിൽ മോൺ. സ്ലിപ്പെയുടെ മോചനത്തെക്കുറിച്ചു കസിൻസ് ക്രൂഷ്ചേവുമായി ദീർഘനേരം സംഭാഷണം നടത്തി. മോൺ. സ്ലിപ്പെയിക്കു വയസ്സ് എഴുപതായി എന്നതെങ്കിലും വിദൂരസെമ്മിനാരിയിൽ സമാധാനത്തിൽ ഇനിയും അദ്ദേഹത്തിനു കഴിയുവാൻ അവസരമുണ്ടാക്കണമെന്നു കസിൻസു നിർദ്ദേശിച്ചു. വത്തിക്കാനുമായി നല്ല ബന്ധം സ്ഥാപിക്കാൻ തനിക്കാഗ്രഹമുണ്ട്, മാർപ്പാപ്പായെക്കുറിച്ചു തനിക്കു മതിപ്പുണ്ട്, പക്ഷേ സ്ലിപ്പെയുടെ മോചനം അതിനെതിരായ ഫലമേ ഉളവാക്കുകയുള്ളുവെന്നു ക്രൂഷ്ചേവ് മറുപടി പറഞ്ഞു. അതിന്റെ കാരണം കസിൻസ് ആരാഞ്ഞു. ആർച്ചുബിഷപ്പിനെ മോചിപ്പിക്കുന്ന ഉടൻതന്നെ അദ്ദേഹത്തെ കമ്യൂണിസ്റ്റുകൾ പീഡിപ്പിച്ചതായി വലിയ തലക്കെട്ടിൽ വാർത്തകൾ പത്രങ്ങളിൽ വരും, അതു വത്തിക്കാനുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിഗതികളുളവാക്കും, എന്നായിരുന്നു ക്രൂഷ്ചേവിന്റെ മറുപടി. ഇക്കാര്യത്തിൽ പ്രചരണോദ്ദേശം ഒന്നും മാർപ്പാപ്പായിക്കില്ലെന്നും ആർച്ചുബിഷപ്പിന്റെ ആരോഗ്യത്തെക്കുറിച്ചുള്ള ചിന്ത മൂലമാണ് ഈ ആവശ്യം ക്രൂഷ്ചേവിന്റെ മുൻപിൽ വയ്ക്കുന്നതെന്നും മൗലികമായ മാനുഷികനീതി അദ്ദേഹത്തിന്റെ മോചനം ആവശ്യപ്പെടുന്നുണ്ടെന്നും കസിൻസ് ഉത്തരം പറഞ്ഞു. ആർച്ചുബിഷപ്പ് സ്ലിപ്പെയെക്കുറിച്ചും അദ്ദേഹത്തിന്റെ മുൻഗാമിയെക്കുറിച്ചും ക്രൂഷ്ചേവ് ഇരുപതു മിനിട്ടോളം സംസാരിച്ചു. അദ്ദേഹത്തെ ജയിലിലാക്കിയിരിക്കുന്നതു ന്യായയുക്തമാണെന്നു ക്രൂഷ്ചേവ് വാദിച്ചു. താൻ വാദപ്രതിവാദത്തിൽ ഏർപ്പെടുന്നില്ലെന്നും 17 സംവത്സരങ്ങളായി ആർച്ചുബിഷപ്പ് ജയിലിലാണെന്നും കസിൻസ് മറുപടി പറഞ്ഞു. അക്കാര്യം പരിഗണിക്കാമെന്നു ക്രൂഷ്ചേവ് ഉറപ്പു നൽകി. സംഭാഷണം തീർന്നപ്പോൾ മുദ്രവച്ച രണ്ടു കവറുകൾ ക്രൂഷ്ചേവ് കസിൻസിനെ ഏല്പിച്ചു; ഒന്ന് യോഹന്നാൻ മാർപ്പാപ്പായിക്കും ഒന്നു കെന്നഡിക്കും. അവ ക്രിസ്തുമസ്സ് മംഗളാശംസകൾ ആയിരുന്നു. കസിൻസ് മടങ്ങിപ്പോയി. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ന്യൂയോർക്കിലായിരുന്ന കസിൻസിനെ സോവിയറ്റ് അംബാസ്സിഡർ വാഷിംഗ്ടണിലേക്കു വിളിച്ചു. അംബാസ്സഡറെ ചെ

ന്നു കണ്ട കസിൻസിനോടു ആർച്ചുബിഷപ്പിനെ നിരുപാധികം മോചിപ്പിക്കുവാൻ ക്രൂഷ്ചേവ് തീരുമാനിച്ചിരിക്കുന്ന വിവരം അദ്ദേഹം അറിയിച്ചു. അതു നടപ്പാക്കുന്ന രീതിയെക്കുറിച്ചു അദ്ദേഹം സംസാരിച്ചു. യാതൊരു പത്രപ്രതിനിധിയും ആർച്ചുബിഷപ്പിനെ കാണുവാൻ പാടില്ല, ആർച്ചുബിഷപ്പ് റോമിനടുത്തെത്തുമ്പോൾ മാത്രമേ വിവരം പുറത്തു വിടുകയുള്ളു എന്നു് അംബാസ്സഡർ അറിയിച്ചു. ആർച്ചുബിഷപ്പിന്റെ മോചനം കഴിഞ്ഞതിന്റെ പിറ്റെ ദിവസം അംബാസ്സഡർ കസിൻസിനെ ടെലഫോണിൽ വിളിച്ചു. ആർച്ചുബിഷപ്പിനെ കമ്മ്യൂണിസ്റ്റുകൾ മർദ്ദിച്ചുവെന്ന പത്രവാർത്തകളിലേക്കു അദ്ദേഹം കസിൻസിന്റെ ശ്രദ്ധ തിരിച്ചു്, വാഗ്ദാനലംഘനം നടന്നിരിക്കുന്നുവെന്നു കുറ്റപ്പെടുത്തി.

കസിൻസ് വത്തിക്കാനിലേക്കു ഫോൺ ചെയ്തു. ആർച്ചുബിഷപ്പ് സ്‌ലിപ്പി യാതൊരു പത്രപ്രതിനിധിയെയും കണ്ടിരുന്നില്ല. വാർത്ത അനധികൃതമാണെന്നും ആർച്ചുബിഷപ്പ് യാതൊരു കാര്യവും ആരോടും പ്രസ്താവിച്ചിട്ടില്ലെന്നും വത്തിക്കാന്റെ ഔദ്യോഗികനാവായ ഒസ്സർവാത്തോരെ റൊമാനോയിൽ നല്ല തലക്കെട്ടോടുകൂടി ഒരു വാർത്ത പ്രസിദ്ധപ്പെടുത്താമെന്നും വത്തിക്കാൻ ഉദ്യോഗസ്ഥന്മാർ കസിൻസിനെ അറിയിച്ചു. അപ്രകാരം അവർ പ്രവർത്തിക്കുകയും ചെയ്തു.

പിന്നീടു് ക്രൂഷ്ചേവിനെ കണ്ടപ്പോൾ ഈ വിവരങ്ങളെക്കുറിച്ചെല്ലാം കസിൻസു അദ്ദേഹവുമായി ചർച്ച ചെയ്തു.

ജയിൽ ജീവിതത്തെക്കുറിച്ചു കർദ്ദിനാൾ സ്‌ലിപ്പിയുടെ മൗനത്തിന്റെ കാരണം വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. J. G.


**For favours received. Inserted by**





P. S. George,
Ambalapatt vilayil,
Vallikkode-Kottayam,
Pathanamthitta.

# റീത്തുകളും ക്രൈസ്തവൈക്യവും

ഫാ. ജേക്കബ് ഒ. ഐ. സി.

കത്തോലിക്കാസഭയിലെ പൌരസ്ത്യറീത്തുകളെ (Oriental Rites) ക്കുറിച്ചു പഠിക്കുന്നതിനും അവയർഹിക്കുന്നവിധം മതിക്കുന്നതിനുള്ള താല്പര്യം സഭയിൽ വളർന്നു വരുന്ന ഒരു കാലഘട്ടമാണിതു്. നൂററാണ്ടുകൾക്കപ്പുറത്തു് ക്രിസ്തുനാഥൻ തീവ്രമായി അഭിലഷിച്ച ഐക്യത്തിലേക്കുള്ള സഭയുടെ കാൽവെപ്പായി ഇതിനെ നമുക്കു കരുതാം. സഭയുടെ ഉള്ളിൽ ഹൃദയം കവരുന്ന ഐക്യമുണ്ടായെങ്കിൽ മാത്രമേ സഭയ്ക്കു പുറമേയുള്ള ജനലക്ഷങ്ങളെ സഭയിലേക്കാകർഷിക്കുവാൻ എളുപ്പമുണ്ടാകൂ. ഈ ലക്ഷ്യം മുൻനിറുത്തി സഭയിലെ വിവിധ റീത്തുകൾ തമ്മിൽ പരസ്പരം സഹകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതത്യാവശ്യമാണു്. എല്ലാ റീത്തുകളിൽപെട്ട അംഗങ്ങളും ഒരേയൊരു വത്സല മാതാവിന്റെ—കത്തോലിക്കാസഭയുടെ—മക്കളാണെന്നുള്ള ബോധ്യമുണ്ടാകണം. എല്ലാവരിലും കവിഞ്ഞൊഴുകണം ക്രിസ്തുവിന്റെ സ്നേഹം. ക്രിസ്തുവിൽ നാമെല്ലാവരും ഒന്നാകണം.

റീത്തുകളെക്കുറിച്ചു് നാം പഠിക്കേണ്ടതുണ്ടു്. പ്രത്യേകിച്ചു് പൌരസ്ത്യറീത്തുകളെപ്പററി നാം പഠിക്കാതെ, അവയെ മതിക്കാതെ, പൌരസ്ത്യ സഭകളോടു് (oriental churches) സമീപിക്കുവാനോ, നമ്മിലേക്കു് ഐക്യപ്പെടുത്തുവാനോ സാധിക്കയില്ല. കത്തോലിക്കാസഭ ഒഴിച്ചാൽ അംഗസംഖ്യയിൽ മുന്നിട്ടുനിൽക്കുന്നതു് പൌരസ്ത്യ സഭകളാണു്. പൌരസ്ത്യസഭകളെല്ലാം കത്തോലിക്ക സഭയോടു് ഐക്യപ്പെട്ടുകഴിഞ്ഞാൽ സഭയ്ക്കു പുറത്തുള്ള കോടാനുകോടി ജനങ്ങളെ ക്രിസ്തുവിനു നേടുവാൻ നമുക്കു എളുപ്പമായിത്തീരുന്നു. ഇപ്രകാരം സഭകളെല്ലാം ഒന്നായിത്തീർന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഒററക്കെട്ടായി നിന്നുകൊണ്ടു് സഭയ്ക്കു് എല്ലാ രംഗങ്ങളിലും വിജയപ്രദമായി പ്രവൃത്തിക്കാം. എല്ലാജാതിമതസ്ഥരുടെ ഇടയിലും, എല്ലാ ജീവിതത്തുറകളിലും, രംഗങ്ങളിലും അപ്പോൾ നമുക്കു സാധിക്കും ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ. ഇതല്ലേ യഥാർത്ഥത്തിൽ സഭയുടെ പ്രധാന ദൗത്യം?

## ആധുനികമാർപ്പാപ്പാമാർ

യാഥാർത്ഥ്യങ്ങളെ സുവ്യക്തമായി മനസ്സിലാക്കിയ വിശാവിശാല ഹൃദയനായ ഒരു മഹാനാണു് ഭാഗ്യസ്മരണാർഹനായ 23-ാം ജോൺ മാർപ്പാപ്പാ. പൌരസ്ത്യ റീത്തുകളെക്കുറിച്ചു് അദ്ദേഹം നന്നായി പഠിച്ചിരുന്നു; തൽഫലമായി അവയെ ആദരിക്കുകയും മതിക്കുകയും ചെയ്തിരുന്നു. പൌരസ്ത്യ സഭകളിലേക്കു് അദ്ദേഹത്തിന്റെ കരുണ നിറഞ്ഞ കണ്ണുകൾ തുറക്കുന്നതിനു് അതിടയാക്കി. ക്രിസ്തുവിൽ വിശ്വസിക്കുന്ന, സഭയിൽ നിന്നകന്നു നിൽക്കുന്ന സഹോദരലക്ഷങ്ങളെ എങ്ങനെ ഒന്നിപ്പിക്കുവാൻ സാധിക്കും എന്നദ്ദേഹം ചിന്തിച്ചു. പ്രാർത്ഥന നിറഞ്ഞ, സ്നേഹം കവിഞ്ഞ അദ്ദേഹത്തിന്റെ ചിന്തയുടെ മനോജ്ഞസുന്ദരമായ ഫലമാണു് ചരിത്രം സൃഷ്ടിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ്. അദ്ദേഹം കൊളുത്തിയ ആ ദീപനാളം എന്നുമെന്നും പ്രകാശിക്കും.

ഭാഗ്യമോടെ വാഴുന്ന 6-ാം പൌലോസ് മാർപ്പാപ്പായും ജോൺ മാർപ്പാപ്പായുടെ അതേ അരൂപിയും ലക്ഷ്യവും വിടാതെ മുന്നേറുകയാണു്. ക്രിയാത്മകമായി വലിയ കാര്യങ്ങൾ അദ്ദേഹം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണു് ഈ വിഷയത്തിൽ. ആദ്യനൂററാണ്ടുകളിൽ സഭയിൽ നിലനിന്ന ആരാധന ക്രമങ്ങളും രീതികളും തങ്ങിനിൽക്കുന്ന പൌരസ്ത്യറീത്തുകളെ അദ്ദേഹം കൂടുതൽ മതിക്കുന്നുണ്ടു്. ബോംബെയിൽ നടന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യ കാൺഗ്രസ് വേളയിൽ പൌരസ്ത്യ റീത്തുകളിലൊന്നായ മലങ്കര സുറിയാനി റീത്തിലെ വിശുദ്ധ കുർബാനയിൽ ആദ്യന്തം അദ്ദേഹം ഭക്തിനിർ

ഭരമായി പങ്കുകൊള്ളുകയും സവിശേഷം ശ്രദ്ധിക്കുകയും ചെയ്തു എന്നതു് ഇതിനൊരുദാഹരണം മാത്രമാണു്. അദ്ദേഹത്തിന്റെ പ്രഗത്ഭവും പരിപക്വവുമായ നേതൃത്വത്തിൽ സഭ ആദ്യനൂററാണ്ടുകളിലെ ആരാധന രീതിയിലേക്കും ക്രിസ്തീയ സ്നേഹത്തിലേക്കും നീങ്ങുകയാണു് ഇപ്പോൾ.

വിശുദ്ധിയുള്ളവരും പണ്ഡിതന്മാരുമായ ആധുനിക മാർപ്പാപ്പാമാരെല്ലാവരും ക്രിസ്തീയ സഭകളുടെ പുനഃരൈക്യത്തിനുവേണ്ടി വളരെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. അവരെല്ലാവരും തിരുസഭയിലെ വിവിധ റീത്തുകളെ ഒരുപോലെ സ്നേഹിക്കുകയും സമഭാവേന വീക്ഷിക്കുകയും ചെയ്തിട്ടുള്ളവരാണു്. റീത്തുകളുടെ മനോജ്ഞത മനസ്സിലാക്കുന്നവർ പൌരസ്ത്യ സഭകളുടെ പുനഃരൈക്യത്തിനു വേണ്ടി ആവേശത്തോടെ കൊതിക്കും.

'പൌരസ്ത്യരുടെ മാർപ്പാപ്പാ' എന്നറിയപ്പെടുന്ന സുഭഗസ്മരണാർഹനായ പതിനൊന്നാം പിയൂസ്, 1928 സെപ്റ്റംബർ 8-ാം തീയതി പ്രസിദ്ധപ്പെടുത്തിയ "Rerum Orientalium" എന്ന ചാക്രീക ലേഖനത്തിൽ, പൌരസ്ത്യ സഭകളെ പ്രത്യേകിച്ചു് പൌരസ്ത്യ റീത്തുകളെക്കുറിച്ചു് വിദ്യാർത്ഥികൾക്കു പഠിക്കുവാൻ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും എല്ലാ കോളേജുകളിലും സെമ്മിനാരികളിലും നൽകണമെന്നു് ലോകത്തിലുള്ള എല്ലാ വൈദീക മേലദ്ധ്യക്ഷന്മാരോടും സന്യാസ സഭാശ്രേഷ്ഠന്മാരോടും ആവശ്യപ്പെടുന്നുണ്ടു്.

Here are his beautiful words: "By turning minds and hearts of the students towards doctrines and Rites not a little profit is to be expected for the Church– Profit not only to the advantage of the Orientials but also for the Western clergy themselves. The latter will, in fact, obtain a more adequate knowledge of catholic theology and of Latin theological disciplines, while conceiving a more ardent love for the true Bride of Christ, whose enchanting comeliness, and unity in the diversity of the various Rites, will shine forth more clearly in their eyes."

## പൌരസ്ത്യരുടെ പൌരാണികത്വം

ആദ്യത്തെ പത്തു നൂററാണ്ടുകളിൽ ഏകദേശം ഇരുപതു പൌരസ്ത്യ മാർപ്പാപ്പാമാർ (Syrian and Greek Popes) തിരുസഭയെ ഭരിച്ചിട്ടുണ്ടു്. സഭാചരിത്രത്തിന്റെ ആദ്യതാളുകൾ പലർക്കും അജ്ഞാതമായിരിക്കും. പിന്നീടുള്ള നൂററാണ്ടുകളിൽ പാശ്ചാത്യരായ മാർപ്പാപ്പാമാരാണു് സഭയെ ഭരിച്ചിട്ടുള്ളതു്. പക്ഷെ, ക്രിസ്തുവിന്റെ സഭ കിഴക്കനുമല്ല, പടിഞ്ഞാറനുമല്ല; അതു സാർവ്വത്രികമാണു്. പണ്ഡിതനായ ഫാദർ എഡ്വേർഡ് ഇ. ഫിൻ എസ്സ്. ജെ. യുടെ മനോഹരമായ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ: **"The Church of Christ is neither Western nor Latin, Since it is of its nature Catholic, that is universal, and non-European in origin".**

ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ, നാം ഇപ്പോൾ കാണുന്ന വിവിധ റീത്തുകൾ രൂപം കൊള്ളുന്നതിനു മുൻപു്, സഭയിൽ അനുഷ്ഠിച്ചിരുന്ന മതകർമ്മങ്ങളുടെയെല്ലാം ഉറവിടം കിഴക്കുനിന്നാണു് (**of Eastern origin**). അന്നു സഭയിൽ ഔദ്യോഗികമായി ഉപയോഗിച്ചിരുന്ന പ്രധാന ഭാഷ ഗ്രീക്കായിരുന്നു. ഗ്രീക്കിലും സുറിയാനിയിലുമായിരുന്നു സഭയിലെ വിലപ്പെട്ട രേഖകൾ അന്നു കറക്കൂടാതെ സൂക്ഷിച്ചിരുന്നതു്. മതശുശ്രൂഷകളെല്ലാം മുഖ്യമായി ഈ രണ്ടു ഭാഷകളിൽ അനുഷ്ഠിച്ചു പോന്നു. മൂന്നാം നൂററാണ്ടിനുശേഷമാണു് ലത്തീൻഭാഷ സഭയിൽ പ്രാബല്യത്തിൽ വന്നതു്. സഭാചരിത്രത്തിൽ കാണുന്ന ഈ യാഥാർത്ഥ്യങ്ങളെ നിഷേധിക്കുന്നതു് ബുദ്ധിപൂർവ്വകമല്ലല്ലോ.

അടുത്തകാലത്തു സഭ ക്രോഡീകരിച്ചു പ്രസിദ്ധീകരിച്ച കാനോൻ നിയമത്തിൽ (**for orientals**) പൌരസ്ത്യറീത്തുകളെ അവർ വളരെയധികം ആദരിക്കുന്നുണ്ടു്: **"Religiously, let the Oriental Rites be**

preserved, for, by their venerabel antiquity they not only add to the beauty of the Spouse of Christ, but also attest to the divine one-ness of the Catholic Faith" (Canon I, Tittle I, "De Personis")

### റീത്തുകൾ

കത്തോലിക്കാസഭയിൽ പന്ത്രണ്ടു ഭാഷകളിലായി ഇരുപതു റീത്തുകളാണു് ഇന്നുള്ളതു്. തിരുസഭയിൽ തത്ഫലമായി ഇരുപതു രീതിയിൽ, പന്ത്രണ്ടു ഭാഷകളിൽ വിശുദ്ധ കർബാന അനുദിനം അർപ്പിക്കപ്പെടുന്നു: ഭാരതത്തിൽ മൂന്നു റീത്തുകൾ മാത്രമാണുള്ളതു്; ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര, ഇവയിൽ ലത്തീൻ, പാശ്ചാത്യവും മററു രണ്ടും പൌരസ്ത്യവുമാണു്.

എല്ലാ ജാതിക്കാരേയും ഭാഷക്കാരേയും ക്രിസ്തുവിൻെറ സഭ ഉൾക്കൊള്ളേണ്ടതാകയാൽ ഇനിയും പുതിയ റീത്തുകളു, അതതു ജനവിഭാഗങ്ങളുടെ ഭാഷയിൽ മതകർമ്മങ്ങളും രൂപംകൊള്ളുവാൻ സാദ്ധ്യതകളുണ്ടു്. കത്തോലിക്കാ തിരുസഭയുടെ വിശാലവിശാലതയും സംസ്കാരവുമാണു് അതു തെളിയിക്കുന്നതു്. ഏതു രാജ്യത്തിൻെറയും ഏതു ജാതിയുടേയും ആചാരമര്യാദകളേയും സംസ്കാരത്തേയും തിരുസഭ അംഗീകാരം ആദരിക്കയും സ്വാഗതം ചെയ്കയും ചെയ്യുന്നുണ്ടു്. അവൾക്കു് ഒരു ലക്ഷ്യം മാത്രമേയുള്ളു, ക്രിസ്തുവിൻെറ സ്വർഗ്ഗീയ സന്ദേശം സമസ്തജനങ്ങളും അറിഞ്ഞനുവർത്തിക്കുക. ഭാഷയും വേഷവും രീതികളുമൊന്നും അതിനു പ്രതിബന്ധമല്ല. കത്തോലിക്കാസഭയുടെ കവിഞ്ഞൊഴുകുന്ന രമണീയത ഇവിടെയാണു നാം കാണുന്നതു്.

### മതത്തിൻെറ കാതൽ

പെന്തിക്കൊസ്തിദിനത്തിലാണല്ലോ ക്രിസ്തുമതം യഥാർത്ഥത്തിൽ ഭൂമുഖത്തു് സംജാതമാകുന്നതു്. എന്നാൽ, അതിനു മുമ്പുതന്നെ താൻ വിഭാവനചെയ്ത മതത്തിനു് ക്രിസ്തു രൂപം കൊടുത്തുകൊണ്ടിരുന്നു. പരസ്യജീവിതകാലത്തു് ക്രിസ്തു തൻെറ ശിഷ്യന്മാരെ ആ മതസത്യങ്ങൾ (CREED) പഠിപ്പിച്ചു. തന്നെ അനുഗമിക്കുന്ന എല്ലാവരും അവ വിശ്വസിച്ചനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതുപോലെതന്നെ ക്രിസ്തു അവർക്കു് ഒരു ധർമ്മസംഹിതയും (CODE) നൽകി മനുഷ്യജീവിതത്തെ മനോഹരമായി ക്രമീകരിച്ചു ശുദ്ധീകരിക്കുന്ന ഒരു പട്ടക്കൂടാണതു്. കൂടാതെ, ദൈവത്തിനു് എങ്ങനെ ആരാധന (CULT) നൽകണമെന്നും ക്രിസ്തു അവരെ പഠിപ്പിച്ചു. ബലി അഥവാ കാഴ്ച സമർപ്പിക്കലാണു് ആരാധനയുടെ പ്രധാന ഭാഗം. മതസത്യങ്ങൾ, ധർമ്മസംഹിത, ആരാധന ഇവയാണല്ലോ മതത്തിൻെറ കാതൽ.

സ്വർഗ്ഗാരോഹണത്തിനു മുൻപായി ക്രിസ്തു തൻെറ വാത്സല്യശിഷ്യന്മാർക്കു് സമസ്തയധികാരവും കൊടുത്തു, മനുഷ്യരെ പഠിപ്പിക്കുവാനും ഭരിക്കുവാനും, വിശുദ്ധീകരിക്കുവാനും. തദനന്തരം തൻെറ മതം എല്ലാവർക്കും എത്തിച്ചുകൊടുക്കുവാൻ ക്രിസ്തു അവരെ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും അയച്ചു. എവിടെയെല്ലാം അവർ പോയിരുന്നോ—കിഴക്കും പടിഞ്ഞാറും വടക്കും തെക്കും—അവിടെയെല്ലാം ക്രിസ്തുവിൻെറ ഒരേ വിശ്വാസസത്യങ്ങളും (the same Creed), ഒരേ ധർമ്മസംഹിതയും (the same Code), ഒരേ ആരാധനയും (the same Cult) അവർ സംഭാവന ചെയ്തു.

### റീത്തുകളുടെ ഉറവിടം

അങ്ങിനെ നൂററാണ്ടുകൾ പലതു കഴിഞ്ഞു. ക്രിസ്തുമതം പടർന്നു പന്തലിച്ചു. ക്രിസ്തുവിൻെറ മതസത്യങ്ങൾക്കോ (Creed), ധർമ്മസംഹിതയ്ക്കോ (Code), യാതൊരു വ്യതിയാനവും സംഭവിച്ചില്ല. എന്നാൽ, സ്ഥലവും കാലവും ഭാഷയും ആചാരങ്ങളുമെല്ലാം ക്രമേണ ക്രിസ്തു പഠിപ്പിച്ച ആരാധനയുടെ (CULT) രീതിയിലും വിധത്തിലും ചില വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടിരുന്നു. പക്ഷെ, ആരാധനയുടെ കാതലായ ഭാഗം ഒരുപോലെ നിലനിന്നു എല്ലാ സ്ഥലത്തും. അതായതു്, ഒരേ ബലിയും, ഒരേ കൂദാശകളും. എന്നാൽ, അവ അനുഷ്ഠിക്കുന്ന രീതിയിൽ മാത്രം വ്യത്യാസം വന്നു. ഇങ്ങനെയാണു് കത്തോലിക്കാസഭയിൽ വിവിധ റീത്തുകൾ ഓരോ കാലഘട്ടങ്ങളിൽ രൂപംകൊണ്ടതു്.

## ഏകത്വത്തിൽ വിവിധത്വം

ഒരു റീത്തിൽ ദിവ്യകാരുണ്യനാഥനായ കർത്താവിനെ വിശ്വാസികൾ മുട്ടുവഴക്കി ആരാധിക്കുമ്പോൾ, മറ്റൊന്നിൽ കൈകൾ നെഞ്ചത്തു കൂപ്പി ശിരസ്സും ഉദരവും കുനിച്ച് അത്യാദരപൂർവ്വം വണങ്ങുന്നു. ഒന്നിൽ വിശ്വാസികൾ നിന്നുകൊണ്ട് വി. കുർബാന സ്വീകരിക്കുമ്പോൾ, വേറൊന്നിൽ മുട്ടിന്മേൽ നിന്നാണ് സ്വീകരിക്കുന്നത്. ഒരിടത്ത് പുളിപ്പിച്ച അപ്പം വി. കുർബാനയ്ക്ക് ഉപയോഗിക്കുമ്പോൾ മറ്റൊരിടത്ത് പുളിപ്പില്ലാത്ത അപ്പമാണ്. മതകർമ്മങ്ങൾ നടത്തുവാൻ ഒരു കൂട്ടർ ലത്തീൻ ഭാഷ ഉപയോഗിക്കുമ്പോൾ, മററു പലർ സുറിയാനി, ഗ്രീക്ക്, മലയാളം മുതലായ ഭാഷകൾ ഉപയോഗിക്കുന്നു. ചിലതിൽ, മതകർമ്മങ്ങൾക്കു നീണ്ട കാപ്പ ധരിക്കുമ്പോൾ, മററു ചിലതിൽ മുറിക്കാപ്പയാണ്. ഇങ്ങനെ കൊച്ചു കൊച്ചു ബാഹ്യവ്യത്യാസങ്ങ(accidental differences)ളോടുകൂടിയ വിവിധ റീത്തുകളാണ് തിരുസഭയിലുള്ളത്. വിവിധത്വത്തിൽ ഏകത്വവും, ഏകത്വത്തിൽ വിവിധത്വവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന മനോഹരമായ കാഴ്ച! എല്ലാ റീത്തുകാർക്കും ഒരേയൊരു പരമാധികാരി മാത്രം! അതു മാർപ്പാപ്പായാണ്. എല്ലാവർക്കും വിശ്വാസസത്യങ്ങളും, ധർമ്മങ്ങളും, ആരാധനയും ഒന്നുതന്നെ! ഇപ്രകാരം വിവിധ റീത്തുകളാകുന്ന മനോജ്ഞപുഷ്പങ്ങൾ നിറഞ്ഞ പുണ്യാരാമമാണ് കത്തോലിക്കാസഭ.

## റീത്തുകളുടെ ലക്ഷ്യവും സഭയുടെ വിശാലതയും

ജനലക്ഷങ്ങളെ തിരുസഭയിലേക്കാകർഷിക്കുവാൻ മാത്രമല്ല, തിരുസഭ പുതിയ റീത്തുകൾക്ക് അനുവാദവും രൂപവും കൊടുക്കുന്നത്, അവയുടെ സൗന്ദര്യവും സംസ്കാരവും കാതോലികത്വവും ലോകം ഗ്രഹിക്കുന്നതിനും കൂടെയാണ്. പണ്ഡിതനായ റവ. അല്ലൻമല്യൂഫ് M. A. യുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്, "The Catholic church values all her Rites objectively and encourges them to flourish in the frame work of ecclesiastical learn ing in order to enhance Catholic Culture. All the Rites of the Catholic Church are considered equal and worthy of participating in the progress of converting the world. They are, in fact, living examples of the Catholicity of the Church."

ബൃഹത്തായ സഭയും അവളുടെ പരമാദ്ധ്യക്ഷന്മാരും റീത്തുകളുടെ പവിത്രത സംരക്ഷിക്കുവാനും അവയെ വളർത്തിടുക്കുവാനും അങ്ങേയററം ശ്രമിക്കുകയാണ്. പക്ഷേ, ഇക്കാലത്തുമുണ്ട് റീത്തുകളെ അവജ്ഞയോടു വീക്ഷിക്കുന്നവർ. അതാണ് ലജ്ജാവഹം! ആരെങ്കിലും ഏതെങ്കിലും റീത്തിനെ അവജ്ഞയോടു വീക്ഷിക്കുന്നുവെങ്കിൽ അത്തരക്കാരുടെ കടുത്ത അജ്ഞതയ്ക്ക് അനുവാചകർ മാപ്പുനൽകട്ടെ!

അംഗസംഖ്യ കൂടുതലുള്ള റീത്തുകളുണ്ട് തിരുസഭയിൽ. അവയുടെ നിസ്തുല സേവനങ്ങൾ സഭയ്ക്കു മുതൽക്കൂട്ടാണ്, സംശയമില്ല. പക്ഷേ അവയിലെ ചില അംഗങ്ങൾ ചിന്തിച്ചുപോയേക്കാം സഭ അവരുടേതു മാത്രമാണെന്ന്. കത്തോലിക്കാസഭ ഒരു റീത്തിന്റെയും കുത്തകയല്ല. അവൾ എല്ലാ റീത്തുകളേയും ഒരുപോലെ പരിഗണിക്കുകയും കറയററവിധം സ്നേഹിക്കയും ചെയ്യുന്ന വത്സല മാതാവാണ്. അവിസ്മരണീയനും, പ്രഗത്ഭനും, വിശാലമനസ്കനുമായ 15-ാം ബനഡിക്ററു മാർപ്പാപ്പായുടെ മനോഹര വാക്കുകൾ നാം പലപ്പോഴും ചിന്തിക്കുന്നതു കൊള്ളാം. Here are wounderful words, "The Church of Jesus Christ is neither Latin nor Greek nor Slav, but Catholic; accordingly she makes no difference between her children, and Greeks, Latins, Slavs and members of all other nations are equal in the eyes of the Apostolic See"

("Dei Providentis" May 11, 1917).

അതിനാൽ പ്രഥമവും പ്രധാനവുമായി എല്ലാ റീത്തുകളിൽ പെട്ടവരും കത്തോലിക്കാ

ണെന്നുള്ള അടിസ്ഥാനപരമായ തത്വത്തിൽ മുറുകെപ്പിടിച്ചു്, ആരിലെങ്കിലും എവിടെയെങ്കിലും തങ്ങിനില്ക്കുന്ന സൗന്ദര്യപ്പിണക്കങ്ങളെ വലിച്ചെറിഞ്ഞു്, ഒന്നിച്ചു നിന്നു്, ക്രിസ്തുനാഥൻ ഹൃദയം നൊന്തു ദാഹിച്ച ഐക്യത്തിനുവേണ്ടി ഉദാരമായി ഊർജ്ജസ്വലമായി, വസ്തുനിഷ്ഠമായി പ്രവൃത്തിക്കേണ്ട കാലഘട്ടമാണിതു്. അന്ത്യത്താഴ സമയം ക്രിസ്തു പരമപിതാവിനോടു പ്രാർത്ഥിച്ചതു് ഐകരൂപ്യത്തിനുവേണ്ടിയല്ല (not for uniformity), ഐക്യത്തിനുവേണ്ടി (but for unity), യാണു്. അതു തന്നെയാണു് സഭയുടെ ആഗ്രഹവും അരുപിയും. ഈ യാഥാർത്ഥ്യം മനസ്സിലാക്കി, എല്ലാ റീത്തുകളിൽപെട്ടവരും ഒററക്കെട്ടായി സംഘടിച്ചു നിന്നു് നമ്മിൽ നിന്നു് വേർപെട്ടുനില്ക്കുന്ന നമ്മുടെ ക്രിസ്തീയ സഹോദരലക്ഷങ്ങളെ തിരുസഭാമാതാവിന്റെ പാവനമടിത്തട്ടിലേക്കാനയിക്കയും ക്രിസ്തുവിനെ ഇനിയും അറിയാത്ത ജനവ്യൂഹത്തെ തന്റെ സ്വർഗ്ഗീയ പ്രകാശത്തിലേക്കു് വഴിനടത്തുകയും ചെയ്യാം.

---

(32-ാം പേജിന്റെ തുടർച്ച)

## ആസന്നമായ പൊതുതിരഞ്ഞെടുപ്പു്

കേന്ദ്രങ്ങൾ അതിനെ ചെവിക്കൊണ്ടില്ല. കമ്മ്യൂണിസ്റ്റുകളോടുള്ള മനോഭാവത്തിലും ഈ കേന്ദ്രങ്ങൾ മററുള്ളവരുടെ ബുദ്ധിയുപദേശം സ്വീകരിക്കുകയില്ലെന്നു വ്യക്തമായിട്ടുണ്ടു്. രാജ്യദ്രോഹികളെ തിരഞ്ഞെടുപ്പിനു നില്ക്കാൻ അനുവദിക്കുന്നതു ജനാധിപത്യത്തിന്റെ പേരിലാണെങ്കിൽ അവർ തിരഞ്ഞെടുപ്പിൽ ജയിച്ചാൽ ജനാധിപത്യത്തിന്റെ പേരിൽതന്നെ അവരെ ജയിലിൽനിന്നു മോചിപ്പിക്കേണ്ടിവരികയില്ലേ? ഇല്ലെങ്കിൽ അതിന്റെ പേരിൽ പ്രക്ഷോഭണമുണ്ടാക്കി പാർട്ടിയെ അവർ ശക്തിപ്പെടുത്തുകയില്ലേ? ഇതെല്ലാം സാധാരണക്കാർക്കു കാണാൻ കഴിയുന്നുണ്ടു് കോൺഗ്രസ് നേതാക്കന്മാർക്കു കഴിയുന്നില്ല. വലതുപക്ഷ കമ്മ്യൂണിസ്റ്റുകളോടുള്ള പ്രീണനനയംമൂലം കമ്മ്യൂണിസ്റ്റു പാർട്ടിയെ ഇൻഡ്യയിൽ വളരാൻ അനുവദിക്കുകയല്ലേ കേന്ദ്രഗവണ്മെൻറു് ചെയ്യുന്നതു? ചലതും ഇടതുംകൂടെ യോജിക്കുമ്പോൾ ഗവണ്മെൻറു് എന്തുചെയ്യും? റഷ്യയും ചൈനയുംകൂടെ യോജിക്കുമ്പോഴും നമ്മുടെ ഗതി എന്തായിരിക്കും? ഈ ചോദ്യങ്ങളെല്ലാം കേരള തിരഞ്ഞെടുപ്പിൽ പ്രസക്തങ്ങളാണു്. ഒരുവശത്തുകൂടെ കമ്മ്യൂണിസ്റ്റു പാർട്ടിയെ വളരാൻ സഹായിക്കുകയും മറുവശത്തുകൂടെ കമ്മ്യൂണിസ്റ്റു വിരോധികളായ ക്രിസ്ത്യാനികൾക്കു തങ്ങൾ മാത്രമാണഭയം എന്നു ഭാവിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയെ എങ്ങനെയാണു് കണ്ണുമടച്ചു് ആശ്രയിക്കുക? ഏതുതിന്മയും കോൺഗ്രസ് ശുപാർശ ചെയ്താൽ സ്വീകാര്യമാണെന്നു പറയാൻ നിർവ്വാഹമില്ലല്ലൊ.

C. A. A.

---

## അറിയിപ്പു്

ക്രൈസ്തവകാഹളത്തിന്റെ മാർച്ചു്—ഏപ്രിൽ ലക്കങ്ങൾ ഒരുമിച്ചു്. ഏപ്രിൽ ആദ്യത്തെ വാരത്തിൽപ്രസിദ്ധം ചെയ്യുന്നതായിരിക്കും.

മാനേജർ.

# രൂപതാതിരൂപതാവാർത്തകൾ

## അഭിവന്ദ്യ തിരുമേനിയുടെ നാമകാരണത്തിരുനാൾ ആഘോഷങ്ങൾ

തിരുവനന്തപുരം മെത്രാപ്പോലീത്തായായ നി. വ ദ. മ. ശ്രീ ബനഡിക്‌റ്റു മാർ ഗ്രീഗോറിയോസ്സ് മെത്രാപ്പോലീത്തായുടെ നാമകാരണത്തിരുനാൾ ജനുവരി 11-ാതീയതി അരമനയിൽവച്ചു് ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ഇതു പ്രമാണിച്ചു് തലേദിവസമായ ഞായറാഴ്ച അതിരൂപതയില്ലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബ. വൈദികന്മാർ, കന്യാസ്ത്രീകൾ തിരുവനന്തപുരത്തെ പൌരമുഖ്യന്മാർ എന്നിവർ അരമനയിലെത്തി വന്ദ്യ പിതാവിനു് മംഗളങ്ങൾ ആശംസിച്ചു. വൈകിട്ടു് 3 മണിയ്ക്കു് അരമന അങ്കണത്തിൽ വച്ചു നടത്തിയ തേയില സൽക്കാരത്തിൽ 150 ഓളം മഹതീമഹാന്മാർ സംബന്ധിച്ചു. തലസ്ഥാനത്തെ ഉദ്യോഗസ്ഥപ്രമുഖന്മാർ വിവിധ സഭകളിൽപ്പെട്ട വൈദികന്മാർ എന്നിവർക്കു പുറമേ തിരുവനന്തപുരം സി. എസ്സ്. ഐ. ബിഷപ്പ് ഡോക്‌റ്റർ ലഗ്ഗും ഇതിൽ സംബന്ധിച്ചിരുന്നു. അഭിവന്ദ്യ പിതാവിനെ അനുമോദിച്ചും ആശംസകൾ നേർന്നുകൊണ്ടും തിരുവനന്തപുരം ഇൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ മി. കെ. സി. ചാക്കോ പ്രസംഗിച്ചു. വന്ദ്യ പിതാവു് സമുചിതമായ മറുപടി പ്രസംഗം നടത്തി.

തിങ്കളാഴ്ച രാവിലെ വന്ദ്യപിതാവു് ആഘോഷമായ വി. കുർബാന കത്തീഡ്രലിൽ അർപ്പിച്ചു. 150-ൽപ്പരം ബാലികാബാലന്മാർ ആദ്യകുർബാനസ്വീകരണം നടത്തി. ഉച്ചയ്ക്കു നടന്ന ലഞ്ചിന്റെ അവസരത്തിൽ അഭിവന്ദ്യപിതാവിനെയും പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന റവ. ഫാദർ സക്കറിയാസ്സ ചങ്ങങ്കരി, തോമസ്സ് ആമ്പശ്ശേരി, തോമസ്സ് ഇഞ്ചെയ്ക്കലോടി എന്നിവരേയും അനുമോദിച്ചുകൊണ്ടു് മാർ ഈവാനിയോസ്സ് കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ഗീവറുഗീസ്സ് പണിക്കർ പ്രസംഗിച്ചു.

വൈകിട്ടു നാലരമണിക്കു് പട്ടം സെൻറു മേരീസ്സ് സ്കൂൾ ഓഡിറേറാറിയത്തിൽ വച്ചു് അനുമോദനയോഗം നടത്തപ്പെട്ടു. പരിശുദ്ധ സിംഹാസനത്തിൽനിന്നും ഷവലിയർ സ്ഥാനം ലഭിച്ച ശ്രീ. ജോർജ്ജ് വറുഗീസ്സ് കണ്ണന്താനം B. A. B. L. അവർകളും സന്നിഹിതനായിരുന്നു. അനുമോദനപ്രസംഗങ്ങൾ അഞ്ചൽ കോളേജ് പ്രിൻസിപ്പൽ വെരി. റവ. ഫാദർ ഫിലിപ്പ് പന്തോളിൽ ശ്രീ. എൻ. ജി. ഫിലിപ്പ് എന്നിവർ നടത്തി. അഭിവന്ദ്യ പിതാവും ജൂലിയേറിയരായ ബഹുമാനപ്പെട്ട വൈദികന്മാരും ഷവലിയാർ കണ്ണന്താനവും മറുപടി പ്രസംഗങ്ങൾ ചെയ്തു. ഇടയ്ക്കിടയ്ക്കു് വിവിധ കലാപരിപാടികൾ നടത്തപ്പെട്ടിരുന്നു. മാർപ്പാപ്പാമംഗളത്തോടുകൂടെ അനുമോദനയോഗം സമംഗളം സമാപിച്ചു.

മൂന്നാംമൂറ്റ് തിരുക്കുടുംബദൈവാലയത്തിന്റെ മധ്യസ്ഥതിരുനാൾ ജനുവരി 7 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ ആഘോഷപൂർവം കൊണ്ടാടപ്പെട്ടിരിക്കുന്നു. എല്ലാ ദിവസങ്ങളിലും റവ. ഫാദർ ചെറിയാൻ പണിക്കർ ധ്യാനപ്രസംഗങ്ങൾ നടത്തി. 10-ാം തീയതി റൈററ്. റവ. മോൺ. C. T കുരുവിള ദിവ്യബലിയർപ്പിക്കുകയും റവ. ഫാദർ ഇഗ്നേഷ്യസ് O. I. C പ്രസംഗിക്കുകയും ചെയ്തു. നാടകങ്ങളും ഇതരകലാപരിപാടികളും പെരുനാളിനു മോടി കൂട്ടി.

കാഞ്ഞിരംപാറ ഇടവകയുടെ മധ്യസ്ഥനായ വി. അന്തോനീസിന്റെ തിരുനാൾമഹം ഫെബ്രുവരി 12, 13, 14-ഈ തീയതികളിൽ സാഘോഷം കൊണ്ടാടപ്പെടുന്നതാണ്. റവ. ഫാദർ ജേക്കബ് കിഴക്കേടം പ്രസംഗിക്കും. നാടകങ്ങളും മററു കലാപരിപാടികളും ഉണ്ടായിരിക്കും.

വാളകം പള്ളിയിൽ മൂന്നു നോമ്പിനോടനുബന്ധിച്ചു ഒരു കൺവൻഷൻ വിജയകരമായി നടത്തിയിരിക്കുന്നു. അഭിവന്ദ്യതിരുമേനി, വന്ദ്യ റമ്പാച്ചൻ, റവ. ഫാദർ ജോർജ്ജ് മൂത്തേരിൽ, ഏബ്രഹാം ശാസ്ത്രി എന്നിവർ പ്രസംഗിച്ചു നല്ല ഒരു ജനക്കൂട്ടം കൺവൻഷനിൽ സംബന്ധിച്ചു.

Registered No: K. 405.

## തിരുവല്ലാരൂപത

റവ. ഫാദർ വറുഗീസ് തോമ്പ്രയുടെ പരിശ്രമഫലമായി തിരുവല്ലാരൂപതയുടെ കീഴിൽ പെരുമ്പാവൂർ പട്ടണത്തിൽ പുതുതായി പണിതിരിക്കുന്ന ദൈവാലയത്തിൻെറ കൂദാശകർമ്മം ഫെബ്രുവരിമാസം 1—ം 2—ം തീയതികളിൽ തിരുവല്ലാമെത്രാൻ നി. വ. ദി. ശ്രീ സഖറിയാസ് മാർ അത്തനാസിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും എറണാകുളം ആർച്ചു ബിഷപ്പ് മാർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെയും കോതമംഗലം ബിഷപ്പ് മാർ മാത്യു പോത്തനാംമുഴി തിരുമനസ്സിലെയും മഹനീയ സാന്നിധ്യത്തിലും നിരവധി വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടിരിക്കുന്നു. ഇതോടനുബന്ധിച്ച് ശ്രീ. വി.ററി. തോമസ്, ശ്രീ ഇ. ഐ. ജേക്കബ് എന്നിവരുടെ സുവിശേഷപ്രസംഗങ്ങളും ഉണ്ടായിരുന്നു. അഭിവന്ദ്യ തിരുമേനിമാർക്ക് പെരുമ്പാവൂർ മുൻസിപ്പാലിററി വകയായി ഒരു വമ്പിച്ച സ്വീകരണം നൽകപ്പെടുകയുണ്ടായി.

## തിരുവനന്തപുരം അതിരൂപതാ കതീഡ്രൽ ദൈവാലയത്തിൻെറ കൂദാശാ കർമ്മം

### കാര്യപരിപാടി

**ഫെബ്രുവരി 21 ഞായർ**

6 p. m. സന്ധ്യാപ്രാർത്ഥന, കൂദാശയുടെ ആദ്യഭാഗം. രാത്രി മുഴുവൻ ജാഗരണപ്രാർത്ഥന.

**ഫെബ്രുവരി 22 തിങ്കൾ**

10 a. m. to 11. 30 a. m. പട്ടക്കാർ, സന്യാസിസമൂഹങ്ങൾ, സൺഡേസ്കൂൾ അദ്ധ്യാപകർ മുതലായവരുടെ പ്രത്യേക കോൺഫറൻസുകൾ.

1–30 p. m. to 3 p. m പൊതുസമ്മേളനം

4 p. m. അഭിവന്ദ്യതിരുമേനിമാർക്കു സ്വീകരണം.

4 p. m. to 7-30 p. m. ദൈവാലയകൂദാശ വി. കർബാന.

8 p. m. to 10 p. m ഭക്ഷണം.

10 p. m വിവിധകലാപ്രകടനങ്ങൾ, വെടിക്കെട്ട്.(Donated)

**ഫെബ്രുവരി 23 ചൊവ്വ**

7. a m. കതീഡ്രൽ ദൈവാലയത്തിൻെറ പണിയിൽ സഹകരിച്ചിട്ടുള്ള ഏവരേയും സ്മരിച്ചുകൊണ്ടുള്ള സ്തോത്രശുശ്രൂഷയും വി. കർബാനയും.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*